# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

OCTOBER 2025 | Vol - 5 ● Issue - 10 ● 16 Page Tabloid | www.syromalabarvision.com

ഇന്ന് ലോകത്തിന്റെ ശ്രദ്ധാപാത്രമായിരിക്കുന്ന രണ്ടു ചെറുപ്പക്കാരുണ്ട്. പീഠത്തിൽ കൊളുത്തിവച്ച ദീപം പോലെ പ്രകാശിക്കുന്നവർ. വിശുദ്ധ കാർലോ അക്വിറ്റിസും വിശുദ്ധ പിയർ ജോർജ്ജോ ഫ്രസാത്തിയും. പതിനഞ്ചും ഇരുപത്തിനാലും വയസിൽ മൺമറഞ്ഞുപോയ ആ ജീവിതങ്ങൾക്ക് എന്തൊരു തെളിച്ചമാണ്! നമുക്ക് പരിചിതമായിട്ടുള്ള ഭൂരിപക്ഷം വിശുദ്ധരിൽ നിന്നും അമ്പേ വ്യത്യസ്തരാണവർ. അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് അതിശയോക്തികൾ ഒന്നും പ്രകടിപ്പിക്കാതിരുന്നവർ.

വിശുദ്ധിയുടെ പുതിയ വാതായനങ്ങളാണ് സ്വജീവിതത്തിലൂടെ ഇരുവരും തുറന്നിട്ടിരിക്കുന്നത്. വിശുദ്ധിയെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകളാണ് ഇരുവരും അവതരിപ്പിച്ചത്. പുതിയ കാലത്തിനും പുതിയ ലോകത്തിനും പുതിയ ദിശാബോധം സമ്മാനിക്കാൻ ഹ്രസ്വമായ ജീവിതകാലയളവിൽ അവർക്ക് സാധിച്ചിരിക്കുന്നുവെന്നതിലാണ് നാം അവരോട് കൃതജ്ഞതയുള്ളവരായിരിക്കേണ്ടത്.

അവനും അവൾക്കും വിശുദ്ധരാകാമെങ്കിൽ എന്തുകൊണ്ട് എനിക്ക് വിശുദ്ധനോ വിശുദ്ധയോ ആയിക്കൂടാ എന്ന ചോദ്യമാണ് ഈ ജീവിതങ്ങളിലൂടെ കടന്നുപോകുമ്പോൾ ഓരോ യുവജനങ്ങളുടെയും മനസ്സിലുണ്ടാവേണ്ടത്. വർത്തമാനകാലത്തിൽ സാധാരണപോലെ ജീവിക്കുമ്പോഴും അസാധാരണ ജീവിതം നയിക്കാനും ദൈവേഷ്ടപ്രകാരം ജീവിക്കാനുമുള്ള സാധ്യതകൾ ഉണ്ടെന്നും കാർലോയും ഫ്രസാത്തിയും നമുക്ക് പറഞ്ഞുതരുന്നുണ്ട്.

ഉദാഹരണങ്ങൾ ഏറെയുള്ളപ്പോഴും മാതൃകകൾ കുറഞ്ഞുവരുന്ന ഇക്കാലത്ത് മാതൃകയായി യുവജനങ്ങൾക്ക് മുമ്പിൽ പ്രതിഷ്ഠിക്കാൻ അർഹതയുള്ള ഈ ജീവിതങ്ങളെയാണ് സീറോമലബാർ വിഷന്റെ ഈ ലക്കം പ്രത്യേകമായി അവതരിപ്പിക്കുന്നത്. യുവജനപ്രസ്ഥാനങ്ങളുമായി സഹകരിക്കുന്ന രണ്ടുപേരാണ് കാർലോയുടെയും ഫ്രസാത്തിയുടെയും ജീവിതത്തെ അപഗ്രഥനവിധേയമാക്കുന്നത് എന്നതും ശ്രദ്ധേയം.



# ഇവിടെ തുടങ്ങാം കാർലോയിസം

**വിപിൻ ജോസഫ്**

**നവമാധ്യമങ്ങളെയും അവയുടെ അനുബന്ധസാധ്യതകളെയും മാറ്റിനിർത്തി ഇനിയൊരു ജീവിതം ഇക്കാലത്ത് അസാധ്യമാണ്. അത് തിരിച്ചറിയുന്നിടത്താണ് എങ്ങനെ ഈ സാധ്യതകളെ പക്വമായി കൈകാര്യം ചെയ്യാം എന്ന് വി. കാർലോ അക്വിറ്റസ് സ്വജീവിതത്തിലൂടെ കാണിച്ചുതന്ന മാതൃക അനേകം യുവജനങ്ങളെ പ്രചോദിപ്പിക്കുന്നത്.**

2025-ാം ആണ്ടിന്റെ അവസാനപാദത്തിലൂടെ സഞ്ചരിക്കുമ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന യുവജനമുന്നേറ്റങ്ങൾക്കെല്ലാം മുൻ അനുഭവങ്ങളിലേതിൽ നിന്ന് വ്യത്യസ്തമായൊരു മാനമുണ്ടെന്നതിന് ലോകം സാക്ഷിയാകുന്നു. നീതി നിഷേധിക്കുന്ന ഭരണവിഭാഗത്തെ രാവിരുട്ടി വെളുക്കുമ്പോൾ താഴെയിറക്കുവാനും സാംസ്കാരിക ക്രമീകരണം എന്ന വാക്കിനെ മാറ്റിനിർത്തി ലോകരാജ്യങ്ങളിലൂടെ നടക്കുന്ന കുടിയേറ്റങ്ങൾക്കും ഒരു കാലഘട്ടം ദുഷ്ക്കരം എന്ന് തലക്കെട്ട് കൊടുത്തതിനെയൊക്കെയും നിഷ്പ്രയാസം എന്ന ഹാഷ് ടാഗിലേക്ക് തിരുത്തി എഴുതുവാനും ഈ ജെൻസി കാലഘട്ടത്തിന് സാധിക്കുന്നു എന്നത് നവമാധ്യമ സംസ്കൃതി രൂപപ്പെടുത്തുന്ന അനന്തസാധ്യതയാണെന്നതിന് തർക്കമില്ല.

സിറിയോ ജെമിനിയോ കേമം എന്ന് ചർച്ച ചെയ്യുന്ന പൊതുയിടങ്ങളിൽ; 'സാമൂഹിക മാധ്യമത്തിലെ ചതിക്കുഴി' എന്ന ക്ലീഷേ വാചകത്തിന് പ്രസക്തിയില്ലാതാവുന്നു. ഇവിടെ പരിശുദ്ധ കത്തോലിക്ക സഭ വിശുദ്ധനായി പ്രഖ്യാപിച്ച കാർലോ അകിറ്റസിന്റെ ജീവിതം യുവജനങ്ങൾക്ക് ദിശാസൂചികയാണ്. നവമാധ്യമങ്ങളെയും അവയുടെ അനുബന്ധസാധ്യതകളെയും മാറ്റിനിർത്തി ഇനിയൊരു ജീവിതം ഇക്കാലത്ത് അസാധ്യമാണ്. അത് തിരിച്ചറിയുന്നിടത്താണ് എങ്ങനെ ഈ സാധ്യതകളെ പക്വമായി കൈകാര്യം ചെയ്യാം എന്ന് വി. കാർലോ അകിറ്റസ് സ്വജീ

ശേഷം പേജ് 4-ൽ

# പിയർ ജോർജ്ജോ ഫ്രസാത്തിയും ലോട്ടസ് ഇഫക്ടും

**പലവിധത്തിലുള്ള മാലിന്യങ്ങൾ പരന്നിരിക്കുന്ന വർത്തമാനകാലത്തിൽ യുവജനങ്ങൾക്ക് വിശുദ്ധജീവിതം സാധ്യമാണോ?**
**നവവിശുദ്ധനായ ജോർജ്ജോ ഫ്രസാത്തിയുടെ ജീവിതത്തിലുടെ ഒരു ധ്യാനസഞ്ചാരം.**

**ആൻ സെബാസ്റ്റ്യൻ**

'21-ാം നൂറ്റാണ്ടിന്റെ വിശുദ്ധരാകാൻ ശ്രമിക്കൂ'. 2018-ൽ പെറു സന്ദർശിക്കുന്നതിനിടെ ഫ്രാൻസിസ് മാർപാപ്പ യുവജനങ്ങളോട് പറഞ്ഞ വാക്കുകളാണിത്. ലോകമെമ്പാടുമുള്ള കത്തോലിക്കാ വിശ്വാസികൾക്കിടയിൽ 21-ാം നൂറ്റാണ്ടിന്റെ വിശുദ്ധർ എങ്ങനെയാകണമെന്ന ചർച്ചകൾക്ക് ഈ വാക്കുകൾ വഴിതെളിച്ചു. ഈ ചർച്ചയുടെ ഉത്തരമാണ് 2025 സെപ്റ്റംബർ ഏഴാം തീയതി ലെയോ പതിനാലാമൻ പാപ്പ നടത്തിയ പിയർ ജോർജ്ജോ ഫ്രസാത്തിയുടെ വിശുദ്ധ പദവി പ്രഖ്യാപനം.

1901 ഏപ്രിൽ ആറിന് ഇറ്റലിയിലെ ടൂറിനിൽ ജനിച്ച പിയർ ജോർജ്ജോ ഫ്രസാത്തി തന്റെ ഹ്രസ്വമായ ജീവിതംവഴി ചുറ്റുമുള്ളവരിൽ അതുല്യമായ ക്രിസ്തുമുദ്ര പതിപ്പിച്ച ശ്രദ്ധേയനായ ഒരു യുവ കത്തോലിക്കനായിരുന്നു. സ്വായത്തമാക്കിയ ആഴമായ വിശ്വാസവും ദരിദ്രരോട് കാണിച്ച അനുകമ്പയും പലപ്പോഴും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ആധ്യാത്മികവീക്ഷണത്തിന് വിരുദ്ധമായിരുന്നു. ഏറെ അറിയപ്പെടുന്ന പത്രപ്രവർത്തകന്റെ മകന്, ഇറ്റലിയിലെയും ജർമനിയിലെയും ഉന്നതരാഷ്ട്രീയാധികാരികളെ പരിചയമുള്ള അദ്ദേഹത്തിന് വലിയ പദവികൾ വഹിക്കാമായിരുന്ന ജോലി ലഭിക്കുമായിരുന്നിട്ടും ജോർജിയോ തിരഞ്ഞെടുത്തത് മൈനിംഗ് എഞ്ചിനീയറിംഗ് ആയിരുന്നു. കാരണം ഏറ്റവും പാവപ്പെട്ട മനുഷ്യരായ ഖനിതൊഴിലാളികളെ സഹായിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം.

മനുഷ്യരോടുള്ള ഫ്രസാത്തിയുടെ പ്രതിബദ്ധതയുടെ അടിസ്ഥാനം അവന്റെ ആഴമായ ദൈവഭക്തിയായിരുന്നു. തന്റെ സുഹൃത്തുക്കളുമായി പങ്കിടാൻ ആഴത്തിലുള്ള ആത്മീയജീവിതം വികസിപ്പിച്ചെടുത്ത അദ്ദേഹം

ശേഷം പേജ് 4-ൽ

## എഡിറ്റോറിയൽ

# വിശുദ്ധരും വിശുദ്ധിയും: പുതിയ നിർവചനങ്ങളും മാതൃകകളും

ക്രൈസ്തവസഭയുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നത്, വിശുദ്ധി ഒരു പ്രത്യേക വിഭാഗത്തിനുമാത്രം നൽകിയ അനുഗ്രഹമല്ല, ദൈവം ഓരോ കാലത്തും സാധാരണ മനുഷ്യരിൽനിന്നു വിശുദ്ധരെ ഉയർത്തി സഭയ്ക്കും ലോകത്തിനും വഴികാട്ടികളാക്കിത്തരുന്നുവെന്നതാണ്. നമ്മുടെ കാലഘട്ടത്തിലും സഭയിലൂടെ ദൈവം സമ്മാനിച്ചിരിക്കുന്ന രണ്ടു മഹത്തായ യുവവിശുദ്ധരായ കാർലോ അക്ക്യൂറ്റിസും പിയർ ജോർജ്ജോ ഫ്രസാത്തിയും ഇന്നത്തെ വിശ്വാസികൾക്കു മാത്രമല്ല, മനുഷ്യകുലത്തിനാകെത്തന്നെ ഒരു പ്രചോദനമാണ്.

2006ൽ വെറും 15 ാം വയസ്സിൽ തന്റെ ഭൗമികജീവിതം അവസാനിപ്പിച്ച കാർലോ അക്ക്യുറ്റിസ്, വിശുദ്ധ കുർബാന സ്വർഗത്തിലേക്കുള്ള ഹൈവേയാണ് എന്നു പറഞ്ഞുകൊണ്ട് വിശുദ്ധ കുർബാനയുടെ കേന്ദ്രസ്ഥാനത്തെ ലോകത്തിനുമുമ്പിൽ ഉയർത്തിക്കാണിച്ചു. കമ്പ്യൂട്ടറുകളും ഇന്റർനെറ്റും കൈവശമുണ്ടായിരുന്നെങ്കിലും അവയെ വിനോദത്തിനും പ്രായോഗിക ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കാതെ, ദൈവത്തിന്റെ മഹത്വം പ്രഘോഷിക്കാനും വിശുദ്ധ കുർബാനയുടെ അത്ഭുതങ്ങൾ ലോകമെമ്പാടുമുള്ളവർക്ക് പരിചയപ്പെടുത്താനുമാണ് അദ്ദേഹം വിനിയോഗിച്ചത്. കാർലോ നമ്മെ പഠിപ്പിക്കുന്നത് പരിശുദ്ധി വയസ്സിന്റെ കാര്യമല്ലെന്നും ദൈവത്തെ സ്നേഹിക്കുന്ന ഹൃദയംതന്നെയാണ് അതിന്റെ അടിസ്ഥാനം എന്നുമാണ്. വിശുദ്ധ കുർബാനയുമായി ദിനംപ്രതി ബന്ധപ്പെട്ടു ജീവിച്ചിരുന്ന കാർലോ തന്റെ ജീവിതത്തിലൂടെ തെളിയിച്ചതു, ക്രിസ്തുവിന്റെ സാന്നിധ്യം നമ്മുടെ സാധാരണ ജീവിതത്തിലും ഡിജിറ്റൽ ലോകത്തിലും സജീവമാക്കാമെന്നതാണ്; അതു സാധാരണ ജീവിതത്തിന്റെ സന്തോഷങ്ങളെ തടസപ്പെടുത്തുന്നില്ല എന്നും.

വിശുദ്ധ പിയർ ജോർജ്ജോ ഫ്രസാത്തിയുടെ ജീവിതമന്ത്രം "verso l'alto മുകളിലേക്ക്' എന്നതായിരുന്നു. മലകയറലും സുഹൃത്തുക്കളുമൊത്ത് കളിയും അദ്ദേഹത്തിന്റെ യുവജീവിതത്തിന്റെ ഭാഗമായിരുന്നെങ്കിലും, ഏറ്റവും വലിയ സന്തോഷം അദ്ദേഹം കണ്ടെടുത്തത് ദരിദ്രരോടൊപ്പം കരുണയോടെ ഇടപെട്ടുകൊണ്ടാണ്. ദൈവത്തോട് അടുപ്പവും മനുഷ്യരോടുള്ള കരുണയും അദ്ദേഹത്തിന്റെ ജീവിതത്തെ മഹത്വവൽക്കരിച്ചു. ഇരുപതാം വയസ്സിൽ തന്നെ വിടപറഞ്ഞുവെങ്കിലും ഫ്രസാത്തി ഇന്നും ലോകത്തെ പഠിപ്പിക്കുന്നത് യുവജീവിതം സേവനത്തിലൂടെയും സ്നേഹത്തിലൂടെയും സാമൂഹികനീതിയിലൂടെയും മഹത്വവൽക്കരിക്കപ്പെടണം എന്നതാണ്.

ഇന്നത്തെ കാലത്ത് യുവജനങ്ങൾ പലവിധ ആകർഷണങ്ങളാലും പരീക്ഷണങ്ങളാലും ദൈവത്തിൽനിന്നും ആത്മീയജീവിതത്തിൽനിന്നും അകന്നുപോകുന്ന സാഹചര്യമാണുള്ളത്. നമ്മുടെ സമൂഹം ഇന്ന് ഉപഭോഗവാദം, സ്വാർത്ഥത, സുഖാന്വേഷണം എന്നിവ കൊണ്ടു വിഴുങ്ങപ്പെടുമ്പോൾ, വേഗതയേറിയ ജീവിതശൈലിയും സാങ്കേതികവിദ്യയുടെ അതിരുകടന്ന ഉപയോഗവും ആസ്വാദനത്തെയും ലൗകികവിജയത്തെയും മാത്രം കണക്കിലെടുക്കുന്ന സംസ്കാരവും പലരെയും ദൈവാനുഭവത്തിൽ നിന്ന് വിട്ടുമാറാൻ പ്രേരിപ്പിക്കുന്നു. പ്രാർത്ഥനയും വിശുദ്ധ കുർബാനയും ആത്മീയചിന്തകളും ഒഴിവാക്കി, സാമൂഹിക മാധ്യമങ്ങളുടെയും ഉപഭോഗവാദത്തിന്റെയും ലോകത്തു കുടുങ്ങിപോകുന്ന ഈ അവസ്ഥയിൽ, ലോകത്തിലായിരുന്നുകൊണ്ടുതന്നെ എപ്രകാരം വിശുദ്ധരായി ജീവിക്കാമെന്ന് ഈ വിശുദ്ധർ നമ്മെ പഠിപ്പിക്കുന്നു. കാർലോയും ഫ്രസാത്തിയും നമ്മോടു പറയുന്നത് വിശുദ്ധ കുർബാനയെ ജീവിതത്തിന്റെ ഹൃദയമാക്കാനും, ഡിജിറ്റൽ ലോകത്ത് വിശ്വാസത്തിന്റെ സാക്ഷ്യംനൽകാനും ദരിദ്രരോടും ദുരിതാനുഭവിക്കുന്നവരോടും കരുണകാണിക്കാനുമാണ്. അവരുടെ ഈ സന്ദേശം നമ്മുടെ കാലഘട്ടത്തിലെ ക്രൈസ്തവജീവിതത്തിനു പ്രായോഗികമായ ദിശാബോധം നല്കുന്നു.

അവരുടെ മാതൃക പിന്തുടർന്ന്, നമ്മുടെ കുടുംബങ്ങളും യുവജനങ്ങളും സമൂഹവും വിശ്വാസത്തിൽ പുതുചൈതന്യം സ്വീകരിക്കട്ടെ. വിശുദ്ധ പൗലോസ് തന്റെ പ്രിയ ശിഷ്യനായ തിമൊത്തെയോസിനു നൽകുന്ന ഉപദേശം നമുക്കെല്ലാവർക്കും പ്രത്യേകിച്ച് യുവജനങ്ങൾക്കുമുള്ളതാണ്: 'ആരും നിന്റെ പ്രായക്കുറവിന്റെ പേരിൽ നിന്നെ അവഗണിക്കാൻ ഇടയാകരുത്. വാക്കുകളിലും പെരുമാറ്റത്തിലും സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും നീ വിശ്വസികൾക്കു മാതൃകയായിരിക്കുക' (1 തിമോ 4 :12 ). ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**സഹ രക്ഷാധികാരി**
മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, കൂരിയ ബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**എക്സിക്യൂട്ടിവ് എഡിറ്റർ**
ഫാ. ടോം ഓലിക്കരോട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ സി. നവ്യ ടോം DST
ഡോ. ചാക്കോ കാളംപറമ്പിൽ സി. റോസ്മിത SMC
ഡോ. കൊച്ചുറാണി ജോസഫ് സി. ജെസ്സി മരിയ OP
**ഡിസൈൻ & പ്രിന്റ്**: ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്**: ജോബ് ജോസഫ്
For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

## ഓർമിക്കാനൊരു ദിനം

**ഒക്ടോബർ 1:** മാർ തോമസ് തുരുത്തിമറ്റം, (2006) മാർ ജേക്കബ് മുരിക്കൻ (2012) എന്നീ മെത്രാന്മാരുടെ അഭിഷേകം

വിശുദ്ധ കൊച്ചുത്രേസ്യ

**ഒക്ടോബർ 2:** കാവൽമാലാഖമാർ

**ഒക്ടോബർ 4:** മാർ ഡൊമിനിക് കോക്കാട്ട് മെത്രാന്റെ അഭിഷേകം (1984)

വിശുദ്ധ ഫ്രാൻസിസ് അസ്സീസി

**ഒക്ടോബർ 6:** മാർ ജോസഫ് കുന്നത്ത് മെത്രാന്റെ അഭിഷേകം (1999)

**ഒക്ടോബർ 7:** ജപമാലരാജ്ഞി

**ഒക്ടോബർ 9:** ദൈവദാസൻ മാർ മാത്യു കാവുകാട്ട് മെത്രാപ്പോലീത്തായുടെ ചരമം (1969)

മാർ ജോസഫ് സ്രാമ്പിക്കൽ മെത്രാന്റെ അഭിഷേകം (2016)

മാർ ജോസഫ് കൊല്ലംപറമ്പിൽ മെത്രാന്റെ അഭിഷേകം (2022)

മാർ തോമസ് പാടിയത്ത് മെത്രാന്റെ അഭിഷേകം (2022)

**ഒക്ടോബർ 15:** ആവിലായിലെ വിശുദ്ധ ത്രേസ്യ

**ഒക്ടോബർ 16:** വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ

**ഒക്ടോബർ 17:** അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ്

**ഒക്ടോബർ 18:** മാർ ആന്റണി കരിയിൽ മെത്രാന്റെ അഭിഷേകം (2015)

വിശുദ്ധ ലൂക്കാ സുവിശേഷകൻ

**ഒക്ടോബർ 19:** മിഷൻ ഞായർ

**ഒക്ടോബർ 22:** മാർ ജോൺ വടക്കേൽ മെത്രാന്റെ അഭിഷേകം (2009)

വിശുദ്ധ ജോൺ പോൾ രണ്ടാമൻ

**ഒക്ടോബർ 24:** മാർ എഫ്രേം നരികുളം മെത്രാന്റെ അഭിഷേകം (2014)

**ഒക്ടോബർ 25:** മാർ ജോസഫ് അരുമച്ചാടത്ത് മെത്രാന്റെ അഭിഷേകം (2007)

**ഒക്ടോബർ 28:** മാർ ജോസഫ് പണ്ടാരശ്ശേരി മെത്രാന്റെ അഭിഷേകം (2006)

വിശുദ്ധ ശിമയോൻ, വിശുദ്ധ യൂദാ തദേവൂസ് ശ്ലീഹന്മാർ

**ഒക്ടോബർ 29:** മാർ പ്രിൻസ് പാണേങ്ങാടൻ മെത്രാന്റെ അഭിഷേകം (2015)

## നാമഹേതുകതിരുനാൾ മംഗളങ്ങൾ

ഒക്ടോബർ 1



മാർ റെമിജീയൂസ് ഇഞ്ചനാനിയിൽ

വഴികാട്ടികൾ

# പുവത്തിയേയിലെ വി. ഹിലരി

റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം



പാശ്ചാത്യ റോമാസാമ്രാജ്യത്തിലെ ഗോൾ പ്രവിശ്യയിലുള്ള പുവത്തിയേ (Poitiers) എന്ന സ്ഥലത്ത് നാലാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ജനിക്കുകയും ഏഡി 353 മുതൽ ആ പട്ടണത്തിന്റെ മെത്രാനാവുകയും ഏഡി 369–ൽ അവിടെവച്ചുതന്നെ ഇഹലോകവാസംവെടിയുകയും ചെയ്ത ഒരു സഭാപിതാവാണ് പുവത്തിയേയിലെ വിശുദ്ധ ഹിലരി. അദ്ദേഹം വിജാതീയ മാതാപിതാക്കളിൽ നിന്നാണ് ജനിച്ചതെന്നും വി.ഗ്രന്ഥവായന ക്രിസ്തുമതത്തിലേക്ക് അദ്ദേഹത്തെ ആകർഷിച്ചുവെന്നും അഭിപ്രായപ്പെടുന്ന ചരിത്രകാരന്മാരുണ്ട്.

ആര്യനിസത്തിനെതിരെ ശക്തമായ നിലപാടെടുത്ത അലക്സാണ്ട്രിയായിലെ വി. അത്തനേഷ്യസിനെ തള്ളിപ്പറയാൻ തയ്യാറായില്ല എന്ന കാരണത്താൽ ഏഡി 356–ൽ ബക്സിയേയിൽ (Begiers) കൂടിയ കൗൺസിലിൽ വച്ച് കോൺസ്റ്റാൻസിയൂസ് രണ്ടാമൻ ചക്രവർത്തി പോയിത്തിയേയിലെ മെത്രാനായിരുന്ന വി.ഹിലരിയെ ഫ്രീജിയായിലേക്ക് നാടുകടത്തി. (അക്കാലത്ത് ആര്യൻ ചക്രവർത്തിയാൽ നാടുകടത്തപ്പെട്ടവരുടെ ഒരു നീണ്ട പട്ടിക സുൾപ്പിച്ചിയൂസ് സെവേരൂസ് അവതരിപ്പിക്കുന്നുണ്ട്.– Chronicon II, 39). ഈ വിപ്രവാസകാലത്താണ് അദ്ദേഹം തന്റെ പ്രശസ്തമായ കൃതികൾ രചിച്ചതെന്ന് വി.ജെറോം സാക്ഷ്യപ്പെടുത്തുന്നു. (De Viris Illusteibus 100). ആര്യൻസിനെതിരെ പന്ത്രണ്ടുപുസ്തകങ്ങളിലായി എഴുതിയ ഗ്രന്ഥമാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഫ്രീജിയായിൽ വച്ച് പൗരസ്ത്യ എഴുത്തുകാരുടെ പ്രത്യേകിച്ച് ഒരിജന്റെ കൃതികൾ വായിച്ചതും ആര്യനിസത്തിന്റെ അർഥശൂന്യത അടുത്തറിഞ്ഞതും ഈ ഗ്രന്ഥരചനയിൽ അദ്ദേഹത്തെ സഹായിച്ചു. ഗോളിലെമെത്രാന്മാർക്കായി സെലൂഷ്യ, റിമിനി കൗൺസിലുകളുടെ പശ്ചാത്തലത്തിൽ എഴുതിയ കൗൺസിലുകളെക്കുറിച്ച് എന്ന ഗ്രന്ഥവും വിപ്രവാസകാലത്തെ സൃഷ്ടിയാണ്.

ഫ്രീജിയായിലായിരുന്ന കാലത്ത് ചക്രവർത്തിയുടെ നിർദേശപ്രകാരം ഏഡി 359–ൽ സെലൂഷ്യായിൽ കൂടിയ മെത്രാന്മാരുടെ സിനഡിൽ അദ്ദേഹം പങ്കെടുത്തു. (Chronicon II, 45). അതേവർഷം തന്നെ ഇറ്റലിയിലെ റിമിനിയിൽ വിളിച്ചുചേർക്കപ്പെട്ട പാശ്ചാത്യമെത്രാന്മാരുടെ സിനഡ് ആര്യൻവിശ്വാസപ്രമാണം അംഗീകരിച്ചപ്പോൾ ആ മെത്രാന്മാരോട് പരസ്യസംവാദത്തിനായി ചക്രവർത്തിയോട് അദ്ദേഹം അനുവാദം ചോദിച്ചു. അത് നിഷേധിക്കപ്പെട്ടുവെങ്കിലും സ്വന്തം രൂപതയിലേക്ക് മടങ്ങിവരാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ഏഡി 361–ൽ പാരീസിൽ കൂടിയ ഗോൾ പ്രവിശ്യയിലെ മെത്രാന്മാരുടെ കൗൺസിലിൽ ആര്യൻ വിരുദ്ധനിലപാടുകൾക്ക് അദ്ദേഹം നേതൃത്വം നല്കി.

ആര്യനിസത്തിനെതിരായ പോരാട്ടങ്ങൾക്കുള്ള അംഗീകാരമായി 'പാശ്ചാത്യസഭയുടെ അത്തനേഷ്യസ്', 'ആര്യനിസത്തെ തകർക്കുന്ന കൂടം' എന്നീ അഭിധാനങ്ങൾ അദ്ദേഹത്തിന് നല്കപ്പെട്ടു. 1851–ൽ അദ്ദേഹത്തെ വേദപാരംഗതനായി പ്രഖ്യാപിച്ചുകൊണ്ട് ഒമ്പതാം പീയൂസ് പാപ്പ പാഷണ്ഡതയ്ക്കെതിരായ പോരാട്ടത്തിന് സഭയുടെ ഔദ്യോഗിക അംഗീകാരം നല്കി. ■

# വിശുദ്ധിയിലൂടെ സമാധാനത്തിലേക്ക്

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ





ദൈവത്തിന് നമ്മെക്കുറിച്ചുള്ള ആഗ്രഹവും സ്വപ്നവും നാം ഓരോരുത്തരും വിശുദ്ധരായിത്തീരണം എന്നതാണ്. അശുദ്ധിയിലേക്കല്ല വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത് (1 തെസ 4:7) എന്നാണല്ലോ പൗലോസ് അപ്പസ്തോലൻ നമ്മെ ഓർമ്മിപ്പിക്കുന്നതും. പക്ഷേ നമ്മളിൽ എത്രപേർ എനിക്കൊരു വിശുദ്ധനാകണം അല്ലെങ്കിൽ വിശുദ്ധയാകണം എന്ന് ആഗ്രഹിക്കാറുണ്ട്? വിശുദ്ധിയുള്ളവരായി മാറ്റണേയെന്ന് പ്രാർഥിക്കാറുണ്ട്?

ജീവിതത്തിൽ പല നിയോഗങ്ങൾക്കുവേണ്ടി പ്രാർഥിക്കുമ്പോൾ വിശുദ്ധരാകാൻ വേണ്ടി പ്രാർഥിക്കുന്നവരുടെ എണ്ണം വളരെ കുറവാണെന്ന് തോന്നുന്നു. ഇതിന് നമ്മെ പ്രേരിപ്പിക്കുന്നത് വിശുദ്ധിയെക്കുറിച്ചുള്ള നമ്മുടെ സങ്കല്പങ്ങൾ വ്യത്യസ്തമാണ് എന്നതാണ്. അല്ലെങ്കിൽ വിശുദ്ധിയെക്കുറിച്ച് നമ്മൾ പല തെറ്റായ ധാരണകളിലും കുടുങ്ങിക്കിടക്കുകയാണ്. അതിന് കുറ്റംപറയാനുമാവില്ല. കാരണം വിശുദ്ധരായി നാം വണങ്ങുന്ന പല ജീവിതങ്ങളും നമുക്ക് നല്കുന്ന ചിത്രം അത്തരത്തിലുള്ളതാണ്.

ഭാരതത്തിലെ അല്മായരുടെ മധ്യസ്ഥനായി പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പ പ്രഖ്യാപിച്ചിരിക്കുന്ന വിശുദ്ധ ദേവസഹായം പിള്ളയെ പോലെയുള്ള ജീവിതങ്ങൾ തന്നെ ഉദാഹരണം. ശാരീരികവും മാനസികവുമായ പല വേദനകളിലൂടെയും പീഡനങ്ങളിലൂടെയും കടന്നുപോയതിന് ശേഷമാണ് ദേവസഹായത്തെ പോലെയുള്ളവർ വിശുദ്ധപദം പ്രാപിച്ചത്. ആദിമ നൂറ്റാണ്ടുകളിലുണ്ടായിരുന്ന രക്തസാക്ഷിത്വവും മതപീഡനങ്ങളുടെ പശ്ചാത്തലവുമൊക്കെ അനേകരുടെ വിശുദ്ധപദത്തിന് കാരണമായി മാറിയിട്ടുണ്ട്.

എന്നാൽ പുതിയ കാലത്തിലെത്തുമ്പോൾ അത്തരം ധാരണകളെയൊക്കെ നമുക്ക് മാറ്റിയെഴുതേണ്ടതായി വരുന്നു. പുതിയ കാലത്തിന് അനുസരിച്ച് വിശുദ്ധിയെക്കുറിച്ചുള്ള സങ്കല്പങ്ങളും തിരുത്തിയെഴുതുന്നതിനാണ് നാം ഇപ്പോൾ സാക്ഷിയായിരിക്കുന്നത്. അതിന്റെ ഏറ്റവും മികച്ച തെളിവാണ് കഴിഞ്ഞമാസം ലെയോ പതിനാലാമൻ പാപ്പ വിശുദ്ധപദവിയിലേക്കുയർത്തിയ കാർലോയും ഫ്രസാത്തിയും. കൗമാരക്കാരനും യുവാവുമായിരുന്ന ഈ വിശുദ്ധ ചെറുപ്പക്കാർ നമുക്ക് നല്കുന്ന പ്രതീക്ഷ വളരെ വലുതാണ്.

ഈ ലോകത്തിൽ ജീവിക്കുമ്പോൾതന്നെ ഈ ലോകത്തിന്റേതല്ലാത്ത വിധത്തിൽ ജീവിച്ചവരായിരുന്നു ഇരുവരും. ചുറ്റുപാടുകളിലേക്കല്ല, ഫ്രസാത്തിയുടെ വാക്കുകൾ കടമെടുത്തുപറഞ്ഞാൽ 'ഉയരങ്ങളിലേക്ക്', 'ഉന്നതങ്ങളിലേക്ക്' നോക്കിയാണ് നാം ജീവിക്കേണ്ടതെന്നാണ് ഇവർ നമുക്കു പറഞ്ഞുതരുന്നത്. ആധുനികസാങ്കേതികവിദ്യകളെ ദൈവത്തിനു വേണ്ടി, സുവിശേഷത്തിന്റെ വ്യാപനത്തിനുവേണ്ടി വിനിയോഗിക്കണം എന്നാണ് കാർലോയുടെ ജീവിതത്തിൽ നിന്ന് കിട്ടുന്ന മറ്റൊരു സൂചന.

കാർലോ ജീവിച്ചിരുന്നപ്പോൾ എന്നതിനെക്കാളേറെ ഇന്ന് സാങ്കേതികവിദ്യയിൽ വൻകുതിച്ചുച്ചാട്ടങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. എഐ പോലെയുള്ള സാങ്കേതികവിദ്യകളുടെ വികാസം നമ്മെ അമ്പരപ്പിക്കുന്ന വിധത്തിലുള്ളതാണ്. ലോകത്തിന്റെ നന്മയ്ക്കും സുവിശേഷത്തിന്റെ വളർച്ചയ്ക്കും വേണ്ടി ഈ സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കണം. എന്നാൽ ഖേദത്തോടെ പറയട്ടെ പലപ്പോഴും ഇത്തരം വിദ്യകളെ തിന്മയ്ക്കും മറ്റുള്ളവരുടെ ദോഷത്തിനും വേണ്ടി വിനിയോഗിക്കുന്നവരാണ് കൂടുതൽ. സോഷ്യൽ മീഡിയായിലൂടെ ആർക്കെതിരെയും എന്തും പറയാമെന്ന, ഏതു ആരോപണവും ഉന്നയിക്കാമെന്ന അവസ്ഥ സംജാതമായിരിക്കുന്നത് അത്യന്തം ഞെട്ടലുളവാക്കുന്നതാണ്. ഇത്തരം കാര്യങ്ങളിൽ ഒരു വീണ്ടുവിചാരവും തിരുത്തും ഉണ്ടാവാൻ വിശുദ്ധ കാർലോയുടെ ജീവിതം നമുക്ക് മാതൃകയാകണം.

ഒക്ടോബർ നമ്മെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രധാനപ്പെട്ട മാസമാണല്ലോ? നമ്മുടെ വീടുകളിലും ദേവാലയങ്ങളിലും സന്യാസസമൂഹങ്ങളിലും കൂട്ടായ്മകളിലുമൊക്കെ കൂടുതലായി ജപമാല ചൊല്ലി പ്രാർഥിക്കുന്ന അവസരം. പരിശുദ്ധപിതാവ് ലെയോ പാപ്പ ഈ മാസത്തെ നമ്മുടെ ജപമാല പ്രാർത്ഥനകളുടെ പ്രത്യേകനിയോഗമായി ആവശ്യപ്പെട്ടിരിക്കുന്നത് സമാധാനത്തിനായി ജപമാല ചൊല്ലി പ്രാർഥിക്കണമെന്നാണ്. സഭയിലും സമൂഹത്തിലും അസമാധാനം വർധിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പാപ്പയുടെ ആഹ്വാനത്തിന് കൂടുതൽ പ്രസക്തിയുണ്ട്. സമാധാനരാജ്ഞിയെന്നും നാം മാതാവിനെ വിളിക്കാറുണ്ടല്ലോ? ഒക്ടോബറിലെ നമ്മുടെ ജപമാല പ്രാർഥനയിലൂടെ എല്ലാവിധത്തിലുള്ള സമാധാനക്കേടുകളുടെയും അരൂപികളെ പരിശുദ്ധ അമ്മ നിർവീര്യമാക്കുമെന്ന് നമുക്ക് ഉറച്ചുവിശ്വസിക്കാം. നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾക്കൊപ്പം സമാധാനത്തിനുവേണ്ടിയും പ്രാർഥിക്കാൻ മറക്കരുത്. അതോടൊപ്പം തന്നെ വിശുദ്ധിക്കുവേണ്ടിയും നമുക്കു പ്രാർഥിക്കാം. സഭ കൂടുതൽ വിശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്. നാം ഓരോരുത്തരും കൂടുതലായി വിശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്. വിശുദ്ധീകരണത്തിലൂടെ സമാധാനത്തിലേക്ക് നമുക്ക് കടന്നുചെല്ലാൻ കഴിയട്ടെ. ■

**സമാധാനരാജ്ഞിയെന്നും നാം മാതാവിനെ വിളിക്കാറുണ്ടല്ലോ? ഒക്ടോബറിലെ നമ്മുടെ ജപമാല പ്രാർഥനയിലൂടെ എല്ലാവിധത്തിലുള്ള സമാധാനക്കേടുകളുടെയും അരൂപികളെ പരിശുദ്ധ അമ്മ നിർവീര്യമാക്കുമെന്ന് നമുക്ക് ഉറച്ചുവിശ്വസിക്കാം. നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾക്കൊപ്പം സമാധാനത്തിനുവേണ്ടിയും പ്രാർഥിക്കാൻ മറക്കരുത്.**

കൂരിയബിഷപ്പിന്റെ സന്ദേശം

# ഹൃദയപൂർവം

ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ



കൂരിയ ബിഷപ്പിന്റെ സന്ദേശം എന്ന പേരിൽ സീറോമലബാർ വിഷനുവേണ്ടി ഞാൻ എഴുതിയിരുന്ന പംക്തി ഈ ലക്കത്തോടെ അവസാനിക്കുകയാണ്. 2025 ഒക്ടോബർ 19-ന് കല്യാൺ അതിരൂപതയിൽ വൈദികമേലധ്യക്ഷശുശ്രൂഷ ആരംഭിക്കുന്നതോടെ കൂരിയ ബിഷപ്പ് എന്ന നിലയിലുള്ള എന്റെ ഔദ്യോഗിക ശുശ്രൂഷ നിർവഹണത്തിന് വിരാമമാകും. 2014 സെപ്തംബർ 12-ന് സീറോമലബാർ മേജർആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായിൽ വൈസ് ചാൻസലറുടെ ജോലി നിർവഹിക്കാനാണ് മേജർആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് എന്നെ വിളിച്ചത്.

2017 സെപ്തംബർ ഒന്നിന് കൂരിയായുടെ ദ്വിതീയ മെത്രാനായി സഭാസിനഡ് എന്നെ തിരഞ്ഞെടുത്തു. ഇതേവർഷം നവംബർ 12-ന് കർദിനാൾ ആലഞ്ചേരിപിതാവ് എന്നെ മെത്രാനായി അഭിഷേകംചെയ്തു. അന്നുമുതൽ ഇന്നുവരെ ഈ ശുശ്രൂഷാനിർവഹണത്തിലാണ് ഞാൻ ഏർപ്പെട്ടിരുന്നത്.

രണ്ടു മേജർആർച്ചുബിഷപ്പുമാരുടെ കൂടെ ജീവിക്കാനും അവരുടെ ശുശ്രൂഷകളിൽ പങ്കുചേരാനും കഴിഞ്ഞത് വലിയ ദൈവാനുഗ്രഹമായി പരിഗണിക്കുന്നു. സ്വയംമറന്ന് സഭയെക്കുറിച്ച് മാത്രം ചിന്തിക്കാൻ പരിശ്രമിക്കുന്ന ഈ രണ്ടുവലിയ പിതാക്കന്മാരുടെ മാതൃക അനുകരണീയമാണ്.

എല്ലാ കത്തുകൾക്കും ഫോൺകോളുകൾക്കും മറുപടി കൊടുക്കാനുള്ള ഒരു പ്രത്യേകനിഷ്ഠ ആലഞ്ചേരി പിതാവിനുണ്ടായിരുന്നു. ഇതൊരു സുവിശേഷവൽക്കരണമാണെന്ന് പിതാവ് പലപ്പോഴും പറയാറുണ്ടായിരുന്നു. പിതാവിന്റെ മറുപടികൾ കിട്ടിയതിലുള്ള സന്തോഷം മറ്റുള്ളവർ പങ്കുവച്ചുസംസാരിക്കുന്നത് കേൾക്കുമ്പോൾ ഇതു ശരിയാണെന്ന് ഞാനും മനസ്സിലാക്കിയിട്ടുണ്ട്. പിതാവിന്റെ ബന്ധുക്കളോ പരിചയക്കാരോ സഭാശുശ്രൂഷയിൽ ഏതെങ്കിലുംവിധത്തിൽ പിതാവിനെ സഹായിച്ചിട്ടുള്ളവരോ മരണമടഞ്ഞാൽ അവരുടെ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി അനുശോചനകത്തുകൾ എഴുതിയിരുന്ന പിതാവിന്റെ ശൈലി എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. സാമ്പത്തികബുദ്ധിമുട്ടുള്ള വ്യക്തികളെക്കുറിച്ച് അറിയാൻ ഇടയാകുമ്പോൾ അവരെ സഹായിക്കാനുള്ള ഉദാരമനസ്ഥിതി പിതാവിനുണ്ടായിരുന്നു. വ്യക്തികളെയും സ്ഥലങ്ങളെയും സംഭവങ്ങളെയും ഓർത്തിരിക്കാനും സൂക്ഷ്മമായി നിരീക്ഷിച്ചുവിലയിരുത്താനും പിതാവിനുള്ള കഴിവ് അപാരമാണ്.

ഹൃദയനൈർമ്മല്യവും ദൈവാശ്രയബോധവും ഏവരെയും ചേർത്തുപിടിച്ചുനിർത്താനുള്ള കഴിവും ഉള്ള ഒരു വലിയ ഇടയനാണ് ഇപ്പോഴത്തെ മേജർആർച്ചുബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽപിതാവ്. പിതാവിന്റെ വചനവ്യാഖ്യാനങ്ങൾ കേൾക്കാൻ ആളുകൾ ഓടിക്കൂടാറുണ്ട്. സെമിനാരിവിദ്യാർഥിയായിരുന്ന കാലത്തും പൗരോഹിത്യശുശ്രൂഷയിലുടനീളവും ഇപ്പോൾ വൈദികമേലധ്യക്ഷ ശുശ്രൂഷയിലും സുവിശേഷപ്രഘോഷണം എന്ന ദൗത്യനിർവഹണത്തിന് പരമപ്രാധാന്യം നല്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. റഫായേൽ എന്ന പേരിന്റെ അർഥം 'ദൈവം സുഖപ്പെടുത്തി' എന്നാണ്. അഭിവന്ദ്യ തട്ടിൽപിതാവ് ഈ സൗഖ്യദായകശുശ്രൂഷയിൽ താല്പര്യപൂർവം വ്യാപരിക്കുന്ന വ്യക്തിയാണ്. ആരോടും പിണങ്ങുന്ന സ്വഭാവം പിതാവിനില്ല. മാത്രവുമല്ല പിണക്കമോ പരിഭവമോ ഉള്ളവരെ രമ്യപ്പെടുത്താനും മുറിപ്പെട്ട മനസ്സുകളിൽ സാന്ത്വനത്തിന്റെയും സനേഹത്തിന്റെയും തൈലംപുരട്ടി സുഖപ്പെടുത്താനും അഭിവന്ദ്യപിതാവിന് പ്രത്യേകസിദ്ധിയുണ്ട്.

എട്ടുവർഷം നീണ്ട എന്റെ വൈദികമേലധ്യക്ഷശുശ്രൂഷയിൽ രണ്ട് മേജർആർച്ചുബിഷപ്പുമാരും സഹമെത്രാന്മാരും പകർന്നുനല്കിയ അറിവും സ്നേഹവും അവർ പുലർത്തിയ സഹകരണമനോഭാവവും എനിക്ക് നല്കുന്ന ആത്മവിശ്വാസവും ധൈര്യവും ഏറെയാണ്. 1988-ൽ സ്ഥാപിതമായ കല്യാൺ രൂപത 37 വർഷങ്ങൾക്കുശേഷം അതിരൂപതയായി ഉയർത്തപ്പെട്ടിരിക്കുന്നു. അഭിവന്ദ്യരായ പോൾ ചിറ്റിലപ്പിള്ളി പിതാവും തോമസ് ഇലവനാൽ പിതാവും ഈ രൂപതയുടെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും രൂപതയെ വളർത്തുന്നതിനും ചെയ്ത കഷ്ടപ്പാടുകളും അവരെടുത്ത നേതൃത്വവും ഞാൻ നന്ദിപൂർവം സ്മരിക്കുന്നു.

ഇനിയുള്ള കാലം കല്യാൺഅതിരൂപതയെ നയിക്കാനായി നിയോഗം സിദ്ധിച്ചിരിക്കുന്ന എനിക്കുവേണ്ടി സഭാസമൂഹത്തിന്റെ പ്രാർഥന അഭ്യർത്ഥിക്കുന്നു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കഴിഞ്ഞ 11 വർഷക്കാലം എന്റെ സഹപ്രവർത്തകരായി വർത്തിച്ച എല്ലാ വൈദികർക്കും സന്യാസിനിമാർക്കും വിവിധ കമ്മീഷനുകളിലെ സെക്രട്ടറിമാർക്കും കൂരിയായിലെ എല്ലാ സ്റ്റാഫംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദിപറയുന്നു. സീറോമലബാർ വിഷൻ മനോഹരമായി അണിയിച്ചൊരുക്കുന്ന എഡിറ്റോറിയൽ ബോർഡംഗങ്ങൾക്ക് ഹാർദ്ദമായ അഭിനന്ദനങ്ങൾ. നല്ലവനായ ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ■

ഒന്നാം പേജ് തുടർച്ച



വിതത്തിലൂടെ കാണിച്ച മാതൃക അനേകം യുവജനങ്ങളെ പ്രചോദിപ്പിക്കുന്നത്.

2018-ലെ ആഗോള യുവജന സിനഡിന് ശേഷം പ്രസിദ്ധീകരിച്ച 'ക്രിസ്തുസ് വീവിത്ത്' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ 105, 106 ഖണ്ഡികയിൽ കാർലോ അകിറ്റസിനെക്കുറിച്ച് കാലം ചെയ്ത പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

'ഒരു കമ്പ്യൂട്ടർ പ്രതിഭയായിരുന്ന കാർലോയുടെ സാന്നിധ്യവും സേവനവും ഈ ഡിജിറ്റൽ ലോകത്തിലും സാമൂഹിക നെറ്റ്‌വർക്കുകളിലും വലിയ സ്വാധീനം നൽകി. നവീനമായ ആശയവിനിമയ സംവിധാനങ്ങളിലൂടെ സുവിശേഷം പ്രഘോഷിക്കാനും മൂല്യങ്ങളെ പകർത്താനും കാർലോയ്ക്ക് സാധിച്ചു. അനുകരണീയങ്ങളായ ഒരുപാട് വിശുദ്ധ മാതൃകകൾ കത്തോലിക്ക സഭ നൽകുമ്പോൾ അവയിൽ സമകാലിക പ്രസക്തനായി വി. കാർലോ മാറുന്നു. അങ്ങനെ മില്ലേനിയത്തിന്റെ വിശുദ്ധൻ എന്ന് കാർലോയെ അഭിമാനബോധത്തോടെ ഏറ്റുപറയാൻ ഈ കാലഘട്ടത്തിലെ ചെറുപ്പക്കാർക്ക് സാധിക്കണം. സിനിമകൾ കാണാറുണ്ടായിരുന്ന, ഫുട്ബോൾ കളിയും വീഡിയോ ഗെയിമുകളും ഇഷ്ടപ്പെട്ടിരുന്ന കാർലോ ഞാൻ തന്നെയാണ് എന്ന ഉൾബോധം വലിയ സാമൂഹികചലനങ്ങൾക്ക് വഴി തെളിക്കും.

ഇവിടെ തുടങ്ങേണ്ടത് ഒരു 'കാർലോയിസ'മാണ്, ദൈവം പരിശുദ്ധ കത്തോലിക്ക സഭയിലൂടെ നമ്മുടെ മുൻപിൽ വി.കാർലോയെ അവതരിപ്പിക്കുമ്പോൾ അത് ഈ വിശുദ്ധനിലൂടെ ദൈവം നമ്മോട് ആവശ്യപ്പെടുന്ന ജീവിതമാതൃകയാണെന്ന തിരിച്ചറിവുണ്ടാകണം. സാമൂഹിക മാധ്യമത്തിന്റെ സാധ്യതകളെ അറിയാവുന്ന നിരന്തരം അത് പ്രയോഗിക്കുന്ന യുവതലമുറ, കത്തോലിക്ക സഭയ്ക്ക് വേണ്ടി, നമ്മുടെ സമുദായത്തിന് വേണ്ടി പൊതുഇടങ്ങളിൽ ക്രിസ്തു ജീവിതമാതൃക പ്രഘോഷിക്കുവാൻ വി.കാർലോ നൽകിയ മാതൃക സ്വീകരിക്കണം. ദേവാലയത്തിൽ ചാട്ടവാറെടുത്ത യേശുക്രിസ്തുവും നമ്മുടെ മുൻപിലെ ജീവിതമാണെന്ന തിരിച്ചറിവിൽ കത്തോലിക്കാ സമൂഹത്തിനെതിരെ നടത്തുന്ന പോരാട്ടങ്ങളിൽ വി. കാർലോ മാതൃക പിന്തുടർന്ന് മാതൃക സൈബർപ്രവർത്തനം നടത്താൻ നമ്മുക്കാവണം.

### വിശുദ്ധ കാർലോ അക്വിട്ടീസ്

| | | |
|---|---|---|
| 1991 മെയ് 3, ലണ്ടൻ | : | ജനനം |
| മാതാപിതാക്കൾ | : | ആന്ദ്രേയ അക്വിട്ടീസ് – അന്തോണിയ സൽസാനോ |
| 1998 ജൂൺ 16 | : | പ്രഥമദിവ്യകാരുണ്യസ്വീകരണം |
| 2003 | : | സ്ഥൈര്യലേപനസ്വീകരണം |
| 2005 ജനുവരി | : | ദിവ്യകാരുണ്യ വെബ്സൈറ്റ് ലോഞ്ചിംങ് |
| 2006 ഒക്ടോബർ 12 | : | മരണം |
| 2012 ഒക്ടോബർ 12 | : | നാമകരണനടപടികളുടെ തുടക്കം |
| 2018 ജൂലൈ 5 | : | ധന്യപദവി |
| 2020 ഒക്ടോബർ 10 | : | വാഴ്ത്തപ്പെട്ടവൻ |
| 2025 സെപ്തംബർ 7 | : | വിശുദ്ധപദവി |
| ഒക്ടോബർ 12 | : | തിരുനാൾ |

■

ഒന്നാം പേജ് തുടർച്ച

**1981-ൽ ഫ്രസാത്തിയുടെ കല്ലറ തുറന്നപ്പോൾ ഭൗതികദേഹം പൂർണ്ണമായും അഴുകാത്ത നിലയിലാണ് കണ്ടെത്തിയത്. 1990-ൽ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ച അവസരത്തിൽ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ അദ്ദേഹത്തെ 'അഷ്ടസൗഭാഗ്യങ്ങളുടെ മനുഷ്യൻ' എന്നാണ് വിശേഷിപ്പിച്ചത്.**



പതിവായി കുർബാനയിൽ പങ്കെടുക്കുകയും മണിക്കൂറുകളോളം ദിവ്യകാരുണ്യ ആരാധനയിൽ ചെലവഴിക്കുകയും ക്രിസ്തുവിന്റെ സാന്നിധ്യത്തിൽ ശക്തിയും പ്രചോദനവും കണ്ടെത്തുകയും ചെയ്തിരുന്നു. "ആത്മാവിന്റെ മുഴുവൻ ശക്തിയോടെയും നിങ്ങൾ ദിവ്യകാരുണ്യമേശയെ കഴിയുന്നത്ര തവണ സമീപിക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. ആന്തരികപോരാട്ടങ്ങളെ നേരിടാൻ നിങ്ങൾക്ക് ശക്തി ലഭിക്കുന്ന മാലാഖമാരുടെ ഈ അപ്പം ഭക്ഷിക്കുക," തന്റെ സുഹൃത്തുക്കളോടുള്ള ഫ്രസാത്തിയുടെ ഉപദേശം ഇങ്ങനെയായിരുന്നു. പർവതാരോഹണം ഏറെ ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം പർവതങ്ങളിൽ ദൈവികസാന്നിധ്യം കണ്ടെത്തിയിരുന്നു. അത്തരത്തിലുള്ള ഓരോ യാത്രയിലും ജപമാലചൊല്ലുകയും ചെയ്തിരുന്നു. ദേവാലയകേന്ദ്രമായ ആത്മീയത ജീവിക്കുന്നതിനും ദരിദ്രരോട് അനുകമ്പ കാണിക്കുന്നതിനുമൊപ്പം തന്റെ രാജ്യത്തെ ഫാസിസ്റ്റ് ഭരണകൂടത്തിനെതിരെ പോരാടാനും ഫ്രസാത്തി സന്നദ്ധനായിരുന്നു.

ടൂറിനിലെ ആയിരക്കണക്കിന് ദരിദ്രർ അദ്ദേഹത്തിന്റെ സംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തപ്പോഴാണ് ആരും അറിയാതെയും, ആരെയും അറിയിക്കാതെയും ഫ്രസാത്തി ചെയ്ത ജീവകാരുണ്യ പ്രവർത്തനങ്ങളുടെ വ്യാപ്തി ലോകത്തിനു വെളിപ്പെട്ടത്. കാരണം അത്രമാത്രം ജനങ്ങൾ അന്ന് വിലാപയാത്രയിൽ പങ്കെടുത്തിരുന്നു. അന്നുമുതൽ ആ കല്ലറയിൽ തിരികളും പൂക്കളും നിറഞ്ഞിരുന്നു. ഒരിക്കൽ ജോർജിയോ വിശുദ്ധ പദവിയിൽ എത്തുമെന്ന് എല്ലാവർക്കും ഉറപ്പുള്ളതുപോലെ.... 1981-ൽ ഫ്രസാത്തിയുടെ കല്ലറ തുറന്നപ്പോൾ ഭൗതികദേഹം പൂർണ്ണമായും അഴുകാത്ത നിലയിലാണ് കണ്ടെത്തിയത്. 1990-ൽ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ച അവസരത്തിൽ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ അദ്ദേഹത്തെ 'അഷ്ടസൗഭാഗ്യങ്ങളുടെ മനുഷ്യൻ' എന്നാണ് വിശേഷിപ്പിച്ചത്.

'നിങ്ങൾക്ക് ലഭിച്ച വിളിക്ക് യോഗ്യമായ ജീവിതം നയിക്കുവിൻ' (എഫേസോസ് 4:3). കാലഘട്ടത്തിന്റെ സാമൂഹിക യാഥാർഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് വിശുദ്ധിയോടെ ജീവിക്കാൻ സാധിക്കുമോ? ഈ ചോദ്യങ്ങൾക്കുള്ള സഭയുടെ ഉത്തരമാണ് പിയർ ജോർജിയോ ഫ്രസാത്തി. താൻ ജീവിക്കുന്ന കാലഘട്ടത്തോടും സമൂഹത്തോടുമുള്ള ഒരാളുടെ സംവേദനക്ഷമതയാണ് അയാളുടെ വിശുദ്ധിയുടെ അളവുകോലെന്നാണ് ഫ്രസാത്തിയുടെ ജീവിതം പഠിപ്പിക്കുന്നത്.

വിശുദ്ധ സ്ഥലങ്ങളെയും സമാനചിന്താഗതിക്കാരെയും മാത്രമല്ല ഈശോ തന്റെ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തത്. ദരിദ്രർക്കും സമ്പന്നർക്കും പാപികൾക്കും ചുങ്കക്കാർക്കും ശിശുക്കൾക്കും നിയമജ്ഞർക്കും അവിടുന്ന് സമീപസ്ഥനായിരുന്നു. അങ്ങനെയെങ്കിൽ ഇന്ന് മഹാഭൂരിപക്ഷം മനുഷ്യരെ സ്വാധീനിക്കുന്ന സോഷ്യൽ മീഡിയ, രാഷ്ട്രീയം, സിനിമ, വ്യവസായം, കായികം തുടങ്ങിയ മേഖലകളിൽ നിന്ന് പരിപൂർണ്ണമായി ഒഴിഞ്ഞുമാറിക്കൊണ്ടുള്ള സുവിശേഷപ്രഘോഷണം സാധ്യമാണോ? പുതിയ കാലഘട്ടത്തിന്റെ വിശുദ്ധരെയാണ് സഭ ആഗ്രഹിക്കുന്നതെന്ന് ഫ്രാൻസിസ് പാപ്പ ആവർത്തിച്ച് നമ്മെ പഠിപ്പിച്ചു. ധൈര്യപൂർവ്വം അവരവരുടെ അഭിരുചിക്കും വിളിക്കും അനുസരിച്ച് വിശുദ്ധി നഷ്ടപ്പെടാതെ ഉത്സാഹത്തോടെ ഇറങ്ങിത്തിരിക്കാൻ ഇത് നമുക്ക് വലിയ പ്രചോദനം നൽകുന്നു. രാഷ്ട്രീയം അഴുക്ക് നിറഞ്ഞ മേഖലയാണെങ്കിലും ക്രൈസ്തവ മൂല്യങ്ങൾ നിറഞ്ഞവർ രാഷ്ട്രീയത്തിൽ പ്രവർത്തിച്ചുകൊണ്ട് അതിനെ ശുദ്ധീകരിക്കുന്ന പ്രവർത്തനങ്ങൾ നടത്തണമെന്നായിരുന്നു ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം. ഇതെത്രത്തോളം സാധ്യമാണ് എന്നൊരു സംശയം നമുക്കുണ്ടാവാം. പക്ഷേ പ്രകൃതി തന്നെ അതിനുള്ള ഉത്തരം നമുക്ക് നൽകിയിട്ടുണ്ട്. അഴുക്കു നിറഞ്ഞ സാഹചര്യത്തിന്റെ നടുവിലാണ് താമരപ്പൂ നിൽക്കുന്നതെങ്കിലും അവയുടെ ഇതളുകളിൽ മാലിന്യം കലർന്നിട്ടേയില്ല. മഴ നനഞ്ഞുകുതിർന്ന മണ്ണിൽ മഴത്തുള്ളിയെ വഹിച്ചുകൊണ്ട് എന്നാൽ സ്വയം നനയാതെയാണല്ലോ ചേമ്പിലയും നിലകൊള്ളുന്നത്? ലോട്ടസ് ഇഫക്ട് (Lotus Effect) എന്നാണ് ഈ പ്രതിഭാസത്തെ ശാസ്ത്രീയമായി വിശദീകരിക്കുന്നത്. പക്ഷേ ക്രൈസ്തവവിശ്വാസജീവിതത്തിൽ ഈ പ്രതിഭാസത്തിന് ഒരേയൊരു പേരേ ഉള്ളൂ 'കൃപ'. ആഴത്തിലുള്ള ആത്മീയതയിൽ സ്വയം രൂപപ്പെട്ടാൽ മാത്രമേ ചേറിലെ താമരയെ പോലെ, മഴയത്തെ ചേമ്പിലപോലെ വിശുദ്ധി നഷ്ടപ്പെടാതെ നമുക്ക് ഏത് സാഹചര്യത്തിലും നിലകൊള്ളാൻ സാധിക്കുകയുള്ളൂ. ദൈവകൃപയെ ഹൃദയത്തിൽ സ്വീകരിക്കുകയും അതു ജീവിതപരിസരങ്ങളിലേക്ക് പ്രസരിപ്പിക്കുകയും ചെയ്ത ആധുനിക കാലത്തിന്റെ വിശുദ്ധനായ ഫ്രസാത്തിയെ നമുക്ക് ഇക്കാര്യത്തിൽ മാതൃകയാക്കാം. ■

### വിശുദ്ധ പിയർ ജോർജോ ഫ്രസാത്തി

| | | |
|---|---|---|
| 1901 ഏപ്രിൽ 6, ടൂറിൻ | : | ജനനം |
| മാതാപിതാക്കൾ | : | ആൽഫ്രെഡോ– അമ്മെത്തീസ് |
| 1925 ജൂൺ 30 | : | രോഗകാലത്തിന്റെ ആരംഭം |
| 1925 ജൂലൈ 4 | : | മരണം |
| 1932 ജൂലൈ 2 | : | നാമകരണ നടപടികളുടെ തുടക്കം |
| 1978 ജൂൺ 12 | : | ദൈവദാസൻ |
| 1987 ഒക്ടോബർ 23 | : | ധന്യൻ |
| 1990 മെയ് 20 | : | വാഴ്ത്തപ്പെട്ടവൻ |
| 2025 സെപ്തംബർ 7 | : | വിശുദ്ധപദവി |
| ജൂലൈ 4 | : | തിരുനാൾ |

# കാനായിലെ കൽഭരണികൾ പറയുന്ന ദൂത്

ബൈബിൾ സംശയങ്ങൾ

റവ. ഡോ. ടോം ഓലിക്കരോട്ട്

കാനായിൽ യേശു പ്രവർത്തിച്ച അത്ഭുതത്തിൽ ആറ് കൽഭരണികൾ നിറയെ വീഞ്ഞ് ലഭിച്ചു എന്നാണ് സുവിശേഷകൻ വിവരിക്കുന്നത്. ഓരോ കൽഭരണിയിലും രണ്ടോ മൂന്നോ അളവ് കൊള്ളുമായിരുന്നു' എന്നാണ് ഭരണികളുടെ വലിപ്പത്തെക്കുറിച്ചു നൽകുന്ന സൂചന. (രണ്ടോ, മൂന്നോ മെത്രെത്താസ് ദുവോ ഹെ ത്രേയിസ്) അളവ് (മെത്രെത്താസ്) എന്നത് അക്കാലത്ത് ദ്രാവകങ്ങളുടെ അളവ് കണക്കാക്കിയിരുന്ന ഇപ്പോഴത്തെ ലിറ്ററിന് തുല്യമായ രീതിയായിരുന്നു. ഇതനുസരിച്ചു ഒരു അളവ് എന്നത് ഒമ്പത് ഗാലൻ അഥവാ 40 ലിറ്ററിന് തുല്യമായിരുന്നു. അപ്പോൾ ഒരു കൽഭരണിയിൽ വക്കോളം നിറയ്ക്കുമ്പോൾ 27 ഗാലൺ അഥവാ 120 ലിറ്റർ വീഞ്ഞ് കാണണം. അപ്പോൾ ആറ് ഭരണികളിലും കൂടി 162 ഗാലൺ അല്ലെങ്കിൽ 720 ലിറ്റർ വീഞ്ഞ്. കാനായിൽ നടന്ന ആ വിവാഹത്തിന് മാത്രമല്ല ഇനിയുമെത്രയോ വിവാഹങ്ങൾക്ക് തികയാൻ പോന്നത്ര വീഞ്ഞിന്റെ സമൃദ്ധിയായിരുന്നു ഉണ്ടായത്. ചില ബൈബിൾ വ്യാഖ്യാതാക്കളുടെ (C. S. Keener, F. J Mokmy) അഭിപ്രായമനുസരിച്ച് 162 ഗാലൺ എന്നാൽ ഒരാൾക്ക് നീന്തികുളിക്കാവുന്നതിനും മാത്രം ഒരു കുളത്തിൽ ഉള്ള വെള്ളത്തിന്റെ അത്രയും അളവ് എന്നാണ്. ദൈവത്തിന്റെ ഉദാരതയിലേക്കുള്ള നല്ലൊരു സാക്ഷ്യപത്രമായി കാനായിൽ സംഭവിച്ച വീഞ്ഞിന്റെ ഈ അത്ഭുതത്തെ മനസിലാക്കാം. ദൈവം അളന്നല്ല തന്റെ ആത്മാവിനെ നൽകുന്നത് എന്ന് സാക്ഷ്യപ്പെടുത്തുന്നതും വത്സലശിഷ്യൻ തന്നെയാണല്ലോ.



**കാനായിൽ സംഭവിച്ച ഈ അത്ഭുതവും വീഞ്ഞിന്റെ സമൃദ്ധിയും ദൈവത്തിന്റെ ഉദാരതയിലേക്ക് മാത്രമല്ല വിരൽചൂണ്ടുന്നത്. അതിലുപ്പുറം മിശിഹായുടെ കാലഘട്ടത്തെകുറിച്ചുള്ള പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണത്തിലേക്ക് കൂടിയാണ് ഇവിടെ സൂചന. യഹോവയുടെ രക്ഷാകര ദിവസത്തിന്റെ അഥവാ മിശിഹായുടെ വരവിന്റെയും യുഗാന്തത്തിന്റെയും സൂചനയും അടയാളവുമായാണ് പഴയനിയമം വീഞ്ഞിന്റെ സമൃദ്ധിയെ അവതരിപ്പിക്കുന്നത്.**

കാനായിൽ സംഭവിച്ച ഈ അത്ഭുതവും വീഞ്ഞിന്റെ സമൃദ്ധിയും ദൈവത്തിന്റെ ഉദാരതയിലേക്ക് മാത്രമല്ല വിരൽചൂണ്ടുന്നത്. അതിനുമപ്പുറം മിശിഹായുടെ കാലഘട്ടത്തെ കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണത്തിലേക്ക് കൂടിയാണ് ഇവിടെ സൂചന. യഹോവയുടെ രക്ഷാകര ദിവസത്തിന്റെ അഥവാ മിശിഹായുടെ വരവിന്റെയും യുഗാന്തത്തിന്റെയും സൂചനയും അടയാളവുമായാണ് പഴയനിയമം വീഞ്ഞിന്റെ സമൃദ്ധിയെ അവതരിപ്പിക്കുന്നത്. യഹോവയുടെ രക്ഷാദിനത്തിൽ വീഞ്ഞ് പതഞ്ഞൊഴുകുമെന്ന് നിരവധി പ്രവചനഭാഗങ്ങളുണ്ട് (ഹോസിയ 14:7, ആമോസ് 9:13-14, ജറമിയ 31:12, സഖറിയ 10:7, ജോയേൽ 2:21-24). യൂദായുടെ വംശമുറയിൽ വരാനിരിക്കുന്ന ഭാവിരാജാവിനെ ഉൾക്കണ്ണുകൊണ്ട് കണ്ട് ഇസ്രായേൽ മരണക്കിടക്കയിൽ കിടന്ന് പ്രവചിക്കുന്നത്; 'അവൻ തന്റെ കഴുതയെ മുന്തിരിവള്ളിയിൽ കെട്ടും; തന്റെ ഉടുപ്പ് വീഞ്ഞിലും മേലങ്കി മുന്തിരിച്ചാറിലും കഴുകും എന്നാണ്' (ഉൽപ്പ. 49:11). അപ്പോൾ കാനായിലെ വീഞ്ഞിന്റെ സമൃദ്ധി അടയാളമാണ്. കർത്താവിന്റെ മഹത്വം ജനത്തെ സമീപിച്ചിരിക്കുന്നു ദൈവത്തിന്റെ രക്ഷയുടെ ദിനങ്ങൾ വിസ്മയകരമായ പ്രവൃത്തികളുടെ ദിനം ആരംഭിച്ചിരിക്കുന്നു. യൂദായുടെ ചെങ്കോലിന്റെ യഥാർഥ അവകാശി മിശിഹായുടെ കാലം സമീപസ്ഥമായി എന്നെല്ലാം ഉറക്കെപ്പറയുന്ന അടയാളം.

മിശിഹായുടെ കാലത്തെ പുതുവീഞ്ഞിന്റെ സമൃദ്ധിയെപ്പറ്റി പഴയനിയമത്തിലെ അപ്പോക്രിഫൽ ഗ്രന്ഥങ്ങളായ ഏനോക്കിന്റെ പുസ്തകം (ഏനോക്ക് 10:19), ബാറൂക്കിന്റെ രണ്ടാം പുസ്തകം (2 ബാറൂക്ക് 29:5) എന്നിവ നടത്തുന്ന പ്രവചനങ്ങളും കാനായിലെ വീഞ്ഞിന്റെ അളവിനെ കാണിക്കാൻ യോഹന്നാൻ പരാമർശിക്കുന്ന രണ്ടോ മൂന്നോ അളവ് കൊള്ളുന്ന ആറ് കൽഭരണികളുടെ വിവരണവും തമ്മിൽ ആഴമായൊരു സാമ്യമുണ്ട്. ഏനോക്ക് 10:19, 2 ബാറൂക്ക് 29:5 വിവരിക്കുന്നതുപ്രകാരം, മിശിഹായുടെ കാലത്ത് (Messianic Age) ഓരോ മുന്തിരിച്ചെടിയിലും ആയിരം ശാഖകളുണ്ടാകും. ഓരോ ശാഖയിലും ആയിരം മുന്തിരിക്കുലകൾ കായ്ക്കും. ഓരോ മുന്തിരിക്കുലയിലും ആയിരം മുന്തിരിപ്പഴങ്ങൾ ഉണ്ടാവും. ഓരോ മുന്തിരിമണിയിലും 120 ഗാലൻ മുന്തിരിച്ചാറുണ്ടാകും. കാനായിൽ വത്സലശിഷ്യൻ യോഹന്നാൻ കൽഭരണികളെന്നും രണ്ടോ മൂന്നോ അളവെന്നും പറയുന്നത് അർഥമില്ലാതായോ ചിലർ വ്യാഖ്യാനിക്കുന്നതുപോലെ പഴയ നിയമത്തിന്റെയോ യഹൂദ മതത്തിന്റെയോ അപൂർണ്ണത കാണിക്കാനോ അല്ല. മറിച്ചു, കൃത്യമായ ദൈവശാസ്ത്ര ദർശനത്തോടെയാണ്. രണ്ടോ മൂന്നോ അളവ് കൊള്ളുന്ന ഒരു കൽഭരണിയിൽ മൂന്നു അളവാണ് നിറച്ചതെങ്കിൽ 162 ഗാല വീഞ്ഞുണ്ടായി. ഇനി രണ്ട് അളവാണ് നിറച്ചതെങ്കിൽ 120 ഗാലനും. മിശിഹായുടെ കാലത്ത് ഒരു മുന്തിരിപ്പഴത്തിൽ 2 ബാരൂക്കിന്റെയും ഈനോക്കിന്റെയും പുസ്തകങ്ങൾ പ്രവചിക്കുന്നതും 120 ഗാലൻ വീഞ്ഞാണ്. അപ്പോൾ രണ്ടോ മൂന്നോ അളവ് കൊള്ളുന്ന ആറ് കൽഭരണികളെക്കുറിച്ചുള്ള യോഹന്നാന്റെ കൃത്യമായ വിവരണം, പഴയനിയമം പ്രവചിച്ച പുതു വീഞ്ഞിന്റെ സമൃദ്ധി നൽകുന്ന മിശിഹായാണ് നസ്രത്തിലെ യേശു എന്ന വ്യക്തമാക്കാനായിരുന്നു. യേശു പ്രവർത്തിച്ച അത്ഭുതങ്ങളെ യോഹന്നാൻ അടയാളങ്ങൾ (sksabnb) എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പ്രത്യക്ഷത്തിൽ കാണുന്നതിനപ്പുറം കൈമാറാൻ സന്ദേശമുള്ള അതിസ്വാഭാവിക പ്രവൃത്തികളാണ് അടയാളങ്ങൾ. കാനായിൽ യേശു പ്രവർത്തിച്ചതും അടയാളമായിരുന്നു. പ്രത്യക്ഷത്തിൽ കാണുന്ന വീഞ്ഞിന്റെ സമൃദ്ധിക്കപ്പുറം മിശിഹായുടെ കാലം ഉദയം ചെയ്തെന്ന സന്ദേശമുൾക്കൊള്ളുന്ന അടയാളം. ■

# വിശുദ്ധ എഗേറിയ തോമാശ്ലീഹായെ കുറിച്ച്

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

**എദേസയിൽ എഗേറിയ കണ്ട 'തോമായുടെ നടപടികൾ' ജ്ഞാനവാദികളോ മനിക്കേയരോ മാറ്റം വരുത്താത്ത യഥാർഥകൃതി ആയിരുന്നു. പിന്നീട് മാത്രമാണ് സുറിയാനി ലോകത്ത് അതിന്റെ വ്യാപകമായ ഉപയോഗവും ജനപ്രീതിയും മുതലെടുത്ത് ജ്ഞാനവാദികൾ ഈ ഗ്രന്ഥത്തിൽ കൃത്രിമം കാണിച്ചത്. ബൈസന്റിയാകാർക്ക് ഈ നഗരത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ടെങ്കിലും തോമസിന്റെ തിരുശേഷിപ്പുകൾ ഈ പള്ളിയിൽ സൂക്ഷിച്ചു പോന്നു. നൂറ്റാണ്ടുകളോളം ഇത് അവിടെ ഉണ്ടായിരുന്നു.**

എദേസയിലെ വിശുദ്ധ തോമാശ്ലീഹായുടെ തിരുശേഷിപ്പിനെക്കുറിച്ച് പല പുരാതനരചനകളിലും പരാമർശം ഉണ്ട്. ഈ രേഖകൾ വ്യക്തമാക്കുന്നത് ഈ തിരുശേഷിപ്പ് ഇന്ത്യയിൽ നിന്നാണ് കൊണ്ടുപോയത് എന്നാണ്. ഇന്ത്യയിലാണ് തോമാശ്ലീഹാ സുവിശേഷം പ്രസംഗിക്കുകയും രക്തസാക്ഷിയായി മരിക്കുകയും ചെയ്തത്. അത്തരമൊരു രേഖയാണ് സ്പെയിനിൽ നിന്നുള്ള സിൽവിയ എന്ന തീർഥാടക സ്ത്രീ എഴുതിയ Peregrinatio ad loca sancta അഥവാ' എഗേറിയയുടെ യാത്ര ഡയറി'. എദേസയിൽ നിന്ന് സ്പെയിനിൽ മടങ്ങിയെത്തിയ ശേഷം ആശ്രമാധിപതി ആയപ്പോഴാണ് അവർ എഗേറിയ എന്ന പേര് സ്വീകരിച്ചത്.

ഈ ഗ്രന്ഥം അന്നത്തെ എദേസയിലെ പള്ളിയുടെ സ്ഥിതിയെക്കുറിച്ച് പ്രത്യേകിച്ച് മാർ തോമയുടെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിരുന്ന സ്ഥലത്തെക്കുറിച്ച് നമുക്ക് അറിവ് നൽകുന്നു. അവർ എഴുതുന്നു: നമ്മുടെ കർത്താവായ ഈശോയുടെ നാമത്തിൽ ഞങ്ങൾ അവിടെ സുരക്ഷിതമായി എത്തി. അവിടെ എത്തിയ ഞങ്ങൾ താമസിയാതെ പള്ളിയും വിശുദ്ധ തോമാശ്ലീഹായുടെ തിരുശേഷിപ്പ് സൂക്ഷിച്ചിരുന്ന സ്ഥലവും സന്ദർശിച്ചു. ഞങ്ങളുടെ പതിവനുസരിച്ച് അവിടെ ആരാധനകളും പുണ്യസ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ ചെയ്യേണ്ട മറ്റ് കാര്യങ്ങളും ചെയ്തു. 'തോമായുടെ നടപടികളി'ൽ നിന്ന് ഒരു ഭാഗം ഞങ്ങൾ അവിടെ വായിച്ചു.

തോമസിന്റെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിരിക്കുന്ന പള്ളിയെ കുറിച്ചാണ് തുടർന്ന് എഗേറിയ എഴുതുന്നത്: പുതിയ രൂപകൽപ്പനയിലുള്ള വലുതും മനോഹരവുമായ ഒരു കെട്ടിടമാണ് പള്ളി. അത് ദൈവത്തിന്റെ ഭവനമാകാൻ യോഗ്യമാണ്. ഞാൻ സന്ദർശിക്കാൻ ആഗ്രഹിച്ച നിരവധി സ്ഥലങ്ങൾ നഗരത്തിൽ ഉണ്ടായിരുന്നതിനാൽ ഞാൻ മൂന്ന് ദിവസം അവിടെ താമസിച്ചു. അങ്ങനെ എനിക്ക് രക്തസാക്ഷികളുടെ നിരവധി ആരാധനാലയങ്ങളും വിശുദ്ധ സന്യാസിമാരുടെ വാസസ്ഥലങ്ങളും കാണാൻ കഴിഞ്ഞു. യഥാർഥ മതവിശ്വാസിയും സന്യാസിയും വിശ്വാസത്തിന്റെ കുമ്പസാരക്കാരനുമായ സ്ഥലത്തെ വിശുദ്ധ ബിഷപ്പ് എന്നെ വളരെ ദയയോടെ സ്വീകരിച്ചു. അദ്ദേഹം എന്നോട് പറഞ്ഞു: 'എന്റെ മകളേ, ഭക്തിയുടെ പേരിൽ ലോകത്തിന്റെ അങ്ങേ അറ്റത്ത് നിന്ന് ഇത്രയും ദൂരം യാത്ര ചെയ്യുന്ന ഒരു വലിയ ദൗത്യം നിങ്ങൾ ഏറ്റെടുത്തതിനാൽ അത് നിങ്ങൾക്ക് ഇഷ്ടമാണെങ്കിൽ ഞങ്ങൾ ക്രിസ്ത്യാനികൾക്ക് താല്പര്യം ഉള്ള എല്ലാ സ്ഥലങ്ങളും ഞാൻ സന്തോഷത്തോടെ കാണിച്ചു തരാം.' തുടർന്ന് അദ്ദേഹം എന്നെ ആദ്യം രാജാവ് അബ്ഗാറിന്റെ സ്ഥലത്തേക്ക് നയിച്ചു.


എദേസയിൽ എഗേറിയ കണ്ട 'തോമായുടെ നടപടികൾ' ജ്ഞാനവാദികളോ മനിക്കേയരോ മാറ്റം വരുത്താത്ത യഥാർഥകൃതി ആയിരുന്നു. പിന്നീട് മാത്രമാണ് സുറിയാനി ലോകത്ത് അതിന്റെ വ്യാപകമായ ഉപയോഗവും ജനപ്രീതിയും മുതലെടുത്ത് ജ്ഞാനവാദികൾ ഈ ഗ്രന്ഥത്തിൽ കൃത്രിമം കാണിച്ചത്. ബൈസന്റിയാകാർക്ക് ഈ നഗരത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ടെങ്കിലും മാർ തോമായുടെ തിരുശേഷിപ്പുകൾ ഈ പള്ളിയിൽ സൂക്ഷിച്ചു പോന്നു. നൂറ്റാണ്ടുകളോളം ഇത് അവിടെ ഉണ്ടായിരുന്നു. പിന്നീട് കുരിശുയുദ്ധക്കാർ നഗരം പിടിച്ചടക്കിയപ്പോൾ അവർ അവിടെ മാർ തോമായുടെ തിരുശേഷിപ്പുകൾ കണ്ടു. ഏഷ്യ മൈനർ മുഴുവൻ മുഹമ്മദീയർ കീഴടക്കിയപ്പോൾ തിരുശേഷിപ്പുകൾ സുരക്ഷിതത്വത്തിനായി ചിയോസിന്റെ തീരത്ത് ഒരു ദ്വീപിലേക്ക് മാറ്റി. 1127-ൽ രൂപതയുടെ വികാരി ജനറൽ ആയിരുന്ന പേരെനിച് ലെൻസിനോയിലെ ആർച്ചുബിഷപ്പുമായി ചേർന്ന് ചിയോസിൽ നിന്ന് ഇറ്റലിയിലെ ഓർത്തോണ എന്ന സ്ഥലത്തേക്ക് തിരുശേഷിപ്പുകൾ നീക്കം ചെയ്തു. മുമ്പ് പരിശുദ്ധ കന്യകാമറിയത്തിന് സമർപ്പിച്ചിരുന്ന കത്തീഡ്രൽ ദേവാലയത്തിന് പിന്നീട് സെന്റ് തോമസ് എന്ന പേര് നൽകി. 1556-ൽ തുർക്കികൾ ഓർത്തോണ പട്ടണം കൊള്ളയടിച്ച് പള്ളി നശിപ്പിച്ചു. എങ്കിലും തിരുശേഷിപ്പ് നശിപ്പിക്കാൻ കഴിഞ്ഞില്ല. അവർ പോയശേഷം ഓർത്തോണ നിവാസികൾ പുതുതായി നിർമ്മിച്ച കത്തീഡ്രലിൽ അവ വീണ്ടും സുരക്ഷിതമായി സൂക്ഷിച്ചു. ■

# തിരിച്ചറിയാം പാനിക് ഡിസോർഡർ

മെന്റൽ ഹെൽത്ത് കോർണർ

**റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ**

സമൂഹത്തിൽ ഒന്നര മുതൽ മൂന്നര ശതമാനം പേർക്ക് ജീവിതത്തിൽ ഒരിക്കലെങ്കിലും പാനിക് ഡിസോർഡർ എന്ന ഉത്കണ്ഠാരോഗം മൂലമുള്ള പ്രശ്നങ്ങൾ ഉണ്ടാകാമെന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു. സ്ത്രീകളിൽ ഇതിന് സാധ്യത പുരുഷന്മാരേക്കാൾ രണ്ടിരിട്ടിയാണ്. ഏകദേശം ഇരുപത്തിയഞ്ച് വയസ്സിനോടടുത്താണ് മിക്കവരിലും രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നത്.



തൊഴിൽ നഷ്ടപ്പെടൽ, വിവാഹമോചനം, ഉറ്റവരുടെ മരണം തുടങ്ങിയ വിഷമഘട്ട'ങ്ങളെ തുടർന്നായിരിക്കും പലരിലും രോഗലക്ഷണങ്ങൾ കണ്ടുവരുന്നത്. അതുപോലെ ചെറുപ്പകാലത്ത് മാനസിക സംഘർഷങ്ങൾ അനുഭവിച്ചവർക്ക് പാനിക് ഡിസോർഡർ വരാനുള്ള സാധ്യത കൂടുതലാണെന്നതിന് ശാസ്ത്രീയതെളിവുകൾ ലഭ്യമാണ്. പാനിക് ഡിസോർഡർ ഉള്ളവരിൽ മറ്റു മാനസിക രോഗങ്ങൾക്കുള്ള സാധ്യതയും കൂടുതലാണ്.

**ലക്ഷണങ്ങൾ**

കാരണം കൂടാതെയുള്ള ശക്തമായ ഹൃദയമിടിപ്പ്, വിയർപ്പ്, വിറയൽ, ശ്വാസം കിട്ടുന്നില്ലെന്ന തോന്നൽ, നെഞ്ചുവേദനയോ, നെഞ്ചിലെ അസ്വസ്ഥതയോ, വയറ്റിൽ അസ്വസ്ഥത, മനംപിരട്ടൽ, തലചുറ്റുന്നതുപോലെയുള്ള തോന്നൽ, ചുറ്റുപാടുകളെക്കുറിച്ചുള്ള ബോധം നഷ്ടമാകൽ, ഉടൻ മരിച്ചുപോകുമോയെന്ന പേടി, കൈകാലുകളിലും മറ്റു ശരീരഭാഗങ്ങളിലും അനുഭവപ്പെടുന്ന മരവിപ്പ്. ഈ ലക്ഷണങ്ങളിൽ ചുരുങ്ങിയത് നാലെണ്ണമെങ്കിലുമുള്ളവർക്ക് പാനിക് ഡിസോർഡറുണ്ടെന്ന് കാണാം. അതുപോലെ ഈ ലക്ഷണങ്ങളിൽ നാല് ലക്ഷണമെങ്കിലും തുടർച്ചയായും ഒരുമിച്ചും പ്രത്യക്ഷപ്പെട്ടാൽ ഈ അവസ്ഥയെ പാനിക് അറ്റാക് എന്ന് പറയാം. അഞ്ചു മിനിറ്റു മുതൽ പത്ത് മിനിറ്റ് സമയം വരെ മാത്രമേ ഈ ലക്ഷണങ്ങൾ സാധാരണയായി നീണ്ടു നിൽക്കാറുള്ളൂ.

**കാരണങ്ങൾ**

പാനിക് ഡിസോഡറിൽ തലച്ചോറിലെ വികാരങ്ങളെ നിയന്ത്രിക്കുന്ന ലിംബിക് വ്യൂഹത്തിലെ നാഡികൾ പരസ്പര ആശയ വിനിമയത്തിന് ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങളുടെ അസന്തുലിതാവസ്ഥമൂലം രക്തത്തിലും തലച്ചോറിലും അഡ്രിനാലിന്റെ അളവ് അമിതമാകുന്നതാകാം അസുഖകാരണമെന്ന് ഗവേഷകർ അനുമാനിക്കുന്നു. പാനിക് ഡിസോർഡർ ഒരു പാരമ്പര്യ രോഗമായി വരാനുള്ള സാധ്യത നാല് മുതൽ എട്ട് ശതമാനം വരെയാണ്.

**ചികിത്സാ സമീപനങ്ങൾ**

അനുബന്ധ മെഡിക്കൽ പരിശോധനകൾക്കുശേഷവും ശാരീരിക ലക്ഷണങ്ങൾ ഇല്ലാതിരിക്കുമ്പോൾ ഇതൊരു ഹൃദയസംബന്ധമായ രോഗമല്ലെന്ന് രോഗിക്ക് മനസ്സിലാക്കി കൊടുക്കുക. ഇത് രോഗിയുടെ തോന്നലല്ല, രോഗി ഈ ബുദ്ധിമുട്ടുകൾ യഥാർഥത്തിൽ അനുഭവിക്കുന്നുണ്ട് എന്ന് വീട്ടുകാരെ ബോധ്യപ്പെടുത്തുക. കോഗ്നിറ്റീവ് ബിഹേവിയർ തെറാപ്പിയുടെ ഭാഗമായി നിരന്തരമായ പെരുമാറ്റ പരിശീലനത്തിലൂടെയും രോഗികളെ അവരുടെ പ്രശ്നകാരണങ്ങളുമായി പൊരുത്തപ്പെടുവാൻ സഹായിക്കുകയും അവയെ എങ്ങനെ നിയന്ത്രിക്കാമെന്ന് പറഞ്ഞ് മനസ്സിലാക്കുകയും ചെയ്യുന്ന രീതിയാണത്. കോഗ്നിറ്റീവ് ബിഹേവിയർ തെറാപ്പിയുടെ കൂടെ ഔഷധചികിത്സയും പ്രയോജനപ്പെടും. ■

# മാതാപിതാക്കളേ ഇതിലേ ഇതിലേ

ഫാമിലി കോർണർ

കുട്ടി കരയുകയാണെന്ന് കരുതുക. മാതാപിതാക്കളെന്ന നിലയിൽ നമ്മുടെ ആദ്യപ്രതികരണം കരയല്ലേ എന്ന ആശ്വാസവചനമായിരിക്കും. പക്ഷേ കുട്ടി കരച്ചിൽ അവസാനിപ്പിക്കുന്നില്ല. അതുകാണുമ്പോൾ മിക്ക മാതാപിതാക്കളുടെയും പ്രതികരണം ദേഷ്യവും അലർച്ചയുമായി പുറത്തേക്ക് വരും.

മിണ്ടാതിരിക്കടാ/ ടീ..

പക്ഷേ അപ്പോഴും കുട്ടി കരയാതിരിക്കുമോ? ഇല്ല, കുട്ടിയുടെ കരച്ചിൽ വർധിക്കാനാണ് സാധ്യതയും. മാതാപിതാക്കളുടെ ഈ രീതി ഒരിക്കലും ഒരു നല്ല രക്ഷകർത്തൃത്വശൈലിയല്ല കുട്ടികളെ ശാസിച്ചും ശിക്ഷിച്ചും വളർത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന രീതിയിൽ നിന്ന് മാതാപിതാക്കളുടെ സ്നേഹവും സഹാനുഭൂതിയും കൊണ്ട് കുട്ടികളെ വളർത്തുന്ന ഒരു രക്ഷകർത്തൃശൈലിയിലേക്ക് ഇന്ന് ലോകം മാറിയിരിക്കുന്നു. അല്ലെങ്കിൽ ഇനിയെങ്കിലും മാറേണ്ടിയിരിക്കുന്നു. 'കുട്ടികളെ നിയന്ത്രിക്കണം' എന്ന പഴയ ധാരണയിൽ നിന്ന് മാറി, 'കുട്ടികളെ മനസ്സിലാക്കണം, അവരുടെ വികാരങ്ങളെ അംഗീകരിക്കണം' എന്ന തിരിച്ചറിവാണ് ഈ പേരന്റിംങിന്റെ അടിസ്ഥാനം. ജെന്റിൽ പേരന്റിംങ് എന്നാണ് ലോകം അതിനെ വിളിക്കുന്നത്.



**മക്കൾ സ്വതന്ത്രരായ വ്യക്തികളാണ്, അവരുടെ വികാരങ്ങൾക്ക് വിലയുണ്ട് എന്ന തിരിച്ചറിവാണ് ഇതിന്റെ ആധാരം. കരുണ, ക്ഷമ, സഹാനുഭൂതി, ബഹുമാനം എന്നിവകൊണ്ട് കുട്ടിയെ വളർത്തുമ്പോൾ, അവർ ആത്മവിശ്വാസമുള്ളവരും സാമൂഹികമായി ഉത്തരവാദിത്തമുള്ളവരുമായിത്തിരുന്നു. ഭയത്താൽ വളർന്ന തലമുറയ്ക്ക് പകരം, സ്നേഹത്തിൽ വളർന്ന തലമുറയാണ് ഭാവിയിലെ സമൂഹത്തെ നല്ലൊരു ദിശയിൽ നയിക്കുന്നത്.**

ഇതിന്റെ ഒന്നാമത്തെ പ്രമാണമാണ് കുട്ടികളുടെ വികാരങ്ങളെ അംഗീകരിക്കുക എന്നത്. കുട്ടികൾ ചെറുതായാലും അവരുടെ വികാരങ്ങൾ യഥാർഥമാണ്. കരച്ചിൽ, കോപം, പേടി, വിഷമം എന്നിവയെ അവഗണിക്കാതെ കേൾക്കുകയും 'അതെ, നീ ഇപ്പോൾ വിഷമത്തിലാണ്' എന്ന് അംഗീകരിക്കുകയും ചെയ്യുക. ഇതിലൂടെ കുട്ടിക്ക് 'എന്റെ വികാരങ്ങൾക്ക് വിലയുണ്ട്' എന്ന ആത്മവിശ്വാസം ലഭിക്കുന്നു. തുടക്കത്തിൽ പറഞ്ഞ സംഭവത്തിലെ കുട്ടി എന്തിനാണ് കരഞ്ഞതെന്ന് അമ്മ അല്ലെങ്കിൽ അച്ഛൻ അന്വേഷിക്കുന്നില്ല. മറിച്ച് അവർ അവരുടെ തായ നിഗമനത്തിലെത്തി കുട്ടിയെ നിയന്ത്രിച്ചുനിർത്തുന്നു. ഭീഷണി, സ്വരമുയർത്തൽ, ശാരീരികഉപദ്രവം എന്നിവയെല്ലാം അതിനുപയോഗിക്കുകയും ചെയ്യുന്നു. ഇവിടെ കുട്ടിയുടെ വികാരങ്ങൾ മാനിക്കപ്പെടുന്നില്ല. എന്നാൽ കുട്ടിയുടെ വികാരം മനസ്സിലാക്കുകയും അവർ ചെയ്യുന്ന തെറ്റ് വിശദീകരിച്ച് കുട്ടിയെ മനസ്സിലാക്കാൻ സഹായിക്കുകയും ചെയ്യുകയാണ് വേണ്ടത്.

ഉദാഹരണത്തിന്, 'ഇങ്ങനെ ചെയ്താൽ മറ്റുള്ളവർക്ക് ദുഃഖമാകും, അതിനാൽ നമുക്ക് അത് ഒഴിവാക്കാം' എന്ന് പറഞ്ഞാൽ കുട്ടിക്ക് കാര്യം മനസ്സിലാകും. ഇതിനായി സ്നേഹത്തോടെ അതിർത്തികൾ സ്ഥാപിക്കുക അനിവാര്യമാണ്. 'ഇപ്പോൾ രാത്രി 9 ആയി, ഇനി ഉറങ്ങണം. കളി നാളെ തുടരാമെന്ന്' മാതാപിതാക്കൾ പറഞ്ഞുകൊടുക്കുമ്പോൾ കുട്ടി ആദ്യം അത് സമ്മതിക്കണമെന്നില്ല എങ്കിലും പതുക്കെ അതു സ്വീകരിക്കുകയും സുരക്ഷിതമായി വളരാൻ സ്ഥിരതയുള്ള നിയമങ്ങൾ ആവശ്യമാണെന്ന് മനസ്സിലാക്കുകയും ചെയ്യും. രാവിലെ മക്കളെ വിളിച്ചെണീല്പിക്കുന്ന കാര്യം പല മാതാപിതാക്കൾക്കും അസ്വസ്ഥതയുണ്ടാക്കുന്ന ഒന്നാണ്. എത്ര വിളിച്ചിട്ടും മക്കൾ ഉണരാത്തപ്പോൾ പേരന്റ്സ് അസഹിഷ്ണുത പ്രകടിപ്പിക്കുകയും ദേഷ്യത്തോടെ പ്രതികരിക്കുകയും ചെയ്യും. ഇതല്ല ശരിയായ മാർഗം. കുട്ടിയെ സ്നേഹപൂർവ്വവും സമാധാനപരമായും വിളിച്ചെണീല്പിക്കുക. 'ഗുഡ് മോർണിംഗ്, ഇന്ന് നമുക്ക് സന്തോഷകരമായൊരു ദിവസം ആക്കാം' എന്ന് സ്നേഹത്തോടെ പറയുക. അലറലോ ബലപ്രയോഗമോ ഇല്ലാതെ ദിവസം ആരംഭിക്കുമ്പോൾ, കുട്ടിയുടെ മനോഭാവം പോസിറ്റീവ് ആയി മാറും.

കുട്ടി ഭക്ഷണം കഴിക്കാത്തപ്പോൾ പല മാതാപിതാക്കളും കോപിക്കും. അതിന് പകരം 'നിനക്ക് ഇപ്പോൾ വിശപ്പില്ലേ? കുറച്ചു സമയം കഴിഞ്ഞ് കഴിക്കാമല്ലോ' എന്ന് പറയുക. ഭക്ഷണത്തെ ഭയത്തോടെ അല്ല, സന്തോഷത്തോടെ സ്വീകരിക്കാൻ കുട്ടിയെ പരിശീലിപ്പിക്കുക. കുട്ടി പഠിക്കാൻ വിസമ്മതിച്ചാൽ, 'നീ പഠിച്ചാൽ എനിക്ക് സന്തോഷം' എന്നാണ് പറയേണ്ടത്. അടിച്ച് പഠിപ്പിക്കുകയല്ല. ചെറിയ നേട്ടങ്ങൾക്കുപോലും മക്കളെ പ്രശംസിക്കുക. ഉദാഹരണത്തിന്, 'വളരെ നല്ലതായി എഴുതിയല്ലോ, ഞാൻ അഭിമാനിക്കുന്നു' എന്ന് പറയുമ്പോൾ കുട്ടിയിൽ ആത്മവിശ്വാസം വളരും. കുട്ടികൾക്ക് കളി വെറും വിനോദമല്ല, പഠനത്തിന്റെ ഭാഗവുമാണ്. കുട്ടികളോടൊപ്പം മാതാപിതാക്കളും കളിച്ചാൽ, അത് ബന്ധം ശക്തിപ്പെടുത്തും. 'നിനക്കൊപ്പം കളിക്കുമ്പോൾ എനിക്കും സന്തോഷം' എന്ന് പറഞ്ഞാൽ കുട്ടിക്ക് വിലപ്പെട്ട അനുഭവമായി മാറും. കൂട്ടുകാരുമായോ കൂടപ്പിറപ്പുകളുമായോ മക്കൾ വഴക്കുകൂടുമ്പോൾ ദേഷ്യപ്പെടുകയും ശിക്ഷിക്കുകയും ചെയ്യുന്നതിന് പകരം, 'നീ അടിച്ചാൽ അവന് വേദനിക്കും, അവന് കരയുന്നത് കണ്ടോ?' എന്ന് ചോദിച്ച് മനസ്സിലാക്കാൻ സഹായിക്കുക. 'അടിക്കരുത്' എന്ന് മാത്രമല്ല, അത് എന്തുകൊണ്ടാണ് തെറ്റാകുന്നതെന്ന് വിശദീകരിക്കുക.

മാറിയകാലത്ത് മാറിയ പേരന്റിംങ് ശൈലികളാണ് സ്വീകരിക്കേണ്ടത്. മക്കളെ നിയന്ത്രിച്ചും ശിക്ഷിച്ചും വരുതിയിൽ നിർത്താമെന്ന് അതിരുകടന്ന് ചിന്തിക്കരുത്. കുട്ടികൾ വെറുതെ 'നിയന്ത്രിക്കപ്പെടേണ്ടവർ മാത്രമല്ല എന്ന് മനസ്സിലാക്കുക. മക്കൾ സ്വതന്ത്രരായ വ്യക്തികളാണ്, അവരുടെ വികാരങ്ങൾക്ക് വിലയുണ്ട് എന്ന തിരിച്ചറിവാണ് ഇതിന്റെ ആധാരം. കരുണ, ക്ഷമ, സഹാനുഭൂതി, ബഹുമാനം എന്നിവകൊണ്ട് കുട്ടിയെ വളർത്തുമ്പോൾ, അവർ ആത്മവിശ്വാസമുള്ളവരും സാമൂഹികമായി ഉത്തരവാദിത്തമുള്ളവരുമായിത്തീരുന്നു. ഭയത്താൽ വളർന്ന തലമുറയ്ക്ക് പകരം, സ്നേഹത്തിൽ വളർന്ന തലമുറയാണ് ഭാവിയിലെ സമൂഹത്തെ നല്ലൊരു ദിശയിൽ നയിക്കുന്നത്. അതിനാൽ, ഓരോ മാതാപിതാക്കളും അവരുടെ ദിനചര്യയിൽ ചെറിയ മാറ്റങ്ങൾ കൊണ്ടുവന്നാൽ പോലും വലിയൊരു സാമൂഹിക പരിവർത്തനം സാധ്യമാണ്. ■

# ലോകസമാധാനത്തിനായി ഒക്ടോബർ മാസത്തിൽ ജപമാല ചൊല്ലുക: ലെയോ പതിനാലാമൻ പാപ്പ


വത്തിക്കാൻ സിറ്റി: ലോകത്തിൽ ദൈവത്തിന്റെ ഏറ്റവും ശ്രേഷ്ഠസമ്മാനമായ സമാധാനത്തിനായി അപേക്ഷിച്ചുകൊണ്ട് ഒക്ടോബർ മാസം മുഴുവൻ ദിവസവും ജപമാല ചൊല്ലി പ്രാർഥിക്കണമെന്ന് ലെയോ പതിനാലാമൻ പാപ്പ. ഒക്ടോബർ 11-ന് സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ പ്രത്യേക ജപമാലപ്രാർഥന കൂട്ടയ്മയും പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചു. പരമ്പരാഗതമായി കത്തോലിക്കാസഭയിൽ ജപമാലഭക്തിക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മാസമാണ് ഒക്ടോബർ. ഈ വർഷം യുദ്ധങ്ങളും രക്തച്ചൊരിച്ചിലുകളുംകൊണ്ട് സംഘർഷപൂരിതമായ ഇടങ്ങളിൽ സമാധാനവും സഹവർത്തിത്വവും സംജാതമാകാനുള്ള നിയോഗത്തോടെ കരങ്ങളിൽ ജപമാലയെടുക്കാനും പ്രാർഥനയിൽ ഒന്നിക്കാനും ലോകമെങ്ങുമുള്ള കത്തോലിക്കാ വിശ്വാസികളോട് ലെയോ മാർപാപ്പ ആഹ്വാനം ചെയ്തു. 'എല്ലാ ദിവസവും വ്യക്തിപരമായും കുടുംബമൊരുമിച്ചും സമൂഹങ്ങളിലും ഭക്തിപൂർവ്വം ജപമാല ചൊല്ലാൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു.' പാപ്പ പറഞ്ഞു.

ജപമാലയിലെ ലുത്തിനിയയിൽ പരിശുദ്ധ മറിയത്തെ 'സമാധാനത്തിന്റെ രാജ്ഞി' എന്നാണ് അഭിസംബോധന ചെയ്യുന്നത്. മനുഷ്യവർഗത്തിനും ദൈവത്തിനും ഇടയിൽ യഥാർത്ഥസമാധാനം കൊണ്ടുവന്ന 'സമാധാനത്തിന്റെ രാജാവെന്ന് പ്രവാചകർ വിളിച്ച' മിശിഹായുടെ അമ്മയായതിനാലാണ് മറിയത്തെ സമാധാനരാജ്ഞി എന്ന് വിളിക്കുന്നത്.

ദൈവഹിതത്തോടു മറിയം പറഞ്ഞ 'ആമേൻ' ലോകത്തിലേക്ക് മിശിഹായുടെ സമാധാനം പ്രവേശിക്കുന്നതിനുള്ള വഴി തുറന്നു. അനുരഞ്ജനത്തിന്റെ മധ്യസ്ഥയായും വിശ്വാസത്തിന്റെയും പ്രാർഥനയുടെയും മാതൃകയായും തന്റെ മകനിൽ നിന്ന് വിശ്വാസികൾക്ക് കൃപയും സമാധാനവും ഉറപ്പാക്കുന്ന മധ്യസ്ഥയായും മറിയം പ്രവർത്തിക്കുന്നു. യേശുവിന്റെ അമ്മയാകുക മാത്രമല്ല, മനുഷ്യവംശത്തെ ക്രിസ്തുവിലേക്ക് നയിക്കുകയും അവൻ പറയുന്നതുപോലെ ചെയ്യുവിനെന്നു വിശ്വാസികളെ ഉപദേശിക്കുകയും ചെയ്യുന്നവളാണ് പരിശുദ്ധ കന്യകാ മറിയം. മാത്രമല്ല, യഥാർഥ സമാധാനത്തിന്റെ ഉറവിടമായ പരിശുദ്ധാത്മാവുമായുള്ള സഹകരണത്തിന്റെ മാതൃകയുമാണ്.



# മിസ്സിസാഗ സീറോമലബാർ രൂപതയുടെ ദശവത്സരാഘോഷങ്ങൾ സമാപിച്ചു





കാനഡയിലെ സീറോമലബാർ കത്തോലിക്കാ സമൂഹത്തിന്റെ ആത്മീയകേന്ദ്രമായ മിസ്സിസാഗ രൂപതയുടെ ദശവത്സര ആഘോഷങ്ങൾ 2025 സെപ്തംബർ 20 ശനിയാഴ്ച സമാപിച്ചു. രൂപതയുടെ കേന്ദ്രമായ മിസ്സിസാഗ സെന്റ് അൽഫോൻസ സീറോമലബാർ കത്തീഡ്രലിൽ നടന്ന സമാപന ചടങ്ങുകൾക്ക് സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് നേതൃത്വം നൽകി. ടൊറോന്റൊ അതിരൂപത മെത്രാപ്പോലീത്ത കർദിനാൾ ഫ്രാൻസിസ് ലിയോ, മിസ്സിസാഗ രൂപതാധ്യക്ഷൻ മാർ ജോസ് കല്ലുവേലിൽ, ചിക്കാഗോ രൂപതയുടെ പ്രഥമ മെത്രാനും കാനഡ സീറോ മലബാർ വിശ്വാസികളുടെ അപ്പസ്തോലിക് വിസിറ്റേറ്ററുമായിരുന്ന മാർ ജേക്കബ് അങ്ങാടിയത്ത്, ഫാ. പത്രോസ് ചമ്പക്കര, ഫാ. അഗസ്റ്റിൻ കല്ലുങ്കത്തറയിൽ തുടങ്ങിയവർ പങ്കെടുത്തു. കത്തീഡ്രൽ ഇടവക മുൻ അസിസ്റ്റന്റ് വികാരി ഫാ. ഫ്രാൻസിസ് കാനഡയിലേക്കുള്ള കുടിയേറ്റത്തിന്റെ നാൾവഴികൾ അവതരിപ്പിച്ചു. ഫാ. പത്രോസ് ചമ്പക്കര സ്വാഗതം ആശംസിച്ചു. രൂപത ചാൻസലർ ഫാ. ടെൻസൺ പോൾ മാർപാപ്പയുടെ അനുഗ്രഹ സന്ദേശം വായിച്ചു.

വിശുദ്ധ കുർബാനയിൽ മേജർ ആർച്ചുബിഷപ്പ് മുഖ്യകാർമ്മികനായിരുന്നു. ടൊറോന്റൊ അതിരൂപത മെത്രാപ്പോലീത്ത കർദിനാൾ ഫ്രാൻസിസ് ലിയോ, രൂപതാധ്യക്ഷൻ മാർ ജോസ് കല്ലുവേലിൽ, മാർ ജേക്കബ് അങ്ങാടിയത്ത്, രൂപത സഹ വികാരി ജനറാൾ ഫാ. ജേക്കബ് എടക്കളത്തൂർ, കത്തീഡ്രൽ വികാരി ഫാ. അഗസ്റ്റിൻ കല്ലുങ്കത്തറയിൽ തുടങ്ങിയവർ സഹകാർമികരായിരുന്നു. വിശ്വാസികളുടെ കാനഡയിലേക്കുള്ള കുടിയേറ്റത്തെ ഭൗതിക ആവശ്യകതയോടൊപ്പം ആത്മീയ തീർഥാടനമായി കാണണമെന്ന് മാർ റാഫേൽ പിതാവ് ഉദ്ബോധിപ്പിച്ചു.

സമാപന സമ്മേളനത്തിൽ രൂപതയുടെ പത്ത് വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പ്രസീദ പൊട്ടക്കൽ അവതരിപ്പിച്ചു. മാർ ജോസ് കല്ലുവേലിൽ സ്വാഗതം ആശംസിച്ചു.

പൊതുസമ്മേളനം മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. മാർ ജേക്കബ് അങ്ങാടിയത്ത് ദശവത്സര ആഘോഷങ്ങളുടെ ഭാഗമായി പ്രസിദ്ധീകരിച്ച സുവനീർ പ്രകാശനം ചെയ്തു. രൂപത ഓഫീസ് അഡ്മിനിസ്ട്രേറ്റർ സാബു ജോർജ്ജ് ആശംസകൾ നേർന്നു.

ദശവത്സരാഘോഷങ്ങളുടെ ഭാഗമായി രൂപതാ തലത്തിൽ നടന്ന മത്സരവിജയികൾക്കുള്ള സമ്മാനദാനവും നടന്നു. ഫാ.ജേക്കബ് എടക്കളത്തൂർ നന്ദി പറഞ്ഞു. സ്നേഹവിരുന്നോടു കൂടി ദശവത്സരാഘോഷങ്ങൾ സമാപിച്ചു.

2024 സെപ്റ്റംബർ 19-ന് എഡ്മണ്ടൺ സെന്റ് അൽഫോൻസാ ഫൊറോന ദേവാലയത്തിൽ രൂപതാധ്യക്ഷൻ മാർ ജോസ് കല്ലുവേലിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ദശവത്സരാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തതു മുതൽ സമാപനദിവസമായ 2025 സെപ്റ്റംബർ 20 വരെ കാനഡയിൽ നല്ലൊരു ഭാവി സ്വപ്നം കണ്ട് കുടിയേറ്റം നടത്തിയ സീറോമലബാർ കത്തോലിക്ക വിശ്വാസസമൂഹത്തിന്റെ കൂട്ടായ്മയ്ക്കും വിശ്വാസവളർച്ചക്കും അധിഷ്ഠിതമായ ഒട്ടനവധി പ്രവർത്തനങ്ങൾക്കും കാനഡയിൽ അങ്ങോളമിങ്ങോളം നടന്നിരുന്നു.

# പൗരോഹിത്യസ്വീകരണം അവസാനഘട്ടമല്ല, ആജീവനാന്ത യാത്രയുടെ ആരംഭമാണ്: മാർ റാഫേൽ തട്ടിൽ



കാക്കനാട് : വൈദികരൂപീകരണം സെമിനാരി പരിശീലന വർഷങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല; മിശിഹായുമായുള്ള ബന്ധം ആഴത്തിലാക്കുന്നതിനും അവന്റെ ജനത്തിനായുള്ള സേവനത്തിൽ വളരുന്നതിനുമുള്ള ഒരു ആജീവനാന്ത യാത്രയാണിതെന്ന് മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. യുവ പുരോഹിതരുടെ തുടർപരിശീലന പരിപാടിയുടെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പുരോഹിതൻ തുടർച്ചയായ ആത്മീയ അജപാലന ബൗദ്ധിക മാനുഷിക വികസനത്തിലേക്ക് നിരന്തരം വിളിക്കപ്പെടുന്നു. സഭ എപ്പോഴും നവീകരിക്കപ്പെടുന്നതുപോലെ പുരോഹിതനും നവീകരണത്തിനും പരിവർത്തനത്തിനും തുറന്നിരിക്കണം. രൂപീകരണം പൗരോഹിത്യ സ്വീകരണത്തിൽ അവസാനിക്കുന്നില്ല അത് നാം ജീവിക്കുന്ന കാലത്തിനനുസൃതമായ രൂപഭാവങ്ങൾ സ്വീകരിക്കുന്നു. വിശ്വസ്തതയോടും വിനയത്തോടും കൂടെ അജപാലനശുശ്രൂഷയുടെയും വിശ്വാസികളുടെ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളുടെയും മറുപടിയായി വിശുദ്ധിയിൽ വേരൂന്നിയ ഒരിക്കലും അവസാനിക്കാത്ത യാഥാർഥ്യമാണിത്. സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ, ചാൻസലർ. ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ, വൈദിക കമ്മീഷൻ സെക്രട്ടറി റവ.ഡോ ടോം ഒലിക്കരോട്ട് എന്നിവരും പരിപാടിയിൽ സംസാരിച്ചു. സീറോ മലബാർ സഭയിലെ 14 രൂപതകളിൽനിന്നുമുള്ള 35 വൈദികരാണ് 10 ദിവസം നീണ്ടുനിൽക്കുന്ന ഈ പരിശീലനത്തിൽ പങ്കെടുത്തത്. ബിഷപ് മാർ ടോണി നീലങ്കാവിൽ ചെയർമാനായിട്ടുള്ള വൈദികർക്കുവേണ്ടിയുള്ള കമ്മീഷനാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

## മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയയുടെ നവീകരിച്ച റിസപ്ഷൻ ഏരിയ ആശീർവദിച്ചു








**കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർസഭയുടെ ആസ്ഥാനകാര്യാലയത്തിൽ പുതുതായി നിർമിച്ച റിസപ്ഷൻ ലോബിയുടെ ആശീർവാദകർമം മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് നിർവഹിച്ചു. 2025 ആഗസ്റ്റ് 29 നു സിനഡു പിതാക്കന്മാരുടെ സാന്നിധ്യത്തിലായിരുന്നു വെഞ്ചിരിപ്പ് കർമ്മം നടന്നത്. 1995–ൽ നിർമാണമാരംഭിച്ച കെട്ടിടത്തിന്റെ രണ്ടു നിലകളുടെ പണിതീർന്നത് 1998 ലാണ്. നിലവിലുള്ള കെട്ടിടത്തിന്റെ രണ്ടാംനിലയുടെ പണി 2012–ൽ പൂർത്തിയായി. അതിനുശേഷമുള്ള ആദ്യത്തെ നിർമാണപ്രവൃത്തിയാണ് ഇപ്പോൾ നടന്നിരിക്കുന്നത്. മാർ റാഫേൽ തട്ടിൽ പിതാവ് സ്ഥാനമേറ്റെടുത്തതിനുശേഷമാണ് നിലവിലുള്ള റിസപ്ഷൻ ഏരിയ നവീകരിക്കാനുള്ള ആശയം രൂപീകരിക്കപ്പെട്ടത്. നിലവിലുള്ള കെട്ടിടത്തിന്റെ നിർമാണ പ്രത്യേകതകൾ കണക്കിലെടുത്തു റിസപ്ഷൻ ഏരിയയും സന്ദർശകരെ സ്വീകരിക്കാനുള്ള മുറികളും പുതുതായി നിർമിക്കാൻ തീരുമാനമായി. അതനുസരിച്ചാണ് പുതിയ ഭാഗം നിർമിക്കുകയും നിലവിലെ കെട്ടിടത്തിലെ ചില ഭാഗങ്ങൾ നവീകരിക്കുകയും ചെയ്തുകൊണ്ട് പണി പൂർത്തിയായിരിക്കുന്നത്. ഇതോടൊപ്പം കൂരിയയുടെ മുൻഭാഗവും പരിസരവും നവീകരിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ സ്വദേശിയും കത്തോലിക്കാ കോൺഗ്രസിന്റെ ഗ്ലോബൽ വൈസ് പ്രസിഡന്റും മിഡിൽ ഈസ്റ് കത്തോലിക്കാ കോൺഗ്രസിന്റെ പ്രസിഡന്റും ഗൾഫ് റീജിയനുകളിൽ ബിസിനസുകാരനുമായ ശ്രീ ഡേവിസ് എടക്കളത്തൂരിന്റെ ഉദാരമായ സഹായത്താലാണ് നിർമാണപ്രവൃത്തികൾ പൂർത്തിയായത്.**



# ഭിന്നശേഷി അധ്യാപകനിയമനം; ആരോപണവും മറുപടിയും

**ഭിന്നശേഷി അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് കാത്തലിക് ടീച്ചേഴ്സ് നേതൃത്വത്തിൽ നടന്ന പ്രതിഷേധ പരിപാടികളും അതിനോടുള്ള സർക്കാറിന്റെ വിശിഷ്യാ വിദ്യാഭ്യാസ വകുപ്പിന്റെ നിഷേധാത്മകമായ നിലപാടും ചർച്ചയായിരിക്കുന്ന സമയമാണിത്. ഇതിനിടയിലാണ് ക്രൈസ്തവ മാനേജ്മെന്റുകൾക്കെതിരായി യാഥാർത്ഥ്യത്തിന് നിരക്കാത്ത വിവാദ ആരോപണങ്ങളുമായി വിദ്യാഭ്യാസ മന്ത്രി തന്നെ രംഗത്തെത്തിയിരിക്കുന്നത്. അദ്ദേഹം ഉയർത്തിയ ആരോപണങ്ങളുടെ യാഥാർഥ്യം അറിയുന്നത് കാത്തലിക് മാനേജ്മെന്റ്കൾ ഉയർത്തിയ പ്രതിഷേധങ്ങളുടെ പിന്നിലെ ന്യായം മനസ്സിലാക്കാൻ സഹായിക്കും.**

1) ഭിന്നശേഷിക്കാരായ ആളുകൾക്ക് നിയമനം നൽകുന്നതിൽ ക്രൈസ്തമാനേജ്മെന്റുകൾ തടസം നിൽക്കുന്നു എന്നതായിരുന്നു ഈ വിഷയത്തിൽ മന്ത്രിയുടെ ആദ്യത്തെ പ്രസ്താവന. എവിടെയും ഏതു കാലത്തും ഭിന്നശേഷിക്കാരായ മനുഷ്യരെ ചേർത്തുപിടിക്കുന്നതിലും അവരെ സ്വയം പര്യാപ്തരാക്കുന്നതിനും എപ്പോഴും മുൻപന്തിയിൽ നിന്നിട്ടുള്ളവരാണ് ക്രൈസ്തവ സമൂഹം. അതുകൊണ്ടുതന്നെ അധ്യാപക നിയമന വിഷയത്തിലും ഭിന്നശേഷിക്കാരായ ആളുകൾ ജോലി നേടുന്നതിനും മുഖ്യധാരയിലേക്ക് കടന്നുവരുന്നതിനും ക്രൈസ്തവ സമൂഹത്തിനു സന്തോഷമേയുള്ളൂ. അതുകൊണ്ടുതന്നെയാണ് സർക്കാർ ഉത്തരവുപ്രകാരം 1996–2017 കാലഘട്ടത്തിൽ നടത്തിയ നിയമനങ്ങളുടെ മൂന്നു ശതമാനവും 2018 മുതൽ നടത്തിയ നിയമനങ്ങളുടെ നാലു ശതമാനവും സീറ്റുകളും ഭിന്നശേഷിക്കാർക്കായി ക്രൈസ്തവ മാനേജ്മെന്റുകൾ ഒഴിച്ചിട്ടുള്ളത്. ഇത് സത്യവാങ്മൂലമായി സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും സർക്കാർ പോർട്ടലായ സമന്വയയിൽ അപ്ലോഡ് ചെയ്തിട്ടുള്ളതുമാണ്. ഗവൺമെന്റ് നിഷ്ക്കർഷിച്ചിരിക്കുന്ന അത്രയും ശതമാനം ഒഴിവുകൾ അവശേഷിപ്പിച്ചിട്ടാണ് ക്രിസ്ത്യൻ മാനേജ്മെന്റുകൾ മറ്റ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ഈ ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ ക്ഷണിച്ചുകൊണ്ടുള്ള പത്രപരസ്യങ്ങൾ കൃത്യമായി നടത്തിയിട്ടും ഉണ്ട്. എന്നാൽ ഇതിൽ പകുതിപോലും ഒഴിവുകളിൽ യോഗ്യരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ ഗവൺമെന്റിന്റെ സഹായവും സഹകരണവും അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. യോഗ്യരായ ഭിന്നശേഷിക്കാരെ നൽകേണ്ട ഉത്തരവാദിത്വത്തിൽ നിന്നു ബഹു. മന്ത്രിക്കു എങ്ങനെയാണു ഒഴിഞ്ഞുമാറാൻ സാധിക്കുന്നത്? മാത്രമല്ല സ്വന്തം വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് പരിശോധന നടത്തിയിരുന്നെങ്കിൽ ക്രൈസ്തവസമൂഹത്തിനെതിരായ ഇത്തരം പ്രസ്താവന ബഹു. മന്ത്രിക്കു ഒഴിവാക്കാനാകുമായിരുന്നു. ഇനി ആരെങ്കിലും സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ലങ്കിൽ അവർക്കെതിരെ നടപടി എടുക്കുന്നതിനു പകരം എല്ലാവരെയും ശിക്ഷിക്കുന്നത് എന്ത് നീതിയാണ്?

2) ക്രിസ്ത്യൻ മാനേജ്മെന്റുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല എന്നതായിരുന്നു. ശ്രീ വി. ശിവൻകുട്ടിയുടെ മറ്റൊരു ആരോപണം.

ഇത് തികച്ചും തെറ്റായ ആരോപണമാണ്, കാരണം ഭിന്നശേഷിക്കാർക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട ശതമാനം ഒഴിവുകൾ മാറ്റി വച്ചിട്ടുണ്ടെന്നും യോഗ്യരായ ഉദ്യോഗാർത്ഥികളെ കിട്ടുന്ന മുറക്ക് നിയമനങ്ങൾ നടത്താമെന്നും സത്യവാങ് മൂലമായി സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും സർക്കാർ പോർട്ടലായ സമന്വയയിൽ അപ്ലോഡ് ചെയ്തിട്ടുള്ളതുമാണ്. ഗവൺമെന്റ് നിഷ്കർഷിച്ചിരിക്കുന്ന അത്രയും ശതമാനം ഒഴിവുകൾ അവശേഷിപ്പിച്ചിട്ടാണ് ക്രിസ്ത്യൻ മാനേജ്മെന്റുകൾ മറ്റ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ഈ ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ ക്ഷണിച്ചുകൊണ്ടുള്ള പത്രപരസ്യങ്ങളും കൃത്യമായി നടത്തിയിട്ടും ഉണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും വിദ്യാഭ്യാസ വകുപ്പിലും യോഗ്യരായ ഉദ്യോഗാർത്ഥികളെ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടും ഉണ്ട്.

3) ക്രൈസ്തവ മാനേജ്മെന്റ്കളുടെ പ്രതിഷേധം രാഷ്ട്രീയപ്രേരിതമാണ്. ഇലക്ഷൻ അടുക്കുന്നത്കൊണ്ടുള്ള സമ്മർദ്ദതന്ത്രമാണ് ഇത് ഭീഷണിയും സർക്കാരിനെ വിരട്ടലുമാണ് എന്ന തികച്ചും ബാലിശമായ മറ്റൊരു ആരോപണമാണ് ബഹു. മന്ത്രി പിന്നീട് നടത്തിയത്.

ഭിന്നശേഷി അധ്യാപകനിയമനവുമായി ബന്ധപ്പെട്ട് ക്രിസ്ത്യൻ എയ്ഡഡ് മേഖലയിലെ അധ്യാപകർ അനുഭവിക്കുന്ന ദുരിതത്തെക്കുറിച്ച് വിദ്യാഭ്യാസമന്ത്രി വേണ്ടവിധം പഠിച്ചിട്ടില്ല എന്നുള്ളത് നിരുത്തരവാദപരമായ അദ്ദേഹത്തിന്റെ ഈ പ്രസ്താവനയിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ഏതൊരു ധാർമികസമരത്തെയും എല്ലാക്കാലത്തും ഭരണവർഗ്ഗം നശിപ്പിക്കാൻ ശ്രമിക്കുന്നത് ഏതെങ്കിലും ഒരു ദുരാരോപണം അതിന്മേൽ ഉന്നയിച്ചു കൊണ്ടാണ്. ഇവിടെ സമ്മർദ്ദതന്ത്രം എന്നും വിരട്ടൽ എന്നും രാഷ്ട്രീയപ്രേരിതമെന്നുമുള്ള ദുരാരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹുമാന്യനായ വിദ്യാഭ്യാസ മന്ത്രി അതിജീവനത്തിന് വേണ്ടിയുള്ള അധ്യാപക സമൂഹത്തിന്റെ ധർമ്മസമരത്തിന്റെ മുനയൊടിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ഇലക്ഷന് അടുത്തപ്പോഴല്ല ബഹു. മന്ത്രി 2018 മുതൽ ഈ വിഷയത്തെ താങ്കളുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും ബഹു മുഖ്യമന്ത്രിയുടെയും വരെ ശ്രദ്ധയിൽ നിരവധി തവണ കൊണ്ടുവന്നിട്ടുള്ളതാണ്. ഇത് സംബന്ധിച്ച നിവേദനങ്ങളും റിപ്പോർട്ടുകളും താങ്കളുടെ ഓഫീസിൽ നല്കിയിട്ടുള്ളതുമാണ്. അതിൽ ഒന്നുപോലും തുറന്നുനോക്കാൻ അങ്ങ് മിനക്കെട്ടിട്ടില്ല എന്ന തികഞ്ഞ ജനവിരുദ്ധതയാണ് ഇത്തരം ആരോപണം ഉന്നയിക്കുന്നതിലേക്കു അങ്ങയെ കൊണ്ടെത്തിച്ചത്. ഈ വിഷയത്തിൽ സർക്കാരിന്റെ തെറ്റിദ്ധാരണകൾ മാറ്റുന്നതിനായി ചർച്ചയ്ക്കും സംഭാഷണത്തിനും ക്രിസ്ത്യൻ മാനേജ്മെന്റുകൾ സന്നദ്ധവുമാണ്.

ജനാധിപത്യ സംവിധാനത്തിൽ സമരങ്ങളും പ്രതിഷേധങ്ങളും എന്നുമുതലാണ് നിങ്ങൾക്ക് വിരട്ടലായി തോന്നിയിട്ടുള്ളത്? ജനാധിപത്യഅവകാശങ്ങളും തുല്യനീതിയും ഉറപ്പാക്കാൻ സഹനസമരങ്ങൾ സാക്ഷാൽ മഹാത്മാഗാന്ധിജി തന്നെ പഠിപ്പിച്ച മാർഗമാണെന്നത് അങ്ങ് മറക്കരുത്. പൗരാവകാശങ്ങളിൽ സർക്കാർ കാണിച്ച വിവേചനത്തിനെതിരെ പ്രതിഷേധിക്കുമ്പോൾ വിരളുകയല്ല, വിവേകമുദിക്കുകയാണ് സാർ വേണ്ടത്. എൻ. എസ്. എസ്സിന് ഒരു നീതി. ക്രൈസ്തവ മാനേജ്മെന്റുകൾക്ക് മറ്റൊരു നീതി. ഇതെന്തു ജനാധിപത്യ മര്യാദയാണ് സാർ? ഒരു മാനേജ്മെന്റിന് പരമോന്നത കോടതിയിൽനിന്ന് ലഭിച്ച അനുകൂല വിധി സമാന സാഹചര്യമുള്ള മറ്റു മാനേജ്മെന്റുകൾക്ക് നിഷേധിക്കാൻ സാധ്യമാകുന്നതെങ്ങനെയാണ്? ഈ ഇരട്ടനീതിയെ ചോദ്യം ചെയ്യാതെ ജീവിക്കാൻ ഞങ്ങൾ അടിമത്വത്തിലൊന്നും അല്ലല്ലോ ജീവിക്കുന്നത്, സ്വതന്ത്ര ഭാരതത്തിലല്ലേ?

ബഹുമാന്യനായ മന്ത്രിയോടും ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടും ക്രൈസ്തവ മാനേജ്മെന്റുകൾക്ക് പറയാനുള്ളത്; ഞങ്ങളിവിടെ ഗവൺമെന്റിനോട് സംഘർഷത്തിനോ തിരഞ്ഞെടുപ്പിലെ രാഷ്ട്രീയലാഭത്തിനു വേണ്ടിയോ അല്ല ഈ സമരത്തിന് ഇറങ്ങിയത്. 2018 മുതൽ ഉന്നയിച്ച ആവശ്യമാണ് ഇപ്പോഴും ഉന്നയിക്കുന്നത്. മാത്രമല്ല, ഉപജീവനത്തിനുള്ള ഉപാധികൾ സകലതും അടയ്ക്കപ്പെട്ട് ദുരിതത്തിൽ ആയിരിക്കുന്ന പതിനാറായിരത്തിലധികം വ്യക്തികളുടെയും അത്രയും കുടുംബങ്ങളിലെ 50000–ത്തോളം വരുന്ന മനുഷ്യരുടെയും ജീവൽപ്രശ്നമാണ് നിങ്ങളുടെ മുൻപിലേക്ക് കൊണ്ടുവരുന്നത്. ഈ വിഷയത്തിൽ ദയവായി രാഷ്ട്രീയം കലർത്തി നശിപ്പിക്കാൻ ശ്രമിക്കരുത്. ഒരു ജനാതിപത്യ സർക്കാർ അതിലെ പൗരന്മാരോട് ദുശാഠ്യത്തിനു പോകുന്നത് ഉചിതമാണോ എന്ന് നിങ്ങൾ പര്യാലോചിക്കണം. ബഹു സഹസ്രം മനുഷ്യരുടെ കണ്ണീരിൽ നിങ്ങൾ രാഷ്ട്രീയം കലർത്താൻ ശ്രമിക്കരുത്.

# ഈ വിധവയുടെ നിലവിളി യുദ്ധവിളിപോലെ ലോകമെമ്പാടും പ്രതിധ്വനിക്കും: എറിക്ക ചാർളി കിർക്



കൊല്ലപ്പെട്ട അമേരിക്കൻ ഇൻഫ്ളൂവൻസറും അടിയുറച്ച ക്രൈസ്തവ വിശ്വാസിയുമായ ചാർലി കിർക്കിന്റെ വിയോഗത്തിന് ശേഷം ആദ്യമായി പ്രതികരിച്ച് ഭാര്യ എറിക്ക. 'സ്നേഹനിധിയായ രക്ഷകനായ യേശുവിന്റെ കരുണാമയമായ കരങ്ങളിലേക്ക് ചാർലി സ്വീകരിക്കപ്പെടട്ടെ' എന്നെഴുതിയ പ്രസംഗപീഠത്തിന് മുന്നിൽ നിന്നാണ് ഭാര്യ എറിക്ക ആദ്യമായി പ്രതികരിച്ചത്. 'നിങ്ങളുടെ പാരമ്പര്യം ഒരിക്കലും മരിക്കാൻ ഞാൻ അനുവദിക്കില്ല'. ദേശസ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ദൈവത്തിന്റെ കരുണാമയമായ സ്നേഹത്തിന്റെയും സന്ദേശം പ്രസംഗിച്ചതിനാലാണ് അവർ ചാർലിയെ കൊന്നത്. ഈ ഭാര്യയുടെ ഉള്ളിൽ നിങ്ങൾ കത്തിച്ച തീ എന്താണെന്ന് നിങ്ങൾക്കറിയില്ല, ഈ വിധവയുടെ നിലവിളി ഒരു യുദ്ധവിളി പോലെ ലോകമെമ്പാടും പ്രതിധ്വനിക്കും. അരാജകത്വവും അനിശ്ചിതത്വവും നിറഞ്ഞ ഈ ലോകത്ത് അദ്ദേഹത്തിന്റെ ശബ്ദം ഞാൻ നിലനിർത്തും. അവർ പറഞ്ഞു. തന്റെ പരേതനായ ഭർത്താവിന്റെ പ്രസ്ഥാനത്തിൽ ചേരണമെന്നും സഭയുടെ സജീവ അംഗങ്ങളായി മാറണമെന്നും എറിക്ക യുവജനങ്ങളോട് ആഹ്വാനം ചെയ്തു. അച്ഛനെവിടെ എന്ന മകളുടെ ചോദ്യത്തിന് 'കുഞ്ഞേ, അച്ഛൻ നിന്നെ വളരെയധികം സ്നേഹിക്കുന്നു. നീ വിഷമിക്കേണ്ട, അവൻ യേശുവിനൊപ്പം ജോലിസംബന്ധിമായ ഒരു യാത്രയിലാണ്' എന്ന് താൻ കൊടുത്ത മറുപടിയും എറിക്ക പങ്കുവച്ചു.

വളർന്നു വരുന്ന ദൈവനിരാസത്തിന്റെയും അരാജകത്വത്തിന്റെയും സംസ്കാരത്തിനെതിരെ, ക്രിസ്തുവിനെയും ക്രൈസ്തവ മൂല്യങ്ങളെയും ഉയർത്തിക്കാട്ടി ചാർളി കിർക് നടത്തിയ പോരാട്ടം ഒറ്റപ്പെട്ടതാകില്ല; ക്രിസ്തുവിന്റെ കരുണയെയും സ്നേഹത്തെയും ഉയർത്തിക്കാട്ടുന്ന ഒരായിരം ക്രിസ്തുസാക്ഷികൾ ആ ചിതറിത്തെറിച്ച ചോരയിൽനിന്നും ഉയർത്തെഴുന്നേൽക്കും, അവർ അമേരിക്കയെ മാത്രമല്ല ലോകത്തെ മുഴുവൻ സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും പുതിയ പ്രഭാതങ്ങളിലേക്കു നയിക്കുക തന്നെ ചെയ്യും.

അമേരിക്കയിലെ യൂട്ടവാലി സർവകലാശാലയിൽ നടന്ന ചടങ്ങിനിടെയാണു ചാർലി കിർക്ക് കൊല്ലപ്പെട്ടത്. കൂട്ട വെടിവയ്പ്പിനെ കുറിച്ചുള്ള ഒരു വിദ്യാർഥിയുടെ ചോദ്യത്തിനു മറുപടി നൽകുന്നതിനിടെ വെടിയേൽക്കുകയായിരുന്നു.

ചർച്ചകളിലും പൊതുവേദികളിലും ക്രിസ്തുവിലുള്ള വിശ്വാസവും ക്രിസ്തീയ മൂല്യങ്ങളും ശക്തമായി പ്രഘോഷിച്ചിരുന്ന വ്യക്തിയായിരുന്ന ചാർലി ക്രൈസ്തവർക്ക് നേരെയുള്ള വിവേചനങ്ങളുടെയും ലിംഗ പ്രത്യയശാസ്ത്രത്തിന്റെയും തുറന്ന വിമർശകൻ കൂടിയായിരുന്നു.

# മതപരിവർത്തന നിരോധനനിയമം; ഇനി പ്രതീക്ഷ സുപ്രീം കോടതിയിൽ

ഭാരതത്തിലെ ന്യൂനപക്ഷങ്ങളെ, പ്രത്യേകിച്ച് ക്രൈസ്തവരെ വേട്ടയാടാൻ രാഷ്ട്രീയ പാർട്ടികൾ ഭൂരിപക്ഷ പ്രീണനത്തിന്റെ ഭാഗമായി കൊണ്ടുവന്ന നിയമമാണ് മതപരിവർത്തന നിരോധന നിയമം. 'റിലീജിയസ് ഫ്രീഡം ആക്ട്' എന്നൊക്കെ ഓമനപേരിട്ടു കോൺഗ്രസ്സ് പാർട്ടിയാണ് ഇന്ത്യയിലാദ്യമായി ഈ നിയമം അവതരിപ്പിച്ചത്. ഭരണഘടനയുടെ 25, 28 അനുച്ഛേദങ്ങളിൽ നൽകിയിരിക്കുന്ന മതസ്വാതന്ത്ര്യത്തിനു എന്ത് കുറവുണ്ടായിട്ടാണ് 'റിലീജിയസ് ഫ്രീഡം ആക്ട്' കൊണ്ടുവന്നതെന്ന് ചോദിച്ചാൽ ഉത്തരമില്ല എന്നതാണ് സത്യം. ഹിന്ദു വർഗീയതയെ തൃപ്തിപ്പെടുത്താൻ മധുരത്തിൽ പൊതിഞ്ഞ വിഷയമായിരുന്നു പ്രസ്തുത 'റിലീജിയസ് ഫ്രീഡം ആക്ട്'. പിന്നീട് ഭൂരിപക്ഷ ഹൈന്ദവ വർഗീയ സംഘടനകളുടെ നിയന്ത്രണത്തിൽ വന്ന സർക്കാരുകൾ ഇതിനെ ദുരുപയോഗം ചെയ്യുന്നതും മതപരിവർത്തന നിരോധന നിയമം എന്ന പേരിൽ നിസ്സഹായരായ ക്രൈസ്തവ ന്യൂനപക്ഷത്തെ വേട്ടയാടാനും സാമൂഹിക സേവന മേഖലകളിൽനിന്നും അവരെ ആട്ടിയോടിക്കാനും ആയുധമാക്കുന്നതുമാണ് കഴിഞ്ഞ പതിറ്റാണ്ടുകളായി നാം കണ്ടുകൊണ്ടിരിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ നടന്ന ക്രൈസ്തവ പീഡനങ്ങൾ ഈ നിയമത്തിന്റെ ബലത്തിലായിരുന്നു.

വഖഫ് നിയമ ഭേദഗതിക്കെതിരെ സുപ്രീംകോടതിയിൽ കേസ് കൊടുക്കുകയോ കക്ഷിചേരുകയോ ചെയ്ത ഇടതു വലതു ന്യൂനപക്ഷ സ്നേഹികൾ, പതിറ്റാണ്ടുകളായി ഭാരതത്തിലെ ക്രൈസ്തവർ ഈ നിയമത്തിന്റെ മറവിൽ പീഡിപ്പിക്കപ്പെട്ടിട്ടും ഭരണഘടന വിരുദ്ധമായ മതപരിവർത്തന നിരോധന നിയമം ഇന്ത്യയിലെ 11 സംസ്ഥാനങ്ങളിൽ പാസാക്കിയിട്ടും നാളിതുവരെ ഈ നിയമത്തിനെതിരെ കേസ് കൊടുക്കുകയോ, കേസിൽ കക്ഷിചേരുകയോ ചെയ്തിട്ടില്ലെന്ന സത്യം ക്രൈസ്തവർ തിരിച്ചറിയുന്നുണ്ട്.

നിർബന്ധിത മതപരിവർത്തന നിരോധനനിയമത്തിന്റെ സാധുതയെ ചോദ്യം ചെയ്തുകൊണ്ടും, ഈ നിയമം ഭരണഘടനാ വിരുദ്ധമാണെന്നു വാദിച്ചുകൊണ്ടും വിവിധ ഹൈക്കോടതികളുടെ പരിഗണയിലുണ്ടായിരുന്ന ഹർജികൾ സുപ്രീം കോടതിയിലേക്ക് മാറ്റാൻ ചീഫ്ജസ്റ്റിസ് ബി. ആർ. ഗവായ്‌യുടെ നേതൃത്വത്തിലുള്ള ബഞ്ച് നിർദേശം പുറപ്പെടുവിച്ച ആശ്വാസകരമായ വാർത്തയാണ് ഇപ്പോൾ പുറത്തുവരുന്നത്. മാത്രമല്ല നിർബന്ധിത മതപരിവർത്തന നിരോധനനിയമം പാസാക്കിയ സംസ്ഥാനങ്ങളോട് നാലു ആഴ്ചക്കുള്ളിൽ വിശദീകരണം നൽകാനും സുപ്രീംകോടതി ആവശ്യപ്പെട്ടിട്ടുണ്ട്. ആറാഴ്ചയ്ക്കുള്ളിൽ സുപ്രീംകോടതി ഹർജികൾ വീണ്ടും പരിഗണിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

വിവിധ സംസ്ഥാനങ്ങൾ ഭരണഘടനാവിരുദ്ധമായി പാസ്സാക്കിയ മതപരിവർത്തന നിരോധനനിയമങ്ങൾ റദ്ദ് ചെയ്യണം എന്നാവശ്യപ്പെട്ടു 'സിറ്റിസൺ ഫോർ ജസ്റ്റിസ് ആൻഡ് പീസ്' എന്ന സംഘടനാ സുപ്രീം കോടതിയെ സമീപിച്ചതിന്റെ വെളിച്ചത്തിലാണ് ഈ നടപടി. നിരപരാധികളായ ക്രൈസ്തവരെ വേട്ടയാടാൻ വർഗീയ ശക്തികൾക്ക് ഇവിടുത്തെ രാഷ്ട്രീയക്കാർ നിർമ്മിച്ച് നൽകിയ മതപരിവർത്തന നിരോധന നിയമമെന്ന മാരകായുധത്തെ സുപ്രീം കോടതി നിർവീര്യമാക്കുമെന്ന പ്രതീക്ഷയിലാണ് ക്രൈസ്തവ ന്യൂനപക്ഷം.

# വിശുദ്ധ ദേവസഹായം ഭാരതത്തിലെ അല്മായരുടെ മധ്യസ്ഥൻ



ദൈവആരാധനയ്ക്കും (ഡിവൈൻ വർഷിപ്പ്) കൂദാശകളുടെ ശിക്ഷണത്തിനുമുള്ള (ഡിസ്സിപ്ലിൻ ഓഫ് ദി സാക്രമെന്റ്സ്) ഡിക്കാസ്റ്ററി വഴി പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപ്പാപ്പ, ഇന്ത്യയിലെ അല്മായരുടെ മദ്ധ്യസ്ഥനായി വിശുദ്ധ ലാസർ ദേവസഹായത്തെ ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഇതുമായി ബന്ധപ്പെട്ട ഔദ്യോഗിക പ്രഖ്യാപനം 2025 ഒക്ടോബർ 15-ന് വാരണാസിയിലെ സെന്റ് മേരീസ് കത്തീഡ്രലിൽ നടക്കും. 'വിശുദ്ധ ലാസർ ദേവസഹായത്തോടുള്ള ഭക്തി ഇന്ത്യയിലെ സാധാരണ വിശ്വാസികളെ ദൈവസ്നേഹത്തിൽ വളർത്താനും, അവരുടെ വിശ്വാസാചാരങ്ങൾ ആഴത്തിലാക്കാനും, സഭയെയും സമൂഹത്തെയും സജീവമായി സേവിക്കാനും പ്രചോദിപ്പിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു,' സിസിബിഐ പ്രസിഡന്റ് കർദ്ദിനാൾ ഫിലിപ്പ് നേരി ഫെറാവോ ഇതുമായി ബന്ധപ്പെട്ടു പുറത്തിറക്കിയ കുറിപ്പിൽ പറഞ്ഞു.

വിശുദ്ധ ലാസർ ദേവസഹായം (1712-1752) ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത ഹിന്ദുവായിരുന്നു. കത്തോലിക്കാ സഭ വിശുദ്ധനായി പ്രഖ്യാപിക്കുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ സാധാരണക്കാരനും രക്തസാക്ഷിയും ആയിരുന്നു ദേവസഹായം. തമിഴ്നാട്ടിലെ നത്തളത്തിൽ നീലകണ്ഠപിള്ള എന്ന പേരിൽ ജനിച്ച അദ്ദേഹം തിരുവിതാംകൂർ രാജ്യത്തിൽ ഒരു കോടതി ഉദ്യോഗസ്ഥനായി സേവനമനുഷ്ഠിച്ചു. ക്രിസ്ത്യൻ വിശ്വാസത്തിൽ ആകൃഷ്ടനായ അദ്ദേഹം 1745-ൽ ലാസർ എന്ന പേര് സ്വീകരിച്ചുകൊണ്ട് മാമ്മോദീസ സ്വീകരിച്ചു ക്രിസ്ത്യാനിയായിമാറി. ലാസർ എന്ന പേരിന്റെ തമിഴ് രൂപമാണ് ദൈവമാണ് എന്റെ സഹായം' എന്നർഥം വരുന്ന ദേവസഹായം എന്ന പേര്. ക്രൈസ്തവവിശ്വാസിയായി മാറിയ ദേവസഹായത്തിനു പക്ഷേ കൊടിയ പീഡനങ്ങളാണ് നേരിടേണ്ടി വന്നത്. വിശ്വാസം ഉപേക്ഷിക്കാൻ വിസമ്മതിച്ചതിന് അദ്ദേഹത്തിന്റെ പരിവർത്തനം പീഡനത്തിനും തടവിനും കാരണമായി, 1752-ൽ ദൈവസഹായം രക്തസാക്ഷിത്വം വരിച്ചു.

2012 ഡിസംബർ രണ്ടിന് തമിഴ്നാട്ടിലെ നാഗർകോവിലിൽ, കർദിനാൾ ആഞ്ചലോ അമറ്റോയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ദേസഹായത്തെ വാഴ്ത്തപ്പെട്ടവനായും 2022 മെയ് 15-ന് വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന ചടങ്ങിൽ ഫ്രാൻസിസ് മാർപാപ്പ വിശുദ്ധനായും പ്രഖ്യാപിച്ചിരുന്നു.

# രോഗശയ്യയിലെ വെളിപാടുകൾ






**എന്റെ രോഗം കർത്താവിന്റെ ഒരു സമ്മാനമാണ്. നമുക്ക് സമാധാനത്തോടെ ജീവിക്കാം. അവന് എന്തും ചെയ്യാൻ കഴിയും.**

'എന്റെ രോഗം കർത്താവിന്റെ ഒരു സമ്മാനമാണ്. നമുക്ക് സമാധാനത്തോടെ ജീവിക്കാം. അവന് എന്തും ചെയ്യാൻ കഴിയും' രക്താർബുദത്തിന്റെ കഠിന വേദനയിലൂടെ കടന്നുപോകുന്ന ഒരു കൗമാരക്കാരന്റെ വാക്കുകളാണ് ഇതെന്ന് വിശ്വസിക്കാനാവുമോ? പക്ഷേ വിശ്വസിച്ചേ തീരൂ. ദൈവദാസൻ പിയറഞ്ചലോ കപുസിമാറ്റി രോഗത്തിലൂടെയും അത് നല്കുന്ന കഠിന വേദനകളിലൂടെയും കടന്നുപോയത് വിശ്വാസം എന്ന സമ്പാദ്യം മാത്രം കൈമുതലാക്കിക്കൊണ്ടായിരുന്നു.

1990 ജൂൺ 28-ന് ഇറ്റലിയിലെ ടരാന്റോയിലാണ് പിയറഞ്ചലോ കപ്പൂസിമാറ്റി ജനിച്ചത്. മതപരമായ കാര്യങ്ങളിൽ തീക്ഷ്ണത പുലർത്തിയിരുന്നവരോ ദൈവികകാര്യങ്ങളിൽ അത്യുത്സാഹകരോ ആയിരുന്നില്ല അവന്റെ മാതാപിതാക്കൾ. എങ്കിലും ചെറുപ്പം മുതൽ പിയറഞ്ചലോയുടെ ജീവിതം വ്യത്യസ്തമായിരുന്നു. ശാന്തനും സൗമ്യനുമായ കുട്ടി എന്നതായിരുന്നു പഠനകാലത്ത് അവനെക്കുറിച്ച് അധ്യാപകർക്കു സഹപാഠികൾക്കും പറയാനുണ്ടായിരുന്നത്. അവന് അഞ്ച് വയസ് ഇളപ്പത്തിലാണ് അനിയത്തി സാറ ജനിച്ചത്. ചേട്ടനും അനിയത്തിയും തമ്മിലുള്ള ആത്മബന്ധം തീവ്രമായിരുന്നു. പഠനകാര്യങ്ങളിൽ മാത്രമല്ല വായനയിലും പിയറഞ്ചലോ മുമ്പന്തിയിലായിരുന്നു. അവന്റെ വിജ്ഞാനദാഹം എല്ലാവരെയും അതിശയിപ്പിക്കുന്ന വിധത്തിലായിരുന്നു.

എല്ലാം സാധാരണപോലെ കടന്നുപോയിക്കൊണ്ടിരുന്ന അത്തരം ദിവസങ്ങളിലായിരുന്നു ആ കുടുംബത്തിന്റെ തന്നെ വിധി തലകീഴായി മറിച്ചുകൊണ്ട് അവന് രക്താർബുദം സ്ഥിരീകരിച്ചത്. 2004-ൽ ആയിരുന്നു അത്. രോഗചികിത്സയുടെ ഇടവേളകൾക്കിടയിലും പഠിക്കാനും വായിക്കാനും പിയറഞ്ചലോ സമയം കണ്ടെത്തി. സ്കൂളിൽ പോകാൻ കഴിയാതിരുന്ന അവസരത്തിൽ അധ്യാപകനെ വീട്ടിൽ വരുത്തിയായിരുന്നു പഠനം തുടർന്നത്. 2005-ൽ ശസ്ത്രക്രിയയ്ക്ക് വിധേയനായി. തുടർന്നുള്ള ഓരോ വർഷങ്ങളിലും രോഗസംബന്ധമായ പലവിധചികിത്സകളിലൂടെ അവൻ കടന്നുപോയി. രോഗകിടക്കയിലും അവൻ പുലർത്തിയിരുന്ന അചഞ്ചലമായ ദൈവവിശ്വാസം മാതാപിതാക്കളെ അത്ഭുതപ്പെടുത്തി. അന്നുവരെയുള്ള ജീവിതത്തിന്റെ ഗതിവിഗതികളെ മാറ്റിമറിച്ചുകൊണ്ട് അവരുടെ ജീവിതവും വിശ്വാസത്തിലേക്ക് വഴിതുറന്നു. രോഗത്തെ ദൈവത്തിന്റെ സമ്മാനമായിട്ടാണ് പിയറഞ്ചലോ കണ്ടിരുന്നത്. അതിലൂടെ ദൈവത്തിന്റെ പദ്ധതികൾ മനസ്സിലാക്കാൻ അവന് സാധിച്ചു. നാലുവർഷത്തോളം നീണ്ടുനിന്ന സഹനജീവിതത്തിനു ശേഷം 2008 ഏപ്രിൽ 30-ന് പിയറഞ്ചലോ സ്വർഗീയപിതാവിന്റെ മടിത്തട്ടിലേക്ക് യാത്രയായി. പതിനെട്ടാം ജന്മദിനത്തിന് രണ്ടു മാസങ്ങൾക്ക് മുമ്പായിരുന്നു ആ വേർപാട്.

സാൻ ജോർജിയോ ജോണിക്കോ നഗരത്തിലെ ദേവാലയ സെമിത്തേരിയിലാണ് പിയറഞ്ചലോയുടെ ഭൗതികദേഹം സംസ്കരിച്ചിരിക്കുന്നത്. പോപ്പ് ബെനഡിക്ട് പതിനാറാമനുമായി കൂടിക്കാഴ്ചയ്ക്കുള്ള അവസരവും പിയറഞ്ചലോയ്ക്ക് ലഭിച്ചിട്ടുണ്ട്.സഭയ്ക്ക് പുറത്തു രക്ഷയില്ല എന്നൊരു വിശ്വാസമാണ് പിയറഞ്ചലോ പുലർത്തിയിരുന്നത്. ദൈവം ഒരു ആവശ്യവും അനിവാര്യതയുമാണെന്ന് സത്യമാണ് അദ്ദേഹം രേഖപ്പെടുത്തിയിരുന്നത്. മതം മനുഷ്യന്റ ആവശ്യമായിരുന്നുവെങ്കിൽ അത് മനുഷ്യനാൽ സൃഷ്ടിക്കപ്പെടാൻ കഴിയില്ലെന്നും അദ്ദേഹം വിശ്വസിച്ചു. രോഗങ്ങൾ ഏതൊരാളെയും ദൈവത്തിൽ നിന്ന് അകറ്റിക്കളയുമ്പോൾ രോഗങ്ങൾ ദൈവത്തിലേക്ക് ചേർത്തുനിർത്തിയെന്നതാണ് പിയറഞ്ചലോയെ വ്യത്യസ്തനാക്കുന്നത്. രോഗകാലം പ്രാർത്ഥനയ്ക്കു മാത്രമല്ല പഠിക്കാനും വിനിയോഗിച്ചുവെന്നത് നിസ്സാരമല്ല.

സൃഷ്ടിയുടെ സൗന്ദര്യത്തെക്കുറിച്ച് ധ്യാനിക്കാനുള്ള വേളയാക്കി അദ്ദേഹം ഇതു മാറ്റി. പതിനേഴാം വയസിൽ ഈ ലോകത്തിൽ നിന്ന് മറഞ്ഞുപോകുമ്പോൾ പിയറഞ്ചലോ നമ്മെ പഠിപ്പിച്ച പാഠം സഹനങ്ങൾ ദൈവത്തിൽ നിന്നുള്ള ദാനമാണെന്നായിരുന്നു. എനിക്ക് ഒന്നും മനസ്സിലാകുന്നില്ല. പക്ഷേ ഞാൻ എല്ലാം വിശ്വസിക്കുന്നുവെന്നായിരുന്നു പിയറഞ്ചലോയുടെ വാക്കുകൾ. 2018 ഏപ്രിൽ 26-ന് പരിശുദ്ധ സിംഹാസനം പിയറാഞ്ചലോയുടെ നാമകരണനടപടിക്ക് അനുവാദം നല്കുകയും 2024 ജനുവരി 20-ന് രൂപതാതല നാമകരണനടപടികൾ പൂർത്തിയാവുകയും ചെയ്തു. ■

# വിവാഹത്തിന്റെ കൗദാശികസ്വീകരണത്തിനു മുൻപ് സിവിൽ രജിസ്ട്രേഷൻ

CANON LAW

**റവ. ഡോ. മാത്യു ശൗര്യാംകുഴി**

മാമ്മോദീസ സ്വീകരിച്ച ഒരു സ്ത്രീയും പുരുഷനും തമ്മിൽ ജീവിതകാലം മുഴുവനുമുള്ള പങ്കാളിത്തം സ്ഥാപിക്കുന്ന കൂദാശയാണ് വിവാഹം. ഈ കൂദാശ അവരുടെ തന്നെ സുസ്ഥിതിക്കും കുഞ്ഞുങ്ങൾക്ക് ജന്മംനല്കലിനും വളർത്തലിനും വേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ്. വിവാഹത്തിലേർപ്പെടുന്ന ഇരു കക്ഷികൾക്കും വിവാഹത്തെ അസാധുവാക്കുന്ന കാനോനിക തടസങ്ങൾ ഉണ്ടാകരുത്, അതുപോലെ തന്നെ നിയമാനുസൃതം സമ്മതം പ്രകടിപ്പിക്കുകയും വേണം. കത്തോലിക്കാ വിവാഹം സാധുവാകാൻ കാനോനിക ക്രമം കൃത്യമായി പാലിക്കേണ്ടതുണ്ട്. ഇപ്രകാരം സാധുവായ വിവാഹബന്ധത്തിലൂടെ ദമ്പതികൾ കുടുംബ ജീവിതത്തിലേക്ക് പ്രവേശിക്കുന്നു.

ഇപ്പോഴത്തെ മാറിയ സാമൂഹ്യ ചുറ്റുപാടിൽ വിദേശ രാജ്യങ്ങളിലേക്കുള്ള ഫാമിലി വിസ നേടുന്നതിനും മറ്റുമായി പലപ്പോഴും അടിയന്തരമായി വിവാഹസർട്ടിഫിക്കറ്റ് ആവശ്യമായി വരാറുണ്ട്. എന്നാൽ വിവാഹത്തിന്റെ കൗദാശിക സ്വീകരണത്തിന് വേണ്ടത്ര ക്രമീകരണങ്ങൾ നടത്തുന്നതിനുള്ള സമയക്കുറവ് മൂലം സിവിൽ രജിസ്ട്രേഷൻ നടത്തി രേഖകൾ ശരിയാക്കാൻ പലരും താല്പര്യപ്പെടുന്നു. ഇത്തരം സാഹചര്യങ്ങൾ പരിഗണിച്ച്, സീറോ മലബാർ സഭയുടെ പ്രത്യേക നിയമം പരിഷ്കരിക്കാൻ 2023 ഓഗസ്റ്റ് 21 മുതൽ 26 വരെ നടന്ന സീറോ-മലബാർ സഭാസിനഡ് തീരുമാനിച്ചു. അതിൻപ്രകാരം അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പ് സീറോ മലബാർ സഭാ വിശ്വാസികൾക്കുവേണ്ടി പുതിയ ചട്ടങ്ങൾ പ്രഖ്യാപിച്ചു (Prot. No. 1007/2023).



പുതുക്കിയ നിയമപ്രകാരം, വിദേശ രാജ്യങ്ങളിലേക്കുള്ള ഫാമിലി വിസ നേടുന്നതുപോലെയുള്ള ഗൗരവമായ കാരണങ്ങളാൽ, വിവാഹത്തിന്റെ കൗദാശിക സ്വീകരണത്തിന് മുൻപ് സിവിൽനിയമ പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യേണ്ട സാഹചര്യം ഉണ്ടായാൽ, സ്ഥലം മേലധ്യക്ഷനെ സമീപിച്ച് അനുമതി തേടാവുന്നതാണ്. ഈ അനുമതി ഒരുമിച്ചു താമസിച്ച് കുടുംബജീവിതത്തിലേക്ക് കടക്കാനുള്ള അനുവാദമല്ല, മറിച്ച് കക്ഷികളുടെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് സാധുവായ രേഖകൾ നേടുന്നതിനുള്ള അനുവാദം മാത്രമാണ്. ഇതിനായി വരനും വധുവും ഒപ്പിട്ട അപേക്ഷ ഇരുവരുടെയും വികാരിയച്ചന്മാരുടെ സാക്ഷ്യപത്രത്തോടൊപ്പം വരന്റെ സ്ഥലംമേലധ്യക്ഷന് സമർപ്പിക്കേണ്ടതാണ്. അതിനു സാധിക്കാത്ത സാഹചര്യങ്ങളിൽ വധുവിന്റെ സ്ഥലംമേലദ്ധ്യക്ഷനെ സമീപിക്കാവുന്നതാണ്. കക്ഷികൾ അറിയിക്കുന്ന കാര്യങ്ങൾ വാസ്തവമാണോ എന്ന് വികാരിയച്ചൻമാർ അന്വേഷിച്ച് ബോധ്യപ്പെട്ടതിനു ശേഷമാണ് ശുപാർശ ചെയ്യേണ്ടത്. വിവാഹം കൗദാശികമായി ആശീർവദിക്കുന്നതിന് മുൻപ് ഒരുമിച്ചു താമസിക്കുന്നത് പാപകരമാണെന്ന് ബോധ്യമുണ്ടെന്നും അതുകൊണ്ട് അങ്ങനെ ചെയ്യില്ലെന്നും ഏറ്റവും അടുത്ത സമയത്തു തന്നെ പള്ളിയിൽ വച്ച് വിവാഹകൂദാശാസ്വീകരണം നടത്തുമെന്നും കക്ഷികൾ അപേക്ഷയിൽ വ്യക്തമാക്കേണ്ടതാണ്.

സിവിൽ രജിസ്ട്രേഷന് ശേഷം ഇരുകക്ഷികളും വിവാഹ സർട്ടിഫിക്കറ്റിന്റെ കോപ്പികൾ സ്വന്തം വികാരിയച്ചന്മാരെ ഏല്പിക്കേണ്ടതാണ്. രജിസ്റ്റർ വിവാഹത്തെ സംബന്ധിച്ച കാര്യങ്ങൾ രണ്ടു പള്ളികളുടെയും വിവാഹ രജിസ്റ്ററുകളിൽ പ്രത്യേക വിഭാഗത്തിൽ രേഖപ്പെടുത്തണം. പിന്നീട് കൗദാശികമായി വിവാഹം ആശീർവദിക്കുന്നതിനു മുൻപ് ഇരു കക്ഷികളിൽ ആരെങ്കിലും ആവശ്യപ്പെട്ടാൽ മനസ്സമ്മതവും വിവാഹ പരസ്യവും നടത്താൻ വികാരിയച്ചൻമാർക്ക് അനുവദിക്കാവുന്നതാണ്. ഇതിനായി പ്രത്യേക അനുവാദം വാങ്ങേണ്ടതില്ല. പള്ളിരേഖകളിൽ വിവാഹത്തീയതി എന്ന് രേഖപ്പെടുത്തുന്നതും സർട്ടിഫിക്കറ്റ് നൽകുന്നതും കൂദാശയായി പരികർമ്മം ചെയ്യുന്ന വിവാഹമായിരിക്കും. എന്നാൽ റിമാർക്ക് കോളത്തിൽ സിവിൽ വിവാഹത്തീയതി രേഖപ്പെടുത്തേണ്ടതാണ്.

വിവാഹകൂദാശാ സ്വീകരണത്തിന്റെ അവസരത്തിൽ കക്ഷികൾ രജിസ്റ്റർ വിവാഹത്തിന്റെ കാര്യം വികാരിയച്ചന്മാരെ ഓർമിപ്പിക്കുന്നത് ഉചിതമായിരിക്കും. അതുപോലെ തന്നെ ഇടവകപ്പള്ളിയിൽവച്ച് അല്ല കൗദാശികമായി വിവാഹം ആശീർവദിക്കപ്പെടുന്നത് എങ്കിൽ, രജിസ്റ്റർ വിവാഹത്തിന്റെ കാര്യം വികാരിയച്ചന്മാർ ദേശക്കുറിയിൽ റിമാർക്ക് കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ■

# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

## ആഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 22 വരെ

**ആഗസ്റ്റ്**

- **28 വ്യാഴം:** കേരളത്തിനു വെളിയിൽ പുതുതായി രൂപം കൊണ്ട നാലു പ്രോവിൻസുകളുടെയും അദിലാബാദ്, ബൽത്തങ്ങാടി മെത്രാന്മാരുടെ നിയമനങ്ങളുടെയും പ്രഖ്യാപനം സഭാകാര്യാലയത്തിൽ നടന്ന പൊതുസമ്മേളനത്തിൽ നിർവഹിച്ചു.
- **29 വെള്ളി:** സിനഡു സമ്മേളനത്തിന്റെ സമാപനത്തിൽ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ നവീകരിച്ച റിസപ്ഷൻ ലോബിയുടെ വെഞ്ചരിപ്പ് കർമ്മം സിനഡുപിതാക്കന്മാരുടെ സാന്നിധ്യത്തിൽ നിർവഹിച്ചു.

**സെപ്റ്റംബർ**

- **3 ബുധൻ:** സ്നേഹഗിരി മിഷനറി സന്യാസിനിസമൂഹം മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കോൺഗ്രിഗേഷനായി ഉയർത്തപ്പെട്ടതിന്റെ വാർഷികത്തോടനുബന്ധിച്ച് പാലായിലെ ജനറലേറ്റിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.
- **5 വെള്ളി:** സീറോമലബാർസഭ കാര്യാലയത്തിൽ ദീർഘകാലം ചാൻസലറായി സേവനം ചെയ്ത ബഹു. ആന്റണി കൊള്ളന്നൂരച്ചന്റെ മരണവാർത്തയറിഞ്ഞ് മനക്കൊടി സാവിയോ ഹോമിൽ പോയി ഒപ്പീസുചൊല്ലി പ്രാർഥിച്ചു.
- **6 ശനി:** എട്ടു നോമ്പിന്റെ ഭാഗമായി ഇടുക്കി രൂപതയിൽ രാജകുമാരി ഫൊറോന ദേവാലയത്തിലേക്ക് സംഘടിപ്പിച്ച മരിയൻ തീർഥാടനത്തിന്റെ സമാപനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി
- **8 തിങ്കൾ:** തൃശൂർ മേരി മാതാ മേജർ സെമിനാരിയിൽ സ്ഥാപിതമായ മേരി മാതാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനം നിർവഹിച്ചു.
- **10 ബുധൻ:** ഡൽഹിയിൽ നടന്ന സിബിസിഐ സ്റ്റാൻഡിങ് കമ്മിറ്റിയിൽ സംബന്ധിച്ചു
- **13 ശനി:** അജപാലനസന്ദർശനത്തിനും ദശവത്സരാഘോഷങ്ങളുടെ സമാപനത്തിലും പങ്കെടുക്കുന്നതിനായി കാനഡയിലെ മിസിസാഗ രൂപതയിൽ എത്തി
- **19 വെള്ളി:** മിസിസാഗ രൂപതയിലെ വിവിധ സംഘടനകളുടെ പ്രവർത്തകരുമായി സംവദിച്ചു.
- **20 ശനി:** മിസിസാഗ രൂപത സ്ഥാപിതമായതിന്റെ ദശവത്സരാഘോഷങ്ങളുടെ സമാപനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശംനല്കി. തുടർന്ന് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.
- **22 തിങ്കൾ:** തൃശൂർ അതിരൂപതയുടെ മുൻഅധ്യക്ഷൻ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ സംസ്കാരചടങ്ങുകളുടെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിക്കുകയും സമാപനശുശ്രൂഷകൾക്ക് നേതൃത്വം നല്കുകയും ചെയ്തു.

# വിശ്വസ്തരായി ശുശ്രൂഷ ചെയ്യുന്നവർ

## 2027 – ൽ സുവർണജൂബിലി ആഘോഷിക്കാൻ തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുകയാണ് കോൺഗ്രിഗേഷൻ ഓഫ് ദ പ്രേഷിതാരാം സിസ്റ്റേഴ്സ്



എറണാകുളം അതിരൂപതയുടെ വേദപ്രചാരഡയറക്ടറായിരുന്ന ഫാ. ജോർജ് കൊച്ചുപറമ്പിൽ കാലടി കേന്ദ്രീകരിച്ച് ശുശ്രൂഷ നടത്തിക്കൊണ്ടിരിക്കുന്ന സമയത്താണ് കാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് തുടക്കം കുറിച്ചത്. ധ്യാനഗുരു, ഹരിജന ക്രൈസ്തവരുടെ സമുദ്ധാരകൻ, എന്നീ നിലകളിൽ അദ്ദേഹം അറിയപ്പെട്ടിരുന്നു. പിന്നീട് 1964 ഓഗസ്റ്റ് 25-ന് അച്ചൻ പ്രേഷിതാരാം കാറ്റക്കെറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് ആരംഭം കുറിച്ചു. ഇടവകകളിൽ വിശ്വാസപരിശീലനം നൽകുന്നതിനുവേണ്ടി വ്യക്തികളെ ഒരുക്കുവാനായി രണ്ടുവർഷത്തെ ഡിപ്ലോമ കോഴ്സുകളും ഇവിടെ നടത്തിയിരുന്നു. ഈ കാലയളവിൽ തന്നെ വേദധ്യായനത്തിനും ദരിദ്രജനശുശ്രൂഷക്കും സുവിശേഷപ്രചാരണത്തിനും പ്രാമുഖ്യവും പ്രാഥമികത്വവും നൽകുന്ന ഒരു സന്ന്യാസിനീസമൂഹത്തിന് രൂപം കൊടുക്കുകയെന്നത് ഒരു സ്വപ്നമായി അദ്ദേഹത്തിന്റെ ഉള്ളിൽ കയറിക്കൂടിയിരുന്നു. അതിന്റെ പ്രഥമപടിയായി സേവനതീക്ഷണതയും ത്യാഗസന്നദ്ധതയുമുള്ള യുവതികൾക്ക് പരിശീലനം നൽകി. പരിശീലനം സിദ്ധിച്ച ഇവർ അതിരൂപതയുടെ വിവിധ ഇടവകകളിൽ സേവനം ചെയ്തു. പാവപ്പെട്ടവർക്കുവേണ്ടി സേവനം ചെയ്യുന്നതിനുള്ള ഇവരുടെ ആഗ്രഹവും പാവങ്ങളോട് പ്രതിബദ്ധത പുലർത്തുന്ന സന്ന്യാസസമൂഹമെന്ന അച്ചന്റെ ആശയവും ഒത്തുചേർന്നപ്പോൾ പ്രേഷിതാരാം സന്ന്യാസിനി സമൂഹം പിറവിയെടുക്കുകയായിരുന്നു. 1977 ഡിസംബർ എട്ടിന് പ്രേഷിതാരാം കാറ്റക്കെറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനെ കോൺഗ്രിഗേഷൻ ഓഫ് ദ പ്രേഷിതാരാം സിസ്റ്റേഴ്സ് എന്ന രൂപതാ പദവിയിലുള്ള സന്ന്യാസിനി സമൂഹമായി അന്നത്തെ എറണാകുളം അതിരൂപതാധ്യക്ഷൻ കർദിനാൾ ജോസഫ് പാറേക്കാട്ടിൽ അംഗീകരിച്ചുയർത്തി.

വിശ്വസ്തരായി ശുശ്രൂഷ ചെയ്യുക എന്ന പ്രേഷിതാരാമിന്റെ കാരിസം ശിരസാവഹിച്ച് 1978 മെയ് ഒന്നിന് ആദ്യബാച്ചിലെ 12 നവസന്ന്യാസിനികൾ വ്രതവാഗ്ദാനം ചെയ്ത് സന്ന്യാസവസ്ത്രം സ്വീകരിച്ചു. പരിശുദ്ധ അമലോത്ഭവ മാതാവ് മധ്യസ്ഥയായ ഈ സന്യാസിനിസമൂഹത്തിന്റെ ആധ്യാത്മികത വിശുദ്ധ ഇഗ്നേഷ്യസ് ലയോളയുടെ പ്രാർഥനാശൈലിയിലും വിശുദ്ധ വിൻസെന്റ് ഡീപോളിന്റെ കർമ്മനിരതമായ പ്രവർത്തന ശൈലിയിലും അധിഷ്ഠിതമാണ്. കൊച്ചുപറമ്പിൽ അച്ചന്റെ ജീവിതകാലത്ത് എറണാകുളം അതിരൂപതയിൽ കാലടി, ഐമുറി, ചുള്ളി, ചിറ്റേത്തുകര, തൃക്കാക്കര, അയ്യംമ്പുഴ എന്നിവിടങ്ങളിലായി ആറ് സന്യാസഭവനങ്ങൾ ആരംഭിച്ചു. 'ക്രിസ്തുവിൽ പാവങ്ങളെ സേവിക്കുക' എന്ന സുവിശേഷ ആദർശ്യ വാക്യം പ്രേഷിതാരാം സിസ്റ്റേഴ്സിനെ ഭരമേല്പിച്ചുകൊണ്ട് 1982 ഏപ്രിൽ 26-ന് അദ്ദേഹം നിത്യതയിലേക്ക് യാത്രയായി. 1984-ൽ വിൻസെൻഷ്യൻ കോൺഗ്രിഗേഷന്റെ സുപ്പീരിയർ ജനറൽ ആയിരുന്ന ഫാ. ജോർജ് കമ്മട്ടിൽ പ്രേഷിതാരാമിന്റെ ഡയറക്ടറായി നിയമിതനായി. 2013 ആഗസ്റ്റ് 15-ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രേഷിതാരം സന്ന്യാസിനീസമൂഹത്തെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ പദവിയിലേക്കുയർത്തി.

മതാധ്യാപനം, ഭവനസന്ദർശനം, നഴ്സറി സ്കൂൾ, ബാലഭവനങ്ങൾ, വൃദ്ധമന്ദിരങ്ങൾ, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കും മുതിർന്നവർക്കും വികലാംഗരായ കുട്ടികൾക്കും ഉള്ള സ്ഥാപനങ്ങൾ, ഇടവകപ്രവർത്തനങ്ങൾ, ആതുരശുശ്രൂഷ, മുദ്രാലയപ്രേഷിതത്വം, ഹോംമിഷൻ, ടെയ്‌ലറിംഗ് സെന്ററുകൾ, വിമൻസ് ഹോസ്റ്റലുകൾ, സാമൂഹ്യസമുദ്ധാരണ പദ്ധതികൾ എന്നീ മേഖലകളിൽ കേരളത്തിലും മഹാരാഷ്ട്ര, മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, ഹരിയാന, പഞ്ചാബ്, എന്നീ അന്യസംസ്ഥാനങ്ങളിലും ഇറ്റലി, ജർമ്മനി എന്നീ വിദേശരാജ്യങ്ങളിലുമായി അംഗങ്ങൾ സേവനം ചെയ്യുന്നു. 12 രൂപതകളിലായി 55 ഭവനങ്ങളും 300 അംഗങ്ങളുമായി പ്രേഷിതാരാം സന്യാസിനി സമൂഹം ഇന്ന് വളർന്നുപന്തലിച്ചിരിക്കുന്നു. സിസ്റ്റർ ഡോണ CPS ആണ് സുപ്പീരിയർ ജനറൽ. 2027-ൽ സുവർണ്ണജൂബിലി ആഘോഷിക്കാനുള്ള തയ്യാറെടുപ്പുകളിലാണ് ഇപ്പോൾ കോൺഗ്രിഗേഷൻ ഓഫ് ദ പ്രേഷിതാരാം സിസ്റ്റേഴ്സ്. ■

# ക്രൈസ്തവർ കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിയണം: ബിഷപ് അംബ്രോസ് പുത്തൻവീട്ടിൽ




ഇരിങ്ങാലക്കുട: കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിയണമെന്നും അതിനനുസരിച്ചു മാറ്റങ്ങൾ വരുത്താൻ ക്രൈസ്തവരായ നാം പഠിക്കണമെന്നും കോട്ടപ്പുറം ബിഷപ്പ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ. ഇരിങ്ങാലക്കുട രൂപത 48-ാം രൂപതാദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഭയിൽ വിവിധ തലങ്ങളിൽ അവിശ്വാസവും അന്തഃഛിദ്രവും വളർത്താൻ അന്ധകാരശക്തികൾ ശ്രമിക്കുന്നതിനെതിരെ വിശ്വാസികളും വൈദികരും സഭാപിതാക്കൻമാരും ജാഗ്രത പാലിക്കണം. പ്രാർഥനയും ഉപവാസവും വിശുദ്ധഗ്രന്ഥത്തോടും പാരമ്പര്യത്തോടുമുള്ള പ്രതിബദ്ധതയും ശക്തിപ്പെടുത്തിയാൽ സഭ നേരിടുന്ന ഇത്തരം വെല്ലുവിളികളെ അതിജീവിക്കാൻ കഴിയും. റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ പ്രത്യാശ പ്രകടിപ്പിച്ചു. രൂപതാദിനം ആഘോഷിക്കുന്ന ഇരിങ്ങാലക്കുട രൂപതയ്ക്ക് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ കോട്ടപ്പുറം രൂപതയുടെയും മറ്റു ലത്തീൻ രൂപതകളുടെയും ആശംസകൾ അറിയിച്ചു.

അഞ്ചു പതിറ്റാണ്ടുകാലം ഇരിങ്ങാലക്കുട രൂപത ആത്മീയ സാമൂഹിക, ആതുരശുശ്രൂഷ വിദ്യാഭ്യാസ ജീവകാരുണ്യ മേഖലകളിൽ വിശ്വസ്തതയോടെ സുവിശേഷ മൂല്യങ്ങൾക്ക് സാക്ഷ്യം വഹിച്ചുവെന്നും ആ വിശ്വസ്തതയുടെ കഥയാണ് ഇന്നലെകളിലെ രൂപതയുടെ ചരിത്രമെന്നും അധ്യക്ഷപ്രസംഗം നടത്തിയ ഇരിങ്ങാലക്കുട ബിഷപ് മാർ പോളി കണ്ണൂക്കാടൻ ചൂണ്ടിക്കാട്ടി. ഈ യത്നത്തിൽ രൂപതയുടെ ശിൽപ്പിയും പ്രഥമ ബിഷപ്പുമായ മാർ ജയിംസ് പഴയാറ്റിലും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായി വിവിധ കാലങ്ങളിൽ പ്രവർത്തിച്ച വൈദികരും സന്യസ്തരും അൽമായ സഹോദരങ്ങളും ത്യാഗനിർഭരമായ സേവനമാണ് കാഴ്ചവച്ചത്. മാർ പോളി കണ്ണൂക്കാടൻ അനുസ്മരിച്ചു. 1978-ൽ സ്ഥാപിതമായ ഇരിങ്ങാലക്കുട രൂപത, വൈദികരുടെയും സന്യസ്തരുടെയും വിശ്വാസി സമൂഹത്തിന്റെയും കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും ഫലമായി സമൂഹത്തിലെ സമസ്ത ജനവിഭാഗങ്ങൾക്കും വേണ്ടി നടത്തിയ വിവിധ പ്രവർത്തനങ്ങൾ അഭിനന്ദാർഹമാണ്. രൂപതയുടെ സുവർണ ജൂബിലിക്ക് മുന്നോടിയായി 2025 സെപ്റ്റംബർ 10 മുതൽ 2026 സെപ്റ്റംബർ 10 വരെ ഇരിങ്ങാലക്കുട രൂപതയിൽ ക്രിസ്തീയ കുടുംബവർഷാചരണം നടത്തുമെന്ന് മാർ പോളി കണ്ണൂക്കാടൻ അറിയിച്ചു.

സെന്റ് തോമസ് കത്തീഡ്രലിൽ ബിഷപ് മാർ പോളി കണ്ണൂക്കാടന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലി മധ്യേ കുടുംബ വർഷാചരണത്തിന്റെ ലോഗോ പ്രകാശനം, കോട്ടപ്പുറം ബിഷപ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിലിനൊപ്പം അദ്ദേഹം നിർവഹിച്ചു. രൂപതയുടെ പൈതൃക മ്യൂസിയവും രൂപത ലഹരി വിമുക്ത കേന്ദ്രമായ 'നവചൈതന്യ'യുടെ നവീകരിച്ച കെട്ടിടവും മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. ആഘോഷ പരിപാടികളിൽ വികാരി ജനറൽമാരായ മോൺ. ജോസ് മാളിയേക്കൽ, മോൺ. വിൽസൻ ഈരത്തറ, മോൺ. ജോളി വടക്കൻ, കുടുംബ വർഷാചരണ കൺവീനർ റവ. ഡോ. ഫ്രീജോ പാറയ്ക്കൽ, സനീഷ്കുമാർ ജോസഫ് എംഎൽഎ, ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് തുടങ്ങിയവരും മറ്റു ജനപ്രതിനിധികളും പ്രസംഗിച്ചു. രൂപതയിലെ 141 ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും വൈദികരും സന്യസ്തരും വിശിഷ്ടാതിഥികളും ചടങ്ങുകളിൽ പങ്കെടുത്തു.

# ക്നാനായ സമുദായം

## കേരളസഭയുടെ അവിഭാജ്യ ഘടകം: മാർ മാത്യു മൂലക്കാട്ട്



ക്നാനായസമുദായം കേരളസഭയുടെ അവിഭാജ്യഘടകമെന്ന് കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട്. ഇടയ്ക്കാട്ട് സെന്റ് ജോർജ് ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിൽ നടന്ന 115-ാമത് കോട്ടയം അതിരൂപതാദിനാഘോഷങ്ങളോട് അനുബന്ധിച്ചുള്ള പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മാർ ജോസഫ് പണ്ടാരശ്ശേരിൽ, ഗീവർഗീസ് മാർ അപ്രേം എന്നിവർ പ്രസംഗിച്ചു.

ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ മാർ തോമസ് തറയിൽ വി. ബലിക്ക് മുഖ്യകാർമ്മികനായിരുന്നു. മാർ മാത്യു മൂലക്കാട്ട്, അതിരൂപതയിലെ സഹായമെത്രാന്മാരായ മാർ ജോസഫ് പണ്ടാരശ്ശേരിൽ, ഗീവർഗീസ് മാർ അപ്രേം, അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് ഫാ. തോമസ് ആനിമൂട്ടിൽ മുതലായവർ സഹകാർമ്മികരായിരുന്നു. മാർ തോമസ് തറയിൽ കുർബാന മധ്യേയുള്ള തന്റെ പ്രസംഗത്തിൽ കോട്ടയം ക്നാനായ സമുദായം കേരളസഭയ്ക്ക് നല്കിയ സംഭാവനകളും ഇടയ്ക്കാട്ട് ദൈവാലയത്തിന്റെ ചരിത്രപ്രാധാന്യവും പ്രത്യേകം പരാമർശിക്കുകയും ഇടയ്ക്കാട്ടു ദൈവാലയത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന ധന്യൻ മാക്കീൽ പിതാവിനെ അനുസ്മരിക്കുകയും ചെയ്തു.

വ്യത്യസ്ത മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച പ്രതിഭകളെ മാർ മാത്യുമൂലക്കാട്ട് ആദരിച്ചു. ഫാ. മാത്യു മണക്കാട്ട്, ഫാ. അബ്രാഹം പറമ്പേട്ട്, ഫാ. തോമസ് ആനിമൂട്ടിൽ, ബാബു പറമ്പടത്തുമലയിൽ, ഷൈനി ചൊള്ളമ്പേൽ, സിസ്റ്റർ ഇമ്മാക്കുലേറ്റ് എസ്.വി.എം, ജോണിസ് പി. സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു.

# കോതമംഗലം രൂപതയിൽ അൾത്താര ബാലന്മാരുടെ മഹാസംഗമം



കോതമംഗലം: രൂപതയിൽ അൾത്താര ബാലന്മാരുടെ മഹാസംഗമം നടന്നു. വാഴക്കുളം സെന്റ് ജോർജ് ഇടവക ദേവാലയത്തിൽ രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ മുഖ്യ കാർമികത്വത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനയോടെയാണ് മഹാസംഗമം ആരംഭിച്ചത്. ഈശോയോടും സഭയോടും പരിശുദ്ധ കുർബാനയോടും ചേർന്നുനിന്നാൽ ജീവിതത്തിൽ ഇടപെടുന്ന എല്ലാ രംഗങ്ങളിലും വിജയം ഉറപ്പാണെന്ന് വിശുദ്ധ കുർബാന മധ്യേ സന്ദേശത്തിൽ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പറഞ്ഞു. രൂപതയിലെ 120 ഇടവകകളിൽ നിന്നായി 1500-ൽ അധികം അൾത്താര ബാലന്മാർ പങ്കെടുത്തു. കോതമംഗലം രൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിലാണ് മഹാസംഗമം സംഘടിപ്പിച്ചത്.

# ക്രിസ്തുജയന്തി 2025 ദേശീയആഘോഷം ഡൽഹിയിൽ

'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന ആപ്തവാക്യത്തോടെ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്ത ക്രിസ്തുജയന്തി 2025-ന്റെ ദേശീയതല ആഘോഷവും ഒന്നാം നിഖ്യ സൂഹദോസിന്റെ 1700-ാം വാർഷിക അനുസ്മരണവും സിബിസിഐ ആസ്ഥാനത്ത് നടന്നു. എക്യുമെനിക്കൽ സമ്മേളനത്തോടെയാണ് പരിപാടികൾ ആരംഭിച്ചത്.

ക്രൈസ്തവ ഐക്യം ശക്തിപ്പെടുത്തുകയും ആധുനിക ലോകത്ത് കൂട്ടായ്മയിലൂടെ പൊതുവായ സാക്ഷ്യം വഹിക്കുകയും നിഖ്യ വിശ്വാസപ്രമാണത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുകയും ചെയ്യുന്നതായിരുന്നു പരിപാടികൾ. ഇന്ത്യയുടെയും നേപ്പാളിന്റെയും അപ്പസ്തോലിക് ന്യൂൺഷോ ആർച്ചുബിഷപ്പ് ലിയോ പാൾദോ ജിറെല്ലിയുടെ മുഖ്യകാർമികത്വത്തിൽ ഡൽഹി തിരുഹൃദയ ദേവാലയത്തിൽ വിശുദ്ധ കുർബാന അർപ്പണം നടന്നു. മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ യോഗത്തിൽ പങ്കെടുത്തു. ജൂബിലിയോട് അനുബന്ധിച്ച് സിബിസിഐ പ്രസിഡന്റ് ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്തിലിന്റെ നേതൃത്വത്തിൽ സ്റ്റാൻഡിങ് കമ്മിറ്റി യോഗം ചേർന്നു.

# ഉരുൾപൊട്ടൽ; കെസിബിസിയുടെ നേതൃത്വത്തിൽ ഭവനനിർമ്മാണം പുരോഗമിക്കുന്നു



വയനാട്ടിലെയും വിലങ്ങാട്ടെയും ഉരുൾപൊട്ടലിന്റെ ഇരകൾക്കായി കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രഖ്യാപിച്ച പുനരധിവാസ ദൗത്യം വിജയകരമായി മുന്നേറുന്നു. കെസിബിസി കമ്മീഷൻ വിലങ്ങാടിൽ 15 വീടുകളും വയനാട്ടിൽ 4 വീടുകളും ഇതിനകം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞു. വയനാട്ടിലെ വാഴവറ്റയിൽ മാനന്തവാടി രൂപത ടൗൺഷിപ്പ് ആണ് ചെയ്യുന്നത്. 36 വീടുകൾ ഒരിടത്തും 11 വീടുകൾ മറ്റൊരിടത്തും മൂന്നുവീടുകൾ വ്യത്യസ്ത സ്ഥലങ്ങളിലും. രൂപത തന്നെയാണ് അവിടെ സ്ഥലം വാങ്ങിനല്കിയിട്ടുള്ളത്. ബത്തേരി രൂപതയാണ് 13 വീടുകൾക്കായി സ്ഥലം വാങ്ങുകയും നിർമാണത്തിന് നേതൃത്വം നല്കുകയും ചെയ്യുന്നത് തുടർച്ചയായ മഴ കാരണം വയനാട് പുനർനിർമ്മാണ പ്രക്രിയ മന്ദഗതിയിലായിപ്പോയെങ്കിലും കാലാവസ്ഥ കൂടുതൽ അനുകൂലമായതിനാൽ ഇപ്പോൾ അവിടെയും നിർമാണ പ്രക്രിയ ത്വരിതഗതിയിലായിട്ടുണ്ട്. ആകെ 128 വീടുകളുടെ നിർമ്മാണം ഈ വർഷം അവസാനത്തോടെ പൂർത്തിയാകും. കോഴിക്കോട് ജില്ലയിലെ വിലങ്ങാട് ഒരു വീടു നിർമാണത്തിന് 15-16 ലക്ഷം രൂപയായി എന്ന് KCBC JPD കമ്മീഷൻ സെക്രട്ടറി. ഫാ. ജേക്കബ് മാവുങ്കൽ അറിയിച്ചു. വയനാട്ടിൽ ബത്തേരി രൂപതയുടെയും (13 വീടുകൾ) മാനന്തവാടി രൂപതയുടെയും (50 വീടുകൾ) വിലങ്ങാട് താമരശേരി രൂപതയുടെയും (65 വീടുകൾ) നേതൃത്വത്തിലാണ് വീടുകൾ നിർമിക്കപ്പെടുന്നത്. ഒരു വീടിന് 10 ലക്ഷം രൂപയാണ് KCBC ഒരു രൂപതയെ ഏല്പിക്കുന്നത്. 100 വീടുകൾക്കാണ് KCBC നേരിട്ടു ഫണ്ടു ചെയ്യുന്നത്. ബാക്കിതുക മേൽപ്പറഞ്ഞ രൂപതകളുടെ സാമൂഹിക സേവന വിഭാഗമാണ് കണ്ടെത്തുന്നത്. 28 വീടുകൾക്കുള്ള ഫണ്ടിങ് മറ്റു ക്രൈസ്തവ പ്രസ്ഥാനങ്ങളുടേതാണ്. വിലങ്ങാട് വ്യക്തികളും പ്രസ്ഥാനങ്ങളും നല്കിയതാണ് ഭൂമി. അവിടെ 56 വീടുകളുടെ പണികൾ താമരശേരി രൂപതയുടെ നേതൃത്വത്തിൽ പല ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

# റവ. ഡോ. ആന്റണി കൊള്ളന്നൂരിനു ആദരാഞ്ജലികൾ!



സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ മുൻ ചാൻസലർ റവ. ഡോ. ആന്റണി കൊള്ളന്നൂർ (69) നിര്യാതനായി. തൃശ്ശൂർ അതിരൂപതാംഗമായ അദ്ദേഹം 2004 മുതൽ 15 വർഷക്കാലം സീറോമലബാർസഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ചാൻസലറായിരുന്നു. റോമിൽ നിന്ന് കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. തൃശൂർ അതിരൂപതയിലും കല്യാൺ രൂപതയിലും ജുഡീഷ്യൽ വികാരി, ചാൻസലർ, ഇടവക വികാരി തുടങ്ങി വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചിട്ടുണ്ട്.

മൃതസംസ്കാരം ആറ്റുപുറം സെന്റ് ആന്റണീസ് പള്ളിയിൽ നടന്നു. സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ, കർദിനാൾ മാർ ജോർജ് ആലഞ്ചേരി എന്നിവർ പരേതനു വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. സംസ്കാര ശുശ്രൂഷകളിൽ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ, മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയയിൽ നിന്നുള്ള വൈദികർ സന്യസ്തർ എന്നിവരും പങ്കെടുത്തു ആദരാഞ്ജലികൾ അർപ്പിച്ചു പ്രാർഥിച്ചു.

# കുടിയേറ്റജനത വിശ്വാസത്തിന്റെ സൂക്ഷിപ്പുകാർ: മാർ റാഫേൽ തട്ടിൽ




വിശ്വാസത്തിന്റെ ഉജ്ജ്വല സാക്ഷ്യമായി അഞ്ചാമത് ഇടുക്കി രൂപതാ മരിയൻ തീർത്ഥാടനം. സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ആയിരക്കണക്കിന് വിശ്വാസികൾക്കൊപ്പം കാൽനടതീർത്ഥാടനത്തിൽ പങ്കെടുത്തു. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേലിന്റെ നേതൃത്വത്തിൽ രാജാക്കാട് ക്രിസ്തുരാജാ ഫൊറോന പള്ളിയിൽ നിന്നും ആരംഭിച്ച തീർഥാടനം രാജകുമാരി തീർഥാടന കേന്ദ്രത്തിൽ എത്തിച്ചേർന്നു.

തീർത്ഥാടനം രാജകുമാരി ദൈവാലയത്തിൽ എത്തിച്ചേർന്നപ്പോൾ വിശുദ്ധ കുർബാനയ്ക്ക് മാർ റാഫേൽ തട്ടിൽ മുഖ്യകാർമികത്വം വഹിച്ചു. കുടിയേറ്റ ജനതയുടെ കരുത്തുള്ള വിശ്വാസത്തിൽ പടുത്തുയർത്തപ്പെട്ട നാടാണ് ഇടുക്കി. കുടിയേറ്റ കാലത്തെ കഷ്ടതകളുടെ നാളുകളിൽ ജീവിതത്തോട് ചേർത്തുപിടിച്ച വിശ്വാസമാണ് ഈ നാടിനെ നാം ഇന്ന് അനുഭവിക്കുന്ന വിധത്തിൽ എത്തിച്ചിരിക്കുന്നത്. പഴമക്കാരുടെ ജീവിത സുകൃതങ്ങളെയും വിശ്വാസബോധങ്ങളെയും നാം നന്ദിയോടെ അനുസ്മരിക്കണം. മലയോര പ്രദേശത്ത് നടത്തുന്ന ഈ സുദീർഘമായ തീർഥാടനം പഴമക്കാർ പകർന്നു നൽകിയ കരുത്തുള്ള വിശ്വാസത്തിന്റെ പരസ്യമായ പ്രകടനം ആണ്. മാർ റാഫേൽ തട്ടിൽ പറഞ്ഞു. മാർ മാത്യു ആനിക്കുഴികാട്ടിലിനെയും മാർ റാഫേൽ തട്ടിൽ അനുസ്മരിച്ചു. രൂപതാ വികാരി ജനറാൾമാരായ മോൺ. ജോസ് കരിവേലിക്കൽ, മോൺ. അബ്രാഹം പുറയാറ്റ്, മോൺ. ജോസ് നരിതൂക്കിൽ, ഫാ.മാത്യു കരോട്ട്കൊച്ചറയ്ക്കൽ, ഫാ. മാർട്ടിൻ പൊൻപനാൽ, ഫാ. ജിൻസ് കാരയ്ക്കാട്ട്, ഫാ.ജോസഫ് മാതാളികുന്നേൽ, ജോർജ് കോയിക്കൽ, സാം സണ്ണി, സെസിൽ ജോസ് എന്നിവർ നേതൃത്വം നൽകി. തീർഥാടനം കടന്നുപോയ വഴികളിലെല്ലാം നൂറുകണക്കിനാളുകൾ സ്വീകരണം നൽകി.

# പാറേമ്മാക്കൽ മാർതോമാ കത്തനാർ പ്രഥമസ്വാതന്ത്ര്യ സമരപോരാളി: മാർ ജോസഫ് കല്ലറങ്ങാട്ട്




കടനാട്: മലങ്കരയിലെ മാർത്തോമ്മാ നസ്രാണി സമുദായത്തിന്റെ ഐക്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി അക്ഷീണം പ്രയത്നിച്ച ഗോവർണദോർ പാറേമാക്കൽ മാർ തോമാ കത്തനാരുടെ 290-ാം ജന്മദിനാഘോഷം അദ്ദേഹത്തിന്റെ ജന്മസ്ഥലമായ കടനാട്ടിൽ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. വിദേശ ഭരണം അനുവദിക്കാതെ സഭയുടെ സ്വാതന്ത്ര്യത്തിനായി പോരാടിയ നേതാവും ചിതറിക്കിടന്ന നാട്ടുരാജ്യങ്ങളുടെ കാലത്തും ഭാരതീയ ദേശീയ ബോധത്തിന് തുടക്കമിട്ട വ്യക്തിത്വവുമാണ് മാർ തോമാ കത്തനാരെന്ന് പാലാ രൂപതയുടെ മെത്രാനും സീറോ മലബാർ എക്യുമെനിക്കൽ കമ്മീഷൻ ചെയർമാനുമായ മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. ഇന്ത്യൻ പാർലമെന്റിന്റെ മുമ്പിൽ ഇന്ത്യൻ ദേശീയവാദത്തിന് തിരി കൊളുത്തിയ പാറേമ്മാക്കലിന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കപ്പെടാൻ മറ്റാരെക്കാളും യോഗ്യതയുള്ള ആളാണ്. അദ്ദേഹത്തിന്റെ ജീവിതവും സംഭാവനകളും പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുക എന്നത് കാലത്തിന്റെ ആവശ്യമാണെന്ന് അധ്യക്ഷപ്രസംഗത്തിൽ മാർ കല്ലറങ്ങാട്ട് ബിഷപ് അഭിപ്രായപ്പെട്ടു. കേരള കൗൺസിൽ ഓഫ് ചർച്ചസ് ചെയർമാനും ഓർത്തഡോക്സ് സഭയുടെ കൽക്കട്ട ഭദ്രാസന അധിപനുമായ അലക്സിയോസ് മാർ യൗസേബിയൂസ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. തുർക്കി, നിഖ്യ സ്ഥലങ്ങൾ സന്ദർശിക്കാൻ ഇടയായപ്പോൾ വലിയ ക്രൈസ്തവ ദേശങ്ങൾ ഇന്ന് ക്രൈസ്തവമല്ലാത്ത സാഹചര്യങ്ങളിൽ എത്തിയിരിക്കുന്നത് നമ്മൾ പഠിക്കുകയും വേണ്ട ജാഗ്രത പുലർത്തുകയും ചെയ്യേണ്ട കാര്യങ്ങൾ ആണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം ഓർമിപ്പിച്ചു. വേലനിലം സൺഡേ സ്കൂളിലെ കുട്ടികൾ എഴുതിയ വർത്തമാനപുസ്തകത്തിന്റെ കയ്യെഴുത്ത് പ്രതി, ജോൺ മാളിയേക്കൽ തയ്യാറാക്കിയ വർത്തമാനപുസ്തകത്തിന്റെ ആധുനിക മലയാളത്തിൽ പതിപ്പ്, EWS, ജാതി സെൻസസ് എന്നീ വിഷയങ്ങൾ പഠിച്ച് അരുവിത്തുറ ദേശ ഭാരവാഹികൾ തയ്യാറാക്കിയ റിപ്പോർട്ട് എന്നിവ യോഗത്തിൽ പ്രകാശനം ചെയ്തു.

പാലാ രൂപത വികാരി ജനറൽ മോൺ. ജോസഫ് മലേപ്പറമ്പിൽ, കടനാട് ഫൊറോനാ പള്ളി വികാരി ഫാ. ജോസഫ് പാനാമ്പുഴ, പൊതുപ്രവർത്തകനും പാറേമാക്കൽ കുടുംബാംഗവുമായ ടോമി കല്ലാനി, നസ്രാണി സമുദായ നേതാവ് യാക്കോബായ സഭയിലെ ഷെവ. ഉമ്മച്ചൻ വേങ്കടത്ത് തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ ദേശങ്ങളിൽ നിന്നുള്ള നസ്രാണി സമുദായ പ്രതിനിധികൾ പങ്കെടുത്തു.

# കന്യാസ്ത്രീകൾക്കെതിരേ രജിസ്റ്റർ ചെയ്ത കേസ് റദ്ദാക്കാനുള്ള ശ്രമം തുടരുന്നു: മാർ ആൻഡ്രൂസ് താഴത്ത്

ഛത്തീസ്ഗഡിൽ കന്യാസ്ത്രീകൾക്കെതിരേ രജിസ്റ്റർ ചെയ്ത കേസ് റദ്ദാക്കാനുള്ള ശ്രമം തുടരുകയാണെന്ന് ഭാരത കത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ) അധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്. രാജ്യത്തിന്റെ നിയമസംവിധാനത്തെ സഭ മാനിക്കുന്നു. കന്യാസ്ത്രീകൾക്കെതിരായ കേസ് ഇതുവരെയും പിൻവലിച്ചിട്ടില്ല. എഫ്ഐആർ റദ്ദാക്കുന്നതിനുള്ള ശ്രമം തുടരുകയാണ്. അദ്ദേഹം പറഞ്ഞു.

വിവിധ സംസ്ഥാനങ്ങൾ നടപ്പാക്കുന്ന മതപരിവർത്തന നിയമങ്ങളെ ന്യൂനപക്ഷ വേട്ടയ്ക്ക് ഉപയോഗിക്കുമെന്ന് ആശങ്കയുള്ളതായി അദ്ദേഹം ചൂണ്ടിക്കാട്ടി. നിയമനിർമാണത്തിന് സഭ എതിരല്ല. എന്നാൽ അതിന്റെ മറവിൽ നിർബന്ധിത മതപരിവർത്തനം എന്നു വ്യാഖ്യാനിച്ച് ക്രൈസ്തവരടക്കമുള്ള ന്യൂനപക്ഷങ്ങളെ വേട്ടയാടാൻ ഇത്തരം നടപടികൾ ഉപയോഗിക്കുമോയെന്ന ആശങ്ക കത്തോലിക്കാ സഭയ്ക്കുണ്ടെന്നു മാർ താഴത്ത് വ്യക്തമാക്കി. വിവിധ സംസ്ഥാനങ്ങളിൽ വ്യാജ ആരോപണങ്ങളുടെ പേരിൽ മിഷനറിമാർക്കെതിരേ കേസുകളുണ്ട്. ഇന്ത്യയിലെ ക്രൈസ്തവ വിശ്വാസത്തിന് രണ്ടായിരത്തിൽപ്പരം വർഷത്തിന്റെ പാരമ്പര്യമുള്ളതാണ്. എന്നിട്ടും ചിലർ ക്രിസ്തുമതം വിദേശമതമാണെന്ന് പ്രചരിപ്പിക്കുന്നു. ക്രൈസ്തവർക്കു നേരേ ഉണ്ടാകുന്ന ആക്രമണങ്ങളിൽ സഭയുടെ ആശങ്ക പ്രധാനമന്ത്രിയടക്കമുള്ളവരോട് ഉന്നയിച്ചതാണെന്നും ആവശ്യമായ നടപടികൾ സർക്കാരുകൾ സ്വീകരിക്കുമെന്നു പ്രതീക്ഷിക്കുന്നെന്നും അദ്ദേഹം വ്യക്തമാക്കി.

# മാതാപിതാക്കളുടെ വിശ്വാസമാണ് സമർപ്പിതജീവിതത്തിന്റെ അടിത്തറ: മാർ റമീജിയോസ് ഇഞ്ചനാനിയിൽ



താമരശേരി: വൈദികരുടെ മാതാപിതാക്കൾ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരാണെന്നും അവരുടെ വിശ്വാസമാണ് സമർപ്പിതജീവിതത്തിന്റെ അടിത്തറയെന്നും താമരശ്ശേരി ബിഷപ് മാർ റമീജിയോസ് ഇഞ്ചനാനിയിൽ. താമരശേരി രൂപത റൂബി ജൂബിലിയോടനുബന്ധിച്ച് രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിച്ച വൈദികരുടെയും അവരുടെ മാതാപിതാക്കളുടെയും സംഗമത്തിൽ പ്രസംഗിക്കുകയായിരുന്നു ബിഷപ്.

മാതാപിതാക്കളുടെ സമൃദ്ധമായ പ്രാർഥനാജീവിതമാണ് പുരോഹിതനെ ശക്തിപ്പെടുത്തുന്നത്. ഞങ്ങൾ പുരോഹിതരാകാൻ പ്രാർഥിച്ചതിനെക്കാൾ തീക്ഷണതയോടെയാണ് ഞങ്ങൾ പൗരോഹിത്യത്തിൽ ശക്തിപ്പെട്ട് മുന്നോട്ടുപോകാനായി നിങ്ങൾ പ്രാർഥിക്കുന്നത്. പുരോഹിതൻ ദൈവിക രഹസ്യങ്ങൾ ധ്യാനിക്കുന്നത് മാതാപിതാക്കളുടെ ജീവിതം ചേർത്തുവച്ചുകൊണ്ടുതന്നെയാണ്.

താമരശേരി രൂപതയുടെ വൈദിക കൂട്ടായ്മ അഭിമാനമുളവാക്കുന്നതാണ്. മലയോരജനതയുടെ ആരംഭകാലത്തെ വളർച്ചയിൽ ജനത്തെ മുഴുവൻ ചേർത്തുപിടിച്ച് നാടിനെ പടുത്തുയർത്തിയ കഥകളിൽ വൈദികർക്ക് വലിയ പങ്കാണുള്ളത്. അതുകൊണ്ട് തന്നെ ആ വൈദികരെ വാർത്തെടുത്ത മാതാപിതാക്കൾക്കും അഭിമാനിക്കാം. ബിഷപ് ഓർമിപ്പിച്ചു.

കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയോടെ സംഗമം ആരംഭിച്ചു. ബിഷപ് മാർ റമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിച്ചു. വൈദികരും മാതാപിതാക്കളും മൈനർ സെമിനാരി സന്ദർശിച്ചു.

വികാരി ജനറാൾ മോൺ. ജോയ്സ് വയലിൽ, റൂബി ജൂബിലി കൺവീനർ ഫാ. ജോൺ ഒറവുങ്കര, ടോം തോമസ് ഐക്കുളമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.



"നിന്റെ രാജ്യം വരേണമേ"

# പാലക്കാട് രൂപത

## സ്ഥാപിതം: 1974



മാർ ജോസഫ് ഇരിമ്പൻ
1974-1994



മാർ ജേക്കബ് മനത്തോടത്ത്
1997 - 2022



മാർ ജോസ് കല്ലുവേലിൽ
മിസിസാഗ രൂപത ബിഷപ്പ്, കാനഡ
പാലക്കാട് രൂപതയിൽ നിന്നുള്ള മെത്രാൻ



മാർ പീറ്റർ കൊച്ചുപുരക്കൽ
2022

പാലക്കാട് രൂപത 1974 ജൂൺ 20-ന് പരിശുദ്ധ പിതാവ് പോൾ ആറാമൻ സ്ഥാപിച്ചു. തൃശ്ശൂർ രൂപതയെ വിഭജിക്കുകയും, തലശ്ശേരി രൂപതയിൽപ്പെട്ട പാലാക്കാട് ജില്ലയിലെ പള്ളികളെ ചേർക്കുകയും ചെയ്താണ് രൂപത രൂപംകൊണ്ടത്. പാലക്കാട്, കോയമ്പത്തൂർ, തിരുച്ചിറപ്പള്ളി ജില്ലയിലെ ഒരു ഭാഗം എന്നിവ ഉൾക്കൊള്ളുന്ന ഈ പുതിയ രൂപത 1974 സെപ്റ്റംബർ 8-ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. 2010 ജനുവരി 18-ന് പാലക്കാട് രൂപത വിഭജിക്കപ്പെട്ട്, രാമനാഥപുരം രൂപതയ്ക്ക് ജന്മംകൊടുത്തു.

* ഫെറോനകൾ : 11
* ഇടവകകൾ : 128
* കുടുംബങ്ങൾ : 13537
* അംഗങ്ങൾ : 60082

* വൈദികർ: 175
* സെമിനാരിക്കാർ: 58
* കോൺഗ്രിഗേഷനുകൾ: 48
* റിലീജിയസ് അംഗങ്ങൾ: 1494

### സഭാധികാര സ്ഥാപനങ്ങൾ

മൈനർ സെമിനാരികൾ: 2
സന്യാസപരിശീലന കേന്ദ്രങ്ങൾ: 11
പാസ്റ്ററൽ സെന്റർ: 1
പ്രീസ്റ്റ് ഹോം: 2
ധ്യാന കേന്ദ്രങ്ങൾ: 4
യുവജന കേന്ദ്രങ്ങൾ: 1

### വിദ്യാഭ്യാസ സ്ഥാപനങ്ങൾ

കോളേജുകൾ: 6
പ്രൊഫഷണൽ കോളേജുകൾ: 5
പാരലൽ കോളേജുകൾ: 4
ടെക്നിക്കൽ പരിശീലന കേന്ദ്രങ്ങൾ: 10
ഹയർ സെക്കൻഡറി സ്കൂളുകൾ: 15
ഹൈസ്കൂളുകൾ: 24
അപ്പർ പ്രൈമറി സ്കൂളുകൾ: 35
ലോവർ പ്രൈമറി സ്കൂളുകൾ: 52
നേഴ്സറികൾ: 65

### സാമൂഹ്യ സേവന സ്ഥാപനങ്ങൾ

ബോർഡിംഗ് ഹൗസുകൾ: 11
കൗൺസിലിംഗ് & പുനരധിവാസ കേന്ദ്രങ്ങൾ: 4
ക്രഷുകൾ: 5
ഡീ-അഡിക്ഷൻ കേന്ദ്രങ്ങൾ: 2
മെഡിക്കൽ ഡിസ്പെൻസറികൾ: 8
മാനസിക വൈകല്യം ഉള്ളവർക്കുള്ള ഹോമുകൾ: 8
വയോജനങ്ങൾക്കും അഗതികൾക്കും വേണ്ടിയുള്ള ഭവനങ്ങൾ: 12
ആശുപത്രികൾ: 11
അനാഥാലയങ്ങളും ബാലഭവനുകളും: 9
HIV/AIDS പരിചരണ കേന്ദ്രങ്ങൾ: 2
ട്രെയിനിങ് സെന്റർ: 1
സാമൂഹ്യ സേവന കേന്ദ്രങ്ങൾ: 9
പ്രസ് & മീഡിയ സെന്ററുകൾ: 6

## രൂപതയും സന്യസ്തരും നടത്തുന്ന സ്ഥാപനങ്ങൾ...



# പാലക്കാട് രൂപത അജപാലന പ്രവർത്തനങ്ങൾ

## രൂപതയിലെ സംഘടനകൾ

ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും പങ്കുപറ്റുന്നവരാണ് അല്മായർ. അതിനാൽ സഭയുടെ പ്രവർത്തനങ്ങളിൽ അവർ സജീവ പങ്കുവഹിക്കുവാൻ കടപ്പെട്ടവരാണ്. സംഘടിതമായ പ്രേഷിത പ്രവർത്തനത്തിന്റെ ഉത്തമോദാഹരണമായ ഇടവക, മാനുഷിക വൈവിദ്ധ്യങ്ങളെ കൂട്ടിയിണക്കി സാർവ്വത്രിക സഭയുടെ ഐക്യത്തിലേക്ക് കൊണ്ടുവരുവാൻ ഉതകുന്ന പ്രായോഗികവേദിയും കൂടിയാണ്. സഭാധികാരികളും ജനങ്ങളും ഒന്നുചേർന്ന് വിവിധ സംഘടനകളിലൂടെ മഹത്തായ പ്രേഷിത പ്രവർത്തനങ്ങളാണ് ഓരോ ഇടവകയിലും ചെയ്തുവരുന്നത്. സഭയുടെ പ്രേഷിതലക്ഷ്യം തന്നെയാണ് സംഘടനകളുടെയും പ്രേഷിത ലക്ഷ്യം. 'സ്വയം വിശുദ്ധീകരിക്കുകയും മറ്റുള്ളവരെ വിശുദ്ധീകരിക്കുകയും ചെയ്യുക, സുവിശേഷം പഠിക്കുക, സ്വാംശീകരിക്കുക, പ്രചരിപ്പിക്കുക, അവരിൽ ക്രിസ്തീയ ദർശനം ഉളവാക്കുക, അതുവഴി സുവിശേഷ ചൈതന്യം വിവിധ സമൂഹങ്ങളിലേക്കും സാഹചര്യങ്ങളിലേക്കും പ്രസരിപ്പിക്കുക' എന്നിവയാണ് സംഘടനാ പ്രവർത്തനത്തിന്റെ കാതൽ.
സംഘടനകളുടെയെല്ലാം ഐക്യവേദിയാണ് രൂപതകോർഡിനേഷൻ കമ്മിറ്റി. ഇതിൽ ഓരോ സംഘടനയുടെയും പ്രവർത്തനരൂപരേഖ ചർച്ച ചെയ്യുകയും അതത് വർഷം നടത്തിയ സേവന പ്രവർത്തനങ്ങൾ വിലയിരുത്തുകയും പാളിച്ചകൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

## വിശ്വാസപരിശീലനം

പാലക്കാട് രൂപതയുടെ വിശ്വാസപരിശീലനം ആത്മീയവളർച്ചക്കും സമൂഹത്തിൽ ഉത്തരവാദിത്തമുള്ള നല്ല ക്രൈസ്തവരെ വളർത്തുന്നതിലും നിർണായക പങ്കുവഹിക്കുന്നു. കുട്ടികളെയും യുവാക്കളെയും ഈശോയിൽ വളർത്തുക, കുടുംബങ്ങളെ വിശ്വാസത്തിൽ ആഴപ്പെടുത്തുക, സാമൂഹിക-ആത്മീയ ഉത്തരവാദിത്തമുള്ള വിശ്വാസികളെ വളർത്തുക എന്ന ലക്ഷ്യത്തോടെ ഞായറാഴ്ച ദിവസത്തെ വിശ്വാസപരിശീലനത്തിനു പുറമേ ഊർജിതമായ മറ്റ് പരിശീലന പരിപാടികൾ കൂടി നടത്തപ്പെടുന്നു.

## പാലക്കാട് രൂപതയുടെ സാമൂഹ്യ സേവന വിഭാഗം

പാലക്കാട് അടിസ്ഥാനപരമായി ഒരു കുടിയേറ്റ രൂപതയാണ്. ഭൂരിഭാഗം ആളുകൾ കർഷകരുമാണ്. പാലക്കാട് ജില്ലയിലെ നാനജാതി മതസ്ഥരെ ഉൾചേർത്തുകൊണ്ട്സുവിശേഷാടിസ്ഥാനത്തിൽ മനുഷ്യരുടെ സമഗ്രവിമോചനത്തിനും പുനരുദ്ധാരണത്തിനുമായി സാമൂഹ്യ വികസന പ്രവർത്തനങ്ങളിൽ നൂതന മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് ആദിവാസികൾ, ചെറുകിട നാമമാത്ര കർഷകർ, വനിതകൾ, യുവജനങ്ങൾ, അസംഘടിത തൊഴിലാളികൾ, കുട്ടികൾ എന്നീ വിഭാഗങ്ങൾക്കായി വൈവിധ്യമാർന്ന വികസന പദ്ധതികൾ നടപ്പിലാക്കികൊണ്ട് രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ പിഎസ്എസ്പി പ്രവർത്തിക്കുന്നു. കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ പരിശീലന സ്ഥാപനമായ ജൻ ശിക്ഷൻ സൻ സ്ഥാൻ പാലക്കാട് ജില്ലയിൽ രൂപതയുടെ സാമൂഹ്യസേവന വിഭാഗമായ പി.എസ്.എസ്.പി യുടെ തണലിലാണ് പ്രവർത്തിക്കുന്നത്. അസംഘടിത തൊഴിലാളികൾക്കു വേണ്ടി കെഎൽഎം സംഘടനയും, കുടുംബങ്ങളുടെ സംരക്ഷണത്തിനായി സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യയും വിജയകരമായി പിഎസ്എസ്പി-യിൽ പ്രവർത്തിച്ച് വരുന്നു.

## കരിസ്മാറ്റിക് മൂവ്മെന്റുകൾ

പാലക്കാട് രൂപതയുടെ ആത്മിയ വളർച്ചയുടെ ശക്തിസ്രോതസാണ് രൂപതയിലെ ധ്യാന കേന്ദ്രങ്ങൾ. ഇവ വിശ്വാസികളുടെ ആത്മീയ നവീകരണത്തിനും ദൈവാനുഭവത്തിന്റെ ആഴത്തിലേക്കുള്ള വളർച്ചയ്ക്കും വലിയ സംഭാവന നൽകുന്നു. വിശ്വാസികൾക്ക് ആത്മിയ ഉണർവിനും, യുവാക്കൾക്ക് ദൈവവിളികൾ തിരിച്ചറിയാനും ക്രൈസ്തവ മൂല്യാധിഷ്ഠിതമായ ജീവിതനവീകരണത്തിനും രൂപതയിലെ കരിസ്മാറ്റിക് മൂവ്മെന്റുകൾ സഹായകരമാകുന്നു.

## ആതുരാലയങ്ങൾ

രോഗികളിൽ ഈശോയെ കാണുക എന്ന ചൈതന്ന്യത്തിലൂന്നിയും സുവിശേഷ മൂല്യങ്ങളിൽ പ്രചോദമുൾക്കൊണ്ടുമാണ് രൂപതയുടെ ആരോഗ്യ മേഖലാശുശ്രൂഷകൾ മുന്നോട്ടുപോകുന്നത്. ആരോഗ്യരംഗത്ത് പാലക്കാട്ടെ പാവപ്പെട്ടവരുടെ ആശകേന്ദ്രങ്ങളാണ് രൂപയിലെ അലോപ്പതി ആയുർവേദ ആശുപത്രികൾ.

## ബൈബിൾ അപ്പസ്തോലേറ്റ്

പാലക്കാട് രൂപതയുടെ ബൈബിൾ അപ്പസ്തോലേറ്റ് രൂപതയുടെ ആത്മീയ പ്രവർത്തനങ്ങളുടെ ശക്തി സ്രോതസ്സാണ്. വിശ്വാസ സമൂഹത്തെ ബൈബിൾ വിഞ്ജാനത്തിൽ വളർത്താനും തിരുവചനം നിരന്തരം വായിക്കാനും വചനാധിഷ്ഠിതമായ ജീവിത നവീകരണത്തിനും രൂപതയുടെ ബൈബിൾ അപ്പസ്തോലേറ്റ്പ്പത് മറ്റ് സംവിധാനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

## ഫാമിലി അപ്പസ്തോലേറ്റ്

വിശ്വാസജീവിതത്തിന്റെ ആദ്യ പാഠശാലയായ ഗാർഹിക സഭയാണ് കുടുംബങ്ങൾ. കുടുംബങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ച് സമഗ്രമായ വളർച്ച ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഇടവക തലത്തിൽ ചെറു കുടുംബക്കൂട്ടായ്മകൾ രൂപീകരിച്ച് മാസപ്രാർത്ഥനകളും ആത്മീയ-സാമൂഹിക ചർച്ചകളും നടത്തുന്നു. മിഷൻ ചൈതന്യത്തിൽ വളരുന്ന പാലക്കാട് രൂപതയിലെ ഇടവകകളുടെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് കുടുംബകൂട്ടയ്മകൾക്കുണ്ട്.

## ഫ്രെയിം ഫൗണ്ടേഷൻ

പാലക്കാട് രൂപതയുടെ സുവർണ്ണ ജൂബിലി വർഷത്തോടനുബന്ധിച്ച് രൂപതാംഗങ്ങളുടെ വിദ്യാഭ്യാസ മികവും തൊഴിൽ ശാക്തികരണവും സർക്കാർ - സർക്കാർ ഇതര ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള സങ്കേതിക സഹായം തുടങ്ങിയവ ലക്ഷ്യം വച്ചു കൊണ്ടാരംഭിച്ച സംരംഭമാണ് ഫ്രെയിം ഫൗഷേൻ. കുട്ടികളെയും യുവജനങ്ങളെയും അവരുടെ അക്കാദമിക്, പ്രൊഫഷണൽ രംഗങ്ങളിൽ ഉചിതമായ തിരഞ്ഞെടുപ്പിനും വിജയം കൈവരിക്കുന്നതിനും സാധ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പിന്തുണയും നല്കുന്നു. സ്കോളർഷിപ്പ് ഡാറ്റാബേസുകൾ, കരിയർ മാർഗ്ഗനിർദ്ദേശം, വിദേശ പഠനപരിപാടികൾ, തൊഴിൽ അവസരങ്ങൾ, സർക്കാർ സഹായങ്ങൾ എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന വിപുലമായ സേവനങ്ങൾ FRAME Foundation ലൂടെ ലഭ്യമാക്കുന്നു.

## വിദ്യാഭ്യാസ മേഖല

പാലക്കാടിന്റെ മണ്ണിൽ ഒരു വിദ്യാഭ്യാസ സംസ്കാരം വളർത്തിയെടുക്കാനുള്ള, ന്യുനപക്ഷമായ, ക്രൈസ്തവരുടെ പങ്ക് ഏറ്റവും ശ്രദ്ധേയമാണ്. വിശ്വാസികളുടെയും സമൂഹത്തിന്റെയും പുരോഗതി വിദ്യാഭ്യാസത്തിലൂടെയാണ് സാധ്യമെന്ന് തിരിച്ചറിഞ്ഞു. അതിനാൽ രൂപതയ്ക്കുള്ളിൽ നേഴ്സറികൾ, സ്കൂളുകൾ, കോളജു കൾ, പ്രൊഫഷണൽ കോളജുകൾ, നേഴ്സിങ്ങ് കോളജ് എന്നിവയെല്ലാം ചേർത്ത് ഇരുന്നൂറിൽപരം വിവിധ വിദ്യാഭ്യാസകേന്ദ്രങ്ങൾ രൂപതയുടെയും ഇടവകകളുടെയും സന്യസ്തരുടേതുമായുണ്ട്.



# പോവുക മുറപോൽ വന്ദ്യഗുരോ നിൻ ജയമുടി നേടാൻ...



കാലം ചെയ്ത മാർ ജേക്കബ് തൂങ്കുഴി പിതാവിന് അന്ത്യോപചാരം അർപ്പിക്കാൻ തടിച്ചുകൂടിയ ജനാവലി

തൃശൂർ അതിരൂപതയുടെ രണ്ടാമത്തെ മെത്രാപ്പോലീത്ത മാർ ജേക്കബ് തുങ്കുഴിക്ക് തൃശൂർ വികാരനിർഭരമായ യാത്രാമൊഴി നല്കി. ഹൃദയം നിറഞ്ഞുതുളുമ്പുന്ന സ്നേഹാദരവുമായി ഒഴുകിയെത്തിയ ആയിരങ്ങളുടെ പ്രാർത്ഥനയേറ്റുവാങ്ങി ആർച്ച് ബിഷപ്പ് എമരിറ്റസ് മാർ ജേക്കബ് തൂങ്കുഴി ഓർമയായി. ഒരായുഷ്ക്കാലം സമൂഹത്തെ ചേർത്തുനിർത്തിയ നല്ല ഇടയന് വിശ്വാസി സമൂഹം വിടനൽകി.

മെത്രാന്മാരും രാഷ്ട്രീയ നേതാക്കന്മാരും പൗരപ്രമുഖരും വൈദികരും സന്യസ്തരും ഉൾപ്പെടെ തൂങ്കുഴി പിതാവിന്റെ സ്നേഹസാമീപ്യം അനുഭവിച്ചറിഞ്ഞവരെല്ലാം എത്തിച്ചേർന്നു. മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം സെപ്തംബർ 22 ഞായറാഴ്ച രാവിലെ 11:30 നു തൃശൂർ അതിമെത്രാസന മന്ദിരത്തിൽ ആർച്ചുബിഷപ്പ് മാർ ആൻഡ്രുസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ ആരംഭിച്ചു. തുടർന്ന് തൃശൂർ പുത്തൻപള്ളിയിയിലെ പൊതുദർശനത്തിനുശേഷം രണ്ടാം ഭാഗം കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമ്മികത്വത്തിൽ തൃശൂർ ലൂർദ് കത്തീഡ്രലിൽ ആരംഭിച്ചു. വരാപ്പുഴ അതിരൂപത ആർച്ചുബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ സഹകാർമികനായി. മൂന്നാം ഭാഗം സീറോമലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പരിശുദ്ധ കുർബാനയോടെയാണ് ആരംഭിച്ചത്. വിശുദ്ധ കുർബാനയുടെ സമാപനത്തിൽ പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പ, പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ട് കർദിനാൾ ക്ലൗഡിയോ ഗുജ്ജ്റാത്തി, പ്രധാനമന്ത്രി നരേന്ദ്രമോദി, ഇന്ത്യയുടെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ലിയോ പോൾഡോ ജിറേലി എന്നിവരുടെ അനുശോചന സന്ദേശങ്ങൾ വായിച്ചു. തുടർന്ന് ഭൗതികദേഹം ലൂർദ് കത്തീഡ്രൽ അങ്കണത്തിലേക്ക് കൊണ്ടുവന്ന് സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ബഹുമതിയായ ഗാർഡ് ഓഫ് ഓണർ തൃശൂർ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ നൽകി. തുടർന്ന് കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് പള്ളിയിൽ ഭൗതികദേഹം പൊതുദർശനത്തിനു വച്ചു. മാനന്തവാടി, താമരശ്ശേരി രൂപതകളിലെ കുടിയേറ്റ ജനത പതിറ്റാണ്ടുകൾ തങ്ങളെ നയിച്ച ഇടയശ്രേഷ്ഠനെ ഒരുനോക്കു കാണാൻ ഇടമുറിയാതെ എത്തി.



സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ഗാർഡ് ഓഫ് ഓണർ ചടങ്ങ്



കോഴിക്കോട് ക്രിസ്തുദാസി ജനറലേറ്റിൽ പൊതുദർശനത്തിന് എത്തിച്ചപ്പോൾ

ദേവഗിരി പള്ളിയുടെ പ്രധാന ഗേറ്റിനു മുന്നിൽ തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, തൃശൂർ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, താമരശേരി ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, മാനന്തവാടി ബിഷപ്പ് മാർ ജോസ് പൊരുന്നേടം, മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലം തുടങ്ങിയവരുടെ നേതൃത്വത്തിൽ സ്വീകരിച്ച് വിലാപയാത്രയായാണ് പള്ളിയിലേക്ക് എത്തിച്ചത്.

കോഴിക്കോട് ആർച്ചുബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ, യാക്കോബായ സുറിയാനി സഭ കോഴിക്കോട് ഭദ്രാസന മെത്രാപ്പോലീത്ത ഐറേനിയോസ് മാർ പൗലോസ്, ഓർത്തഡോക്സ് സഭ മലബാർ ഭദ്രാസനമെത്രാപ്പോലീത്ത ഗീവർഗീസ് മാർ പക്കോമിയോസ്, കണ്ണൂർ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല, മാനന്തവാടി രൂപത വികാരി ജനറാൾ ഫാ. ജോസഫ് മുണ്ടോളിക്കൽ തുടങ്ങിയവർ അന്ത്യോപചാരമർപ്പിച്ച് പ്രാർത്ഥന നടത്തി. മാർ തൂങ്കുഴിയുടെ കുടുംബാംഗങ്ങളും അന്ത്യോപചാരമർപ്പിക്കാൻ എത്തിയിരുന്നു.

മുഖം നിറയെ പ്രസാദമുള്ള ആത്മീയാചാര്യൻ സർവ്വരുടെയും നിറസ്നേഹം ഏറ്റുവാങ്ങിയാണ് കോഴിക്കോട് കോട്ടൂളിയിലെ ക്രിസ്തുദാസി സന്യാസിനീസമൂഹത്തിന്റെ ജനറലേറ്റായ ഹോം ഓഫ് ലവ് ചാപ്പലിൽ പ്രത്യേകം തയ്യാറാക്കിയ കബറിടത്തിലേക്കു മടങ്ങിയത്.

# മാർ ജേക്കബ് തൂങ്കുഴി; പങ്കാളിത്ത അജപാലന നേതൃശൈലിയുടെ ആൾരൂപം: മേജർ ആർച്ചുബിഷപ്

കാലം ചെയ്ത തൃശൂർ അതിരൂപത മുൻ മെത്രാപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴി പങ്കാളിത്ത നേതൃശൈലിയുടെ ആൾരൂപമായിരുന്നുവെന്ന് സീറോമലബാർസഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. സഹപ്രവർത്തകരെ വിശ്വസിക്കുകയും അവരുടെ കഴിവുകളെ വിലമതിക്കുകയും തങ്ങളുടെ കഴിവുകൾ പുറത്തെടുക്കാൻ അവർക്കു ആത്മവിശ്വസം നൽകാനും സാധിച്ചിരുന്ന മികച്ച ആത്മീയ നേതാവായിരുന്നു മാർ ജേക്കബ് തൂങ്കുഴി പിതാവ്. മലബാറിന്റെ സമഗ്രപുരോഗതിക്കു, പ്രത്യേകിച്ച് കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകൾ ഉൾപ്പെടുന്ന മാനന്തവാടി രൂപതയ്ക്കും കോഴിക്കോട്, മലപ്പുറം ജില്ലകൾ ഉൾപ്പെട്ട താമരശേരി രൂപതയ്ക്കും അദ്ദേഹം നൽകിയ സംഭാവനകൾ നിസ്തുലമാണ്. കുടിയേറ്റ ജനതയുടെ ഒപ്പം നടന്ന് ജീവിതം കരുപ്പിടിപ്പിക്കാൻ അവരെ സഹായിച്ച നല്ല ഇടയനായിരുന്നു അദ്ദേഹം. തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത എന്നനിലയിൽ അതിരൂപതയുടെ സമഗ്രപുരോഗതിക്കും വിശ്വാസവളർച്ചയ്ക്കും വേണ്ടി മാർ ജേക്കബ് തൂങ്കുഴി പിതാവ് നൽകിയ നേതൃത്വം എന്നും ഓർമിക്കപ്പെടുന്നതാണ്. വൈദികപരിശീലനം ജീവിതഗന്ധിയാക്കി മാറ്റുന്നതിനും പ്രായോഗിക പരിശീലനത്തിന് പ്രാധാന്യം നൽകുന്നതിനും അദ്ദേഹം നടത്തിയ ശ്രമഫലമായിരുന്നു മേരിമാതാ മേജർ സെമിനാരി.

പരിചയപ്പെടുന്ന ഏതൊരാളിലും നന്മയുടെ അംശം കണ്ടെത്തുകയും അത് ഓർമ്മിച്ചുവച്ച് പറയുകയും ചെയ്യുന്ന വലിയ മനസ്സായിരുന്നു തൂങ്കുഴി പിതാവിന്റേത്. 2007 മുതൽ അദ്ദേഹം സഭാഭരണത്തിൽനിന്നും വിരമിച്ചെങ്കിലും, വിശ്രമജീവിതം എന്നത് വെറുമൊരു വിളിപ്പേരിൽ ഒതുക്കിക്കൊണ്ടായിരുന്നു ജീവിച്ചത്. എല്ലാകാര്യത്തിലും എല്ലായിടത്തും ഓടിയെത്തിയ പിതാവ് ജീവിതത്തിലുടനീളം തന്റെ പൗരോഹിത്യ ശുശ്രൂഷയെ സേവനംകൊണ്ടും സ്നേഹംകൊണ്ടും ലാളിത്യംകൊണ്ടും അന്വർത്ഥമാക്കിയിരുന്നു. ദൈവസ്നേഹത്തിന്റെ ജ്വലിക്കുന്ന പ്രതിഫലനമായി സുവിശേഷസന്ദേശം ജീവിതത്തിൽ പകർത്തിയ സൗമ്യസാന്നിധ്യമായിരുന്നു അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ്. പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്നുവെന്നും പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നുവെന്നും മാർ റാഫേൽ തട്ടിൽ പിതാവ് പറഞ്ഞു.

Syromalabar Vision (Private circulation only), Published by Major Archiepiscopal Curia, Mount St. Thomas, PB No 3110, Kakkanad P.O, Kochi - 682030, Kerala, India
E mail: syromalabarvision@gmail.com, Design & Print at Don Bosco Igact, Ernakulam